# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2021 ഡിസംബർ 2 | ദീപം 54 | നാളം 35 | Published from : PALA | പേജ് 20 | വില 6 രൂപ | www.deepanalam.org




# മണ്ണിന്റെ മാറിലെ പോരാട്ടവിജയം



സിൽജി ജെ. ടോം

കൃഷിയുടെയും കർഷകരുടെയും അന്തകനിയമങ്ങളെന്ന് ആക്ഷേപങ്ങളേറ്റുവാങ്ങിയ, കർഷകരെ കോർപ്പറേറ്റുകളുടെ പാവകളാക്കുന്ന വിവാദ കാർഷികനിയമങ്ങൾ പിൻവലിക്കണമെന്നാവശ്യപ്പെട്ട് ഇന്ത്യൻ കർഷകസമൂഹം നടത്തിയ ഐതിഹാസികപോരാട്ടത്തിനു ചരിത്രവിജയം. മഞ്ഞും വെയിലും മഴയും കൊവിഡും തീർത്ത പ്രതിസന്ധികളെ വകവയ്ക്കാതെ തെരുവിൽക്കിടന്നു പോരാടുന്ന കർഷകസമൂഹത്തിന്റെ നിശ്ചയദാർഢ്യത്തിനുമുന്നിൽ മുട്ടുകുത്തേണ്ടിവന്നത്, അധികാരത്തിന്റെ ഉരുക്കുമുഷ്ടികൊണ്ട് എതിർപ്പുകളെ അടിച്ചമർത്തിഭരിക്കാമെന്നഹങ്കരിച്ച നരേന്ദ്ര മോദി സർക്കാരിന്റെ ധാർഷ്ട്യത്തിനേറ്റ കനത്ത പ്രഹരമാണ്.

2020 സെപ്റ്റംബറിൽ കേന്ദ്രസർക്കാർ പാർലമെന്റിൽ പാസ്സാക്കിയ വിവാദനിയമങ്ങൾ പിൻവലിക്കണമെന്നാണ് കർഷകസംഘടനകളുടെ ആവശ്യം. കേന്ദ്ര ആഭ്യന്തരമന്ത്രിയടക്കമുള്ളവരുമായി ഉന്നതതലചർച്ചകൾ പലവട്ടം നടന്നെങ്കിലും കർഷകരുടെ ആവശ്യങ്ങൾക്കു വഴങ്ങാനില്ലെന്ന സർക്കാരിന്റെ പിടിവാശിക്കുമുന്നിൽ ചർച്ചകൾ പരാജയപ്പെടുകയായിരുന്നു. സമരക്കാരിൽ എഴുനൂറ്റമ്പതിലേറെപ്പേർ പല സന്ദർഭങ്ങളിലായി മരിച്ചുവീണപ്പോഴും, പോലീസിനെയും സൈന്യത്തെയും ഉപയോഗിച്ച് അടിച്ചമർത്താൻ ശ്രമിച്ചപ്പോഴും, സമരത്തിൽനിന്നു പിന്മാറില്ലെന്നു കർഷകർ തീരുമാനിച്ചതാണ് സ്വതന്ത്രേന്ത്യ കണ്ട ഏറ്റവും വലിയ പ്രക്ഷോഭത്തിന്റെ വിജയത്തിലേക്കു നയിച്ചതെന്നതു ശ്രദ്ധേയമാണ്.

നേരത്തേ, നിയമങ്ങൾ നടപ്പാക്കുന്നത് താത്കാലികമായി മാറ്റിവയ്ക്കാൻ സുപ്രീം കോടതി ഉത്തരവിട്ടിരുന്നെങ്കിലും സമരത്തിൽ പങ്കെടുത്ത കർഷകർ വിട്ടുവീഴ്ചയ്ക്കു തയ്യാറായിരുന്നില്ല. വൈകിയെങ്കിലും കർഷകവികാരം മനസ്സിലാക്കി, പുതിയ കാർഷികനിയമങ്ങൾ പിൻവലിക്കാൻ പ്രധാനമന്ത്രി തയ്യാറായത് സ്വാഗതാർഹമാണ്. കർഷകർ ഉന്നയിച്ച ആവശ്യങ്ങൾ അംഗീകരിക്കുന്നതായി ഗുരുനാനാക്ക് ജയന്തിദിനത്തിൽ പ്രധാനമന്ത്രിയുടെ പ്രഖ്യാപനം വന്നെങ്കിലും കർഷകർ സമരം തുടരുകയാണ്. പാർലമെന്റിൽ നിയമം റദ്ദാക്കുന്നതുവരെ സമരം തുടരുമെന്നാണ് സംയുക്ത കിസാൻ മോർച്ച നേതാവ് ടിക്കായത്ത് പ്രഖ്യാപിച്ചത്.

കർഷകരുടെ ഉത്പന്നങ്ങൾക്കു മികച്ച വില ഉറപ്പാക്കാനും ചൂഷണം ഒഴിവാക്കാനും സഹായിക്കുന്നതാണ് പുതിയ കാർഷികനിയമങ്ങൾ എന്നാണ് കേന്ദ്രസർക്കാർ അവകാശപ്പെട്ടത്. എന്നാൽ, കാർഷികമേഖലയെ കോർപ്പറേറ്റുകൾക്കു തീറെഴുതിക്കൊടുക്കാനാണ് പുതിയ നിയമങ്ങളെന്ന വ്യാപകവിമർശനങ്ങൾക്കിടെയാണ് കർഷകർ പ്രക്ഷോഭവുമായി തെരുവിലിറങ്ങിയത്.

കർഷകരുടെ ഉത്പന്നങ്ങളുടെ വില്പനയെ സംബന്ധിച്ചും, കരാർ കൃഷി നടത്തുന്നതിനെ സംബന്ധിച്ചുമുള്ള രണ്ടു പുതിയ ബില്ലുകളും (കാർഷികോത്പന്ന വ്യാപാര വാണിജ്യ ബിൽ, കർഷക ശക്തീകരണസംരക്ഷണ ബിൽ) ഇവയിലുൾപ്പെടുന്നുണ്ട്.

▶14

## യാത്രാക്കൂലിവർധന

# ഈ യാതനയ്ക്ക് അവസാനമില്ലേ?






ഡിജോ കാപ്പൻ

കെഎസ്ആർടിസി ടിക്കറ്റ് നിരക്ക് വർദ്ധിപ്പിക്കും. പിടിച്ചുനിൽക്കാൻ മറ്റു വഴികളില്ലെന്ന് ഗതാഗതമന്ത്രി ആന്റണി രാജു. വൈദ്യുതിനിരക്കു കൂട്ടാതെ പിടിച്ചുനിൽക്കാൻ മറ്റു വഴികളില്ലെന്ന് വൈദ്യുതിമന്ത്രി കെ. കൃഷ്ണൻകുട്ടി. പെട്രോൾ, ഡീസൽ സംസ്ഥാനനികുതി കുറയ്ക്കില്ല, സംസ്ഥാനത്തിനു പിടിച്ചുനിൽക്കാൻ മറ്റു വഴികളില്ലെന്ന് ധനമന്ത്രി ബാലഗോപാൽ. സിൽവർ ലൈൻ വേഗറെയിൽപ്പാതയ്ക്കു വിദേശവായ്പയായി കേരളം എടുക്കാൻ ഉദ്ദേശിക്കുന്ന 33700 കോടി രൂപയുടെ ബാധ്യത ഏറ്റെടുക്കില്ലെന്ന് കേന്ദ്ര റെയിൽവേ മന്ത്രാലയം കേരളത്തെ അറിയിച്ചതിനെത്തുടർന്ന് ഈ സാമ്പത്തികബാധ്യത ഏറ്റെടുക്കാൻ തയ്യാറാണെന്ന് സംസ്ഥാനസർക്കാർ കേന്ദ്രസർക്കാരിനെ അറിയിച്ചിരിക്കുന്നു. ദൈനംദിനച്ചെലവിന് മാസംതോറും പണം കടമെടുത്തു മുമ്പോട്ടുപോകുന്ന കേരളസർക്കാർ ഈ പദ്ധതയിൽനിന്നു പിന്മാറണമെന്ന് വിവിധ കോണുകളിൽനിന്നു ശബ്ദം ഉയരുമ്പോഴും എന്തുവന്നാലും വേഗറെയിൽപ്പാത ഉപേക്ഷിക്കില്ലെന്നു മുഖ്യമന്ത്രി. സംസ്ഥാനത്തിന്റെ ഇന്നത്തെ സാമ്പത്തികസ്ഥിതി വച്ചുകൊണ്ട് ഇത്ര വലിയൊരു പദ്ധതിക്കു പണം കണ്ടെത്താൻ കഴിയില്ല. സാധാരണ ആറു ശതമാനം പലിശയ്ക്കാണ് സർക്കാർ പണം കടമെടുക്കുന്നത്. കിട്ടാതായപ്പോൾ റിസർവ് ബാങ്കുവഴി പൊതുവിപണിയിൽനിന്ന് 7.06 ശതമാനം പലിശയ്ക്കാണു കടം വാങ്ങിക്കൂട്ടുന്നത്. വാർഷികവരുമാനത്തിന്റെ 18.35 ശതമാനം ഇപ്പോൾ പലിശ കൊടുക്കാനാണ് കേരളം ചെലവഴിക്കുന്നത്.

കെ റെയിൽ പദ്ധതിക്ക് 64000 കോടി രൂപയാണ് ചെലവു പ്രതീക്ഷിക്കുന്നതെന്ന് സംസ്ഥാന സർക്കാർ അവകാശപ്പെടുമ്പോൾ 1,33,000 കോടിയിൽപ്പരം രൂപ ആകുമെന്നാണ് ഈ രംഗത്തെ വിദഗ്ധരുടെ അഭിപ്രായം. 1998 ൽ 530 കോടി രൂപ ചെലവു പ്രതീക്ഷിച്ച് പ്രവർത്തനാനുമതി ലഭിച്ച പാതയുടെ എട്ടു കി.മീറ്റർ മാത്രമാണ് നാളിതുവരെ പണി തീർത്തിരിക്കുന്നത്. ശബരിപാതയുടെ അനുഭവം വച്ചാണെങ്കിൽ കെ റെയിൽ മൂന്നു ലക്ഷം കോടി കവിഞ്ഞാലും അദ്ഭുതപ്പെടാനില്ല.

കേരളത്തിൽ ട്രെയിൻഗതാഗതം ആവശ്യാനുസരണം ഇല്ലെന്നതു സത്യം. പക്ഷേ, ഈ പദ്ധതിക്കായി രൂപവത്കരിച്ചിരിക്കുന്ന കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ അവകാശപ്പെടുന്നതുപോലെ അര മണിക്കൂർ ഇടവിട്ട് കാസർഗോഡുനിന്ന് തിരുവനന്തപുരത്തേക്കും തിരിച്ചും സർവീസ് നടത്തുമെന്നതും ഈ ട്രെയിനിലെ യാത്രക്കാരുടെ എണ്ണത്തെക്കുറിച്ചും ഇതുവഴി ലഭിക്കുന്ന വരുമാനത്തെക്കുറിച്ചുമൊക്കെ അതിശയോക്തിപരമായ കണക്കുകൾ അവതരിപ്പിക്കുന്നതും യാത്രക്കാരുടെ താത്പര്യമാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

▶16

# ദിഗന്തങ്ങളിൽ മുഴങ്ങിയ ഇടയശബ്ദം



**മാർ ജോസഫ് കല്ലറങ്ങാട്ട്**

**പാലാ രൂപതയുടെ പ്രഥമാധ്യക്ഷൻ ഭാഗ്യസ്മരണാർഹനായ മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിയുടെ 35-ാം ചരമവാർഷികദിനമായ നവംബർ 21 ന് പാലാ കത്തീഡ്രൽ പള്ളിയിൽ വിശുദ്ധകുർബാനമധ്യേ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് നടത്തിയ അനുസ്മരണപ്രസംഗത്തിൽനിന്ന്.**

പാലാ രൂപതയുടെ ശില്പിയും പ്രഥമാധ്യക്ഷനുമായിരുന്ന ഭാഗ്യസ്മരണാർഹനായ മാർ സെബാസ്റ്റ്യൻ വയലിൽപ്പിതാവിന്റെ സ്വർഗപ്രവേശനത്തിന്റെ 35-ാം വർഷത്തിലാണു നമ്മൾ. പള്ളിക്കൂദാശക്കാലത്തിന്റെ സമാപനസമയത്ത്, തോമാശ്ലീഹായുടെ ഭാരതപ്രവേശനത്തിന്റെ ഈ ഓർമദിനത്തിൽ, തോമായുടെ സിംഹാസനത്തിരുനാൾ - 'കുർസിയാ ദ് തോമ്മാ' ആചരിക്കുന്ന ഈ ദിനത്തിൽ, നമ്മുടെ വലിയ പിതാവിന്റെ ഓർമ നമ്മെ സംബന്ധിച്ച് ഏറ്റവും ഭാഗ്യപ്പെട്ട കാര്യമാണ്.

30 വർഷങ്ങളിലെ മേലധ്യക്ഷശുശ്രൂഷ സംഭവബഹുലമായിരുന്നു. Dominus Illuminatio Mea - 'ദോമിനൂസ് ഇലുമിനാസിയോ മെയാ' (സങ്കീ. 43:3) എന്ന തിരുവചനം ആദർശവാക്യമായി അഭിവന്ദ്യപിതാവു സ്വീകരിച്ചു. അതിന്റെ മറ്റൊരു രൂപമാണ് 'സാന്ത്വനപ്രകാശമേ നയിച്ചാലും.' പിതാവു നമ്മുടെ രൂപതയ്ക്ക് സമഗ്രസ്വഭാവമുള്ള നേതൃത്വം നല്കി. പാലായുടെ ഹൃദയത്തിൽ എഴുതിച്ചേർത്തിരിക്കുന്ന ആ ശ്രേഷ്ഠനാമം സ്വർഗത്തിലും എഴുതപ്പെട്ടിരിക്കുന്നു. 'scripta est in caelis' - 'സ്ക്രിപ്ത എസ്ത് ഇൻ ചേലിസ്' - എന്നു നാം ഉറച്ചുവിശ്വസിക്കുകയാണ്.

തൃശിനാപ്പള്ളി സെന്റ് ജോസഫ് കോളജിലും ചങ്ങനാശേരി സെന്റ് ബെർക്കുമാൻസിലും തിരുവനന്തപുരം മഹാരാജാസിലുമായി പഠനം പൂർത്തിയാക്കിയ ശേഷം പിതാവു മംഗലപ്പുഴ സെമിനാരിയിൽ വൈദികപരിശീലനത്തിനായി ചേരുകയായിരുന്നു. 1950 നവംബർ 9 ന് റോമിൽവച്ച് അഭിവന്ദ്യ കാർഡിനൽ ടിസറന്റിന്റെ കൈവയ്പുവഴി മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. റോമിലെ സെന്റ് തെരേസാസ് ദൈവാലയത്തിൽവച്ചായിരുന്നു അഭിഷേകകർമ്മം. കൊല്ലം മെത്രാൻ ഡോ. ജറോം ഫെർണാണ്ടസും കോട്ടയം രൂപത മെത്രാൻ മാർ തോമസ് തറയിലും സഹകാർമികരായിരുന്നു. വയലിൽ തിരുമേനിയും കാവുകാട്ടു തിരുമേനിയും ഒന്നിച്ചാണു റോമിൽവച്ച് അഭിഷിക്തരാകുന്നത്. നാട്ടിൽ മടങ്ങിയെത്തി ആഘോഷപൂർവമായ വരവേല്പു സ്വീകരിച്ച് മറുപടി നൽകിയപ്പോൾ വയലിൽപ്പിതാവു പറഞ്ഞു: "ചങ്ങനാശേരി രണ്ടായി വിഭജിക്കപ്പെട്ടുവെങ്കിലും രൂപതാംഗങ്ങളായ നമ്മുടെ ഹൃദയം ഒരിക്കലും വിഭജിക്കപ്പെട്ടിട്ടില്ല."

1951 ജനുവരി 4 ന് പാലാ രൂപതാഭരണം ഏറ്റെടുത്തു. 1966 ൽ അമേരിക്കയിലെ ഡിപോൾ സർവകലാശാല ഡോക്ടർ ബിരുദം നല്കി വയലിൽപ്പിതാവിനെ ആദരിച്ചു. 1960, 1966, 1976 എന്നീ വർഷങ്ങളിൽ റോമിൽ ആദ്ലിമിന സന്ദർശനം നടത്തി. 1969 ൽ റോമിലെ അസാധാരണ സിനഡിൽ സംബന്ധിച്ചു. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ എല്ലാ സമ്മേളനങ്ങളിലും പൂർണമായും പങ്കെടുത്തു. 1976 ൽ ഫിലാഡെൽഫിയായിൽവച്ചു നടന്ന അന്തർദേശീയ ദിവ്യകാരുണ്യ കോൺഗ്രസിൽ സംബന്ധിച്ചു. 1981 മാർച്ച് 23 ന് രൂപതാഭരണത്തിൽ നിന്നു വിരമിച്ചു. 1986 നവംബർ 21 ന് നിത്യസമ്മാനത്തിനായി പിതാവു വിളിക്കപ്പെട്ടു.

വയലിൽപ്പിതാവിന്റെ ക്രാന്തദർശിത്വത്തിന്റെ വിശിഷ്ടാവശിഷ്ടങ്ങളാണ് ഇന്നു പാലാ രൂപതയിലെങ്ങും ദൃശ്യമാകുന്നത്. 30 വർഷത്തെ നേതൃത്വശുശ്രൂഷ രൂപതയെ ബലവത്തായ അടിത്തറയിൽ പണിതുയർത്തിയെന്നു മാത്രമല്ല, മുന്നോട്ടുള്ള യാത്രയിൽ വ്യക്തമായ ദിശാബോധം നല്കുകയും ചെയ്തു. കുലീനതയ്ക്ക് അതിരുകളില്ലെന്നു തെളിയിച്ച ശ്രേഷ്ഠാചാര്യശുശ്രൂഷയുടെ സംഭവബഹുലമായ മൂന്നു പതിറ്റാണ്ടുകളായിരുന്നു അത്.

സാന്ത്വനപ്രകാശം ഉള്ളിൽ അനുഭവിച്ചറിഞ്ഞ ദൈവികനിറവ് പിതാവിന്റെ ചിന്താമണ്ഡലത്തെ കൂടുതൽ വിശാലമാക്കിയിരുന്നു. ഉൾക്കാഴ്ചകളും അകലക്കാഴ്ചകളുംകൊണ്ടു നിറഞ്ഞ കലവറയായിരുന്നു പിതാവിന്റെ ബുദ്ധിയും ഹൃദയവും മനസ്സും. ആ മനസ്സിന്റെ അനശ്വരപ്രദർശനമാണ് നാമിന്ന് ഈ രൂപതയിലാകമാനം കാണുന്നത്. കുറിച്ചതെല്ലാം മൗലികതയുള്ള വീക്ഷണങ്ങളായിരുന്നു. നിരവധിയായ പ്രഭാഷണങ്ങളും 172 പ്രൗഢങ്ങളായ ഇടയലേഖനങ്ങളും മറ്റനേകം സർക്കുലറുകളും 'നിന്റെ വഴികൾ എത്ര സുന്ദരം!' എന്ന പേരിലുള്ള ആത്മകഥയുമെല്ലാം അതിന്റെ മകുടോദാഹരണങ്ങളാണ്. പദസ്വാധീനവും ആശയസംപുഷ്ടിയും പ്രത്യേകതകളായിരുന്നു. പിതാവിന്റെ ഇടയലേഖനങ്ങളും പ്രസംഗങ്ങളും വാസ്തവത്തിൽ ഗദ്യകവിതകൾതന്നെയാണ്. അഗാധമായ പാണ്ഡിത്യവും സ്വതഃസിദ്ധമായ രചനാസൗഷ്ഠവവും പിതാവിന്റെ വ്യക്തിത്വത്തിന്റെ പ്രത്യേകതകളായിരുന്നു. പിതാവിന്റെ ഗാംഭീര്യമുള്ള ശബ്ദം മുഴങ്ങാത്ത പൊതുവേദികൾ പാലായിൽ ഇല്ലായിരുന്നു. കട്ടക്കയം ചെറിയാൻ മാപ്പിള, കട്ടക്കയം അബ്രാഹം മല്പാൻ, പാറേമ്മാക്കൽ ഗോവർണദോർ, നിധീരിക്കൽ മാണിയച്ചൻ, അന്ത്രയോസ് മല്പാൻ, കുടക്കച്ചിറ അന്തോണി കത്തനാർ, അൽഫോൻസാമ്മ, വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ, കദളിക്കാട്ടിൽ മത്തായിയച്ചൻ, സി. ബെനീഞ്ഞ തുടങ്ങിയവരെയൊക്കെ പിതാവ് തൂലികയിലൂടെ പുറത്തുകൊണ്ടുവന്നപ്പോഴെല്ലാം അവ അനശ്വരകവിതകൾപോലെ നിലകൊണ്ടു.



പിതാവിന്റെ മുൻഗണനകളിൽ ഏറ്റവും പ്രധാനപ്പെട്ടത് തന്റെ അജഗണങ്ങളുടെ ആത്മീയവളർച്ചയായിരുന്നു. ഇക്കാര്യത്തിൽ വ്യക്തമായ കാഴ്ചപ്പാടുകളോടുകൂടിയ ആസൂത്രണങ്ങളും ഓരോ രംഗത്തും ചിട്ടയോടുകൂടിയുള്ള പ്രായോഗികപരിപാടികളും ഉറപ്പുവരുത്താൻ കഴിഞ്ഞുവെന്നതാണ് വയലിൽപ്പിതാവിന്റെ പ്രത്യേകത. വിശ്വാസസംബന്ധമായ വിഷയങ്ങളിൽ വളർന്നുവരുന്ന തലമുറ അവഗാഹം നേടണമെന്നുള്ള നിർബന്ധത്തിൽ വിശ്വാസരഹസ്യങ്ങളുടെ പഠനത്തിനായി ചിട്ടയായ വിശ്വാസപരിശീലനക്ലാസ്സുകൾക്കു സംവിധാനമുണ്ടാക്കി. സമർത്ഥരായ അല്മായരുടെ ഒരു നിര മതബോധനരംഗത്തേക്കു കടന്നുവന്നു. കുട്ടികളുടെ കഴിവുകൾ കണക്കിലെടുത്ത് ഓരോ ക്ലാസിലേക്കും വേണ്ട പാഠപുസ്തകങ്ങൾ രൂപപ്പെടുത്തി. കുട്ടികൾ, യുവജനങ്ങൾ, മുതിർന്നവർ ഇവർക്കൊക്കെ സംഘാതമായി പ്രവർത്തിക്കാനുള്ള വിവിധ ഭക്തസംഘടനകൾ ഇടവകതലങ്ങളിൽ എല്ലായിടത്തും രൂപവത്കരിച്ചു.

വി. കുർബാനയെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു ആധ്യാത്മികജീവിതത്തിന്റെ ശൈലിയിൽ വയലിൽപ്പിതാവ് മക്കളെ ഒരുക്കി. അതിനായി ക്രമമായി ഇടവകകളിൽ ഇടയനടുത്ത സന്ദർശനം നടത്തിക്കൊണ്ടിരുന്നു. ഹൃദയാവർജ്ജകവും ഭക്തിദ്യോതകവുമായ രീതിയിൽ തിരുക്കർമങ്ങൾ അനുഷ്ഠിച്ചു. ലളിതകോമളങ്ങളായ പദങ്ങൾ എല്ലായിടങ്ങളിലും പ്രയോഗിച്ചു. വണ്ടിക്കാരും വള്ളക്കാരും കർഷകരും ഉദ്യോഗസ്ഥരും കച്ചവടക്കാരുമെല്ലാം പിതാവിന്റെ ചില ഭാഷാപ്രയോഗശൈലികൾ വർത്തമാനസംഭാഷണവിഷയമാക്കിക്കൊണ്ടിരുന്നു.

പ്രഭാഷണകലയുടെ കുലപതിയായിരുന്നു വയലിൽത്തിരുമേനി. ഉത്തമനും സത്തമനും സുസമ്മതനുമായ മേലധ്യക്ഷൻ എന്ന് എല്ലാവരും പിതാവിനെക്കുറിച്ച് പറയുന്നു. വിശുദ്ധിയും സ്നേഹവും പ്രാർത്ഥനാചൈതന്യവുമുള്ള കുടുംബങ്ങളായിരുന്നു പിതാവിന്റെ ലക്ഷ്യം. കുടുംബങ്ങളെപ്പറ്റിയും കുടുംബത്തിന്റെ മുൻഗണനകളെപ്പറ്റിയും പിതാവ് ഇപ്രകാരമെഴുതി: "മാതാപിതാക്കൾക്ക് ശിശുക്കളെക്കാൾ വിലയേറിയ എന്തു സ്വത്താണുള്ളത്? ശിശുക്കൾ നമ്മുടെ അമൂല്യനിധികളാണ്. രാജ്യത്തിന്റെയും സമുദായത്തിന്റെയും ഭാവിഭാഗധേയം അവരെയാണ് ആശ്രയിച്ചിരിക്കുന്നത്. ശിശുക്കൾ ദൈവത്തിന്റെ സ്നേഹഭാജനങ്ങളും മിശിഹായുടെ രക്തത്തോളം വിലയുള്ളതുമാണ്."

നമ്മൾ കുടുംബവർഷത്തിലാണ്. മാർ യൗസേപ്പിന്റെ വർഷത്തിലാണ്. ജീവിതത്തിന്റെ പ്രഥമവും അടിസ്ഥാനപരവുമായ പാഠങ്ങൾ പഠിക്കാനുള്ള സ്കൂൾ കുടുംബവും അവിടുത്തെ അധ്യാപകർ മാതാപിതാക്കളുമത്രേ എന്നതായിരുന്നു പിതാവിന്റെ ആപ്തവാക്യം. പരിശുദ്ധ മദ്ബഹയിലേക്കുള്ള പുഷ്പങ്ങൾ ശേഖരിക്കുവാനുള്ള തോട്ടങ്ങൾ യഥാർത്ഥത്തിൽ കത്തോലിക്കാക്കുടുംബങ്ങളാണെന്ന് പിതാവ് നിരന്തരം പഠിപ്പിച്ചുകൊണ്ടിരുന്നു.

പാലാ സെന്റ് തോമസ് സ്കൂളിലെ അധ്യാപകനും ഹെഡ്മാസ്റ്ററുമായി പ്രവർത്തിക്കുമ്പോൾത്തന്നെ പാലായിലൊരു കോളജ് കിഴക്കൻപ്രദേശത്തെ ജനങ്ങളുടെ പുരോഗതിക്ക് ആവശ്യമാണെന്നു മനസ്സിലാക്കി പ്രവർത്തനം തുടങ്ങി. കോളജിനുവേണ്ടി രൂപീകൃതമായിരുന്ന കമ്മിറ്റിയുടെ പ്രസിഡന്റ് പിതാവായിരുന്നു. ആ പ്രവർത്തനങ്ങൾ അതിന്റെ വിജയത്തിലേക്ക് എത്തുമ്പോൾത്തന്നെയാണ് പാലാ രൂപത ഉണ്ടാകുന്നതും പിതാവ് രൂപതയെ നയിക്കാൻ നിയുക്തനാകുന്നതും. ഇന്നത്തെ പാലാ രൂപതയിലുള്ള സ്കൂളുകളിൽ ഭൂരിഭാഗവും പിതാവിന്റെ നിർദ്ദേശാനുസരണത്തിലും പ്രോത്സാഹനത്തിലും രൂപംകൊണ്ടതാണ്.

സെന്റ് ബർണാർഡിന്റെ മനോഹരമായ ഒരു വാക്യമുണ്ട്: ante et retro oculata - ആന്തേ എത്ത് റേത്രോ ഒക്കുളാത്താ- അതിങ്ങനെയാണ്; മുൻപോട്ടും പിറകോട്ടും നോക്കി നമ്മൾ പ്രവർത്തിക്കുമ്പോഴാണ് സമഗ്രമായ നേതൃത്വം കൊടുക്കുവാൻ കഴിയുന്നത്. അൽഫോൻസാ കോളജും ബി.എഡ്. കോളജും പിന്നീട്, കുറവിലങ്ങാട്, അരുവിത്തുറ തുടങ്ങിയ കോളജുകളുമെല്ലാം പിതാവ് ഈ നോട്ടം നോക്കിയതിന്റെ ഫലമാണ്. അധ്യാപകനിയമനം, മാനേജുമെന്റും അധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള ബന്ധം തുടങ്ങിയ കാര്യങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത മൂല്യാധിഷ്ഠിതസമീപനം കൈക്കൊള്ളുകയും തത്ഫലമായി വ്യക്തമായ ഒരു വഴി ഇന്നും തെളിഞ്ഞുതന്നെ നിൽക്കുകയും ചെയ്യുന്നു എന്നതിൽ നമുക്ക് അഭിമാനിക്കുകയും ചെയ്യാം.

വിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കുന്നവരെക്കുറിച്ച് പിതാവു പറഞ്ഞത് ഇതാണ്: "അധ്യാപകർ നിർവഹിക്കുന്നത് അതിപാവനമായ പ്രേഷിതശുശ്രൂഷയാണ്. വിദ്യാലയങ്ങളിൽ പാവനമായ ഒരു അന്തരീക്ഷം പരിരക്ഷിക്കുന്നതിനുള്ള കടമ അവരിൽ നിക്ഷിപ്തമാണ്.

ശേഷം 5-ാം പേജിൽ

# നായകസങ്കല്പം അപനിർമിക്കപ്പെടുമ്പോൾ



ടോം ജോസ്

അഭ്രപാളിയുടെ തിരക്കാഴ്ചകൾക്കു പുറത്തേക്കു വളരുന്ന നായകപാത്രനിർമിതികളാൽ സമ്പന്നമായിരുന്നു തൊണ്ണൂറുകളിലെ മലയാളചലച്ചിത്രങ്ങൾ. നായകൻ അതിമാനുഷനും ശാരീരിക അഴകളവുകളെയും സൗന്ദര്യസങ്കല്പങ്ങളെയും സംബന്ധിച്ച, നിർമിതമായ ഫോർമുലകളെ തൃപ്തിപ്പെടുത്തുന്നവനും ആകണമെന്നുള്ള ഒരു ചട്ടക്കൂടിനെ നിർമിക്കുന്നതിന് അക്കാലത്തെ മലയാളചലച്ചിത്രങ്ങൾക്കു സാധിച്ചിരുന്നു.

സ്ഫുടമായതും വടിവൊത്തതുമായ ഭാഷയിൽ ഉരുളയ്ക്കുപ്പേരിപോലെ സംസാരിക്കുന്ന നായകകഥാപാത്രങ്ങൾ ജനപ്രീതി നേടിയെടുത്തതും ചലച്ചിത്രങ്ങളുടെ വിപണനസാധ്യതകളെ വർദ്ധിപ്പിച്ചതും നായകനെ രംഗത്തവതരിപ്പിച്ച അഭിനേതാക്കളെ സിനിമയ്ക്കു പുറത്തേക്കു വളർന്നുനില്ക്കുന്ന താരങ്ങളാക്കുന്നതിൽ നിർണായകപങ്കുവഹിച്ചിട്ടുണ്ട്. കഥാപ്രമേയത്തെയും ഇതരകഥാപാത്രങ്ങളെയും താരങ്ങളുടെ ഇമേജിനെ പരിഗണിച്ചു വലിച്ചുനീട്ടുകയും ആറ്റിക്കുറുക്കുകയും ചെയ്ത അത്തരം ചലച്ചിത്രങ്ങൾ വിപണിമൂല്യമുള്ളവയായിരുന്നു എന്നതും ശ്രദ്ധേയമാണ്. അത്തരം ചലച്ചിത്രങ്ങളിൽ പക്ഷേ, നായകേതര പാത്രസൃഷ്ടികൾ സ്വാഭാവികവളർച്ച നഷ്ടപ്പെട്ടു മുരടിച്ച 'ബോൺസായി' ചെടികൾപോലെ കാണപ്പെട്ടപ്പോൾ നായകകഥാപാത്രങ്ങൾ ചെറിയ ഉടലും വലിയ തലയുമുള്ള കാർട്ടൂൺ കഥാപാത്രങ്ങളെപ്പോലെ വികൃതമാക്കപ്പെട്ടു. കായബലവും സൗന്ദര്യവും വാക്ചാതുരിയുമുള്ള നന്മമരമായ നായകനും നായകന്റെ ഉപഗ്രഹങ്ങളായ കോമഡികഥാപാത്രങ്ങളും നായകനു പ്രണയിക്കുവാനൊരു നായികയും എന്ന വാണിജ്യ കോംബോ നായകൻ എന്ന സങ്കല്പത്തെ രൂപപ്പെടുത്തുന്നതിൽ വഹിച്ച പങ്ക് വലുതാണ്.

സാമൂഹികതിന്മകളോടു ധീരമായി പടപൊരുതുകയും വ്യവസ്ഥിതിയെത്തന്നെ തകിടം മറിക്കുകയും ചെയ്യുന്ന ഇത്തരം നായകന്മാർ പക്ഷേ, അങ്ങേയറ്റം സാമൂഹികവിരുദ്ധമനോഭാവത്തെ പേറുന്നവരായിരുന്നു. നായകൻ ചെയ്തു എന്നതിനാലും ആൾക്കൂട്ടത്തെ തൃപ്തിപ്പെടുത്തുന്നു എന്നതിനാലും ഇത്തരം വികലമനോഭാവങ്ങൾ പലപ്പോഴും ആഘോഷിക്കപ്പെടുകയാണു ചെയ്തത്. 'കന്മദ'ത്തിലെ വിശ്വനാഥന്റെയും 'ദി കിംഗിലെ' ജോസഫ് അലക്സിന്റെയും സ്ത്രീവിരുദ്ധചെയ്തികൾ ഇന്നും ആഘോഷിക്കപ്പെടുന്നത് അവർ നായകകഥാപാത്രങ്ങളാണ് എന്നതിനാലാണ്. നായകപാത്രങ്ങളുടെ ചെയ്തികളാകയാൽ ഇത്തരം കോയ്മബോധങ്ങൾ സാമാന്യവത്കരിക്കപ്പെടുകയും നൈതികമാനങ്ങൾ കല്പിക്കപ്പെടുകയും ചെയ്തു. എന്നാൽ, ഇത്തരം നായകകഥാപാത്രസൃഷ്ടികളെ ജനപ്രിയമാക്കുന്നതിൽ ഉള്ളടങ്ങിയ ആണഹന്തയെയും സ്ത്രീവിരുദ്ധതയെയും ജാതീയതയെയും വരേണ്യഫ്യൂഡൽ മനോഭാവങ്ങളെയും ചെറുക്കുന്നതിലും വിമർശനവിധേയമാക്കുന്നതിലും ചലച്ചിത്രനിരൂപകർക്കു വേണ്ടത്ര വിജയിക്കാനായോ എന്നതു തർക്കവിഷയമാണ്. അതുകൊണ്ടുതന്നെ ഇത്തരം മാനവികവിരുദ്ധമായ നായകസ്വഭാവങ്ങൾക്കു ഹീറോയിക് പരിവേഷം ലഭിക്കുകയും ചെയ്തു. കേന്ദ്രകഥാപാത്രത്തെ അവതരിപ്പിക്കുന്ന അഭിനേതാക്കളെ വിപണിമൂല്യമുള്ള താരമാക്കി രൂപപ്പെടുത്തുന്നതിലും ഇത്തരം ഹിംസാത്മക സ്വഭാവസവിശേഷതകൾ കാരണമായി.



പാതിരാത്രിക്കു മദ്യപിച്ച് വീട്ടിലെത്തുമ്പോൾ കാലുമടക്കി തൊഴിക്കാനും തന്റെ കുഞ്ഞുങ്ങളെ പ്രസവിക്കാനും ഒരു പെണ്ണിനെ വേണം എന്നു പറയുന്ന നായകനെ കരഘോഷങ്ങളോടെ ആരാധകവൃന്ദം ഏറ്റെടുക്കുന്നത്, അതു പറയുന്നത് താരമായി മാറിയ നായകനാണ് എന്ന ഒറ്റക്കാരണത്താലാണ്. സ്ഥാപിത സംസ്കാരത്തിലെ അൺഫാന്റസികളെ തൃപ്തിപ്പെടുത്തി കച്ചവടലാഭം ഉണ്ടാക്കുകയെന്ന ലക്ഷ്യത്തോടെ നിർമിക്കപ്പെടുന്ന ഇത്തരം ഡയലോഗുകളുടെ പിന്നിൽ പ്രവർത്തിക്കുന്ന സ്ത്രീവിരുദ്ധത പലപ്പോഴും വിസ്മരിക്കപ്പെടുന്നു. 'മറന്നും പൊറുത്തും കഴിയാൻ ഞാൻ ശൂദ്രനോ വൈശ്യനോ അല്ല എന്നും മന്നാടിയാർ ക്ഷത്രിയനാണ്' എന്നും പറയുന്ന നരസിംഹമന്നാടിയാർമാർ തിയേറ്ററിൽ കൈയടികൾ നേടിയെടുക്കുന്നതിനു പിന്നിൽ ഭാരതചരിത്രത്തിൽ ദീർഘകാലം നിലനിന്ന ജാതി എന്ന വൈകൃതത്തിന്റെ വേരുകൾ ആഴത്തിൽ പതിഞ്ഞിട്ടുണ്ട് എന്നതിൽ സംശയമില്ല. കിടന്നുറങ്ങുന്ന നായികയെ നോക്കി 'ഞാനൊരു റേപ്പങ്ങു വച്ചുതരട്ടെ' എന്നു ചോദിക്കുന്ന മീശമാധവന്മാരും ഞാനൊന്ന് അറിഞ്ഞു ശ്രമിച്ചാൽ പിന്നെ പത്തു മാസം കഴിഞ്ഞേ നീയൊക്കെ ഫ്രീയാകൂ എന്നു നായികയുടെ മുഖത്തു നോക്കി വഷളത്തം വിസർജിക്കുന്ന ശ്യാം ബാലഗോപാലുമൊക്കെ ചേർത്തു രൂപപ്പെടുത്തിയ നായകസങ്കല്പമാണ് ഏറെക്കാലം മലയാളചലച്ചിത്രലോകത്തെ അടക്കിവാണത്.

വർത്തമാനകാലനായകപാത്രനിർമിതികളിലും ഇത്തരത്തിൽ ഹിംസാത്മകമായ സ്വഭാവസവിശേഷതകൾ കാണാമെങ്കിലും 'നായകൻ' എന്ന സങ്കല്പത്തിനു ശുഭകരമായ ചില മാറ്റങ്ങൾ വന്നിട്ടുള്ളതായി കാണാം. നായകശരീരത്തെ സംബന്ധിച്ച് നിലവിലിരുന്ന വീക്ഷണങ്ങളിൽ കാര്യമായ മാറ്റങ്ങൾ സംഭവിച്ചിട്ടില്ലെങ്കിലും ചില പൊളിച്ചെഴുത്തുകൾക്കുള്ള ശ്രമങ്ങളുണ്ടാകുന്നുണ്ട്. 'കുടക്കമ്പി' എന്നു പരിഹസിക്കപ്പെടുകയും ബോഡി ഷെയിമിങ്ങിലൂടെ സൃഷ്ടിക്കപ്പെടുന്ന അരോചകതമാശകൾക്കു നിരന്തരം വിധേയനാകുകയും ചെയ്തിരുന്ന ഇന്ദ്രൻസ് എന്ന നടൻ തന്റെ ശരീരത്തെ അപനിർമിക്കുന്ന കാഴ്ച 'ഒലിവർ ട്വിസ്റ്റ്' എന്ന കഥാപാത്രത്തിന്റെ സൃഷ്ടിയിൽ കാണാനാകും. കഷണ്ടിയുള്ള തല നായകോചിതമല്ലെന്നുള്ള ധാരണയ്ക്ക് ഭരത്ഗോപിക്കുശേഷം ഒരു വിചിന്തനമുണ്ടാകുന്നത് ഫഹദ് ഫാസിലിന്റെ കടന്നുവരവോടെയാണ്. ശരീരസംബന്ധമായ സൗന്ദര്യസങ്കല്പങ്ങളെ തിരുത്താനുള്ള ശ്രമം അഷ്റഫ് ഹംസയുടെ തമാശ എന്ന ചിത്രത്തിലും ആഷിക് അബുവിന്റെ 'ടാ തടിയാ' യിലും കാണാം. തൊട്ടപ്പൻ, ഇ.മ.യൗ. തുടങ്ങിയ ചിത്രങ്ങളിലൂടെ 'നായകൻ' എന്ന വാർപ്പുമാതൃകയെ വിനായകനിലൂടെ തിരുത്തുന്നതു കാണാം. സ്ത്രീകഥാപാത്രങ്ങൾ കേന്ദ്രകഥാപാത്രങ്ങളായി നിരവധി ചിത്രങ്ങൾ സമീപകാലത്ത് പുറത്തിറങ്ങിയതും ഈ നായകസങ്കല്പത്തെ തകർക്കാൻ ഉപകരിക്കുന്നവയാണ്. 'മഞ്ജുവാര്യരെ ലേഡി സൂപ്പർസ്റ്റാർ പദവിയിലേക്കുയർത്തിയ 'ഉദാഹരണം സുജാത', 'ഹൗ ഓൾഡ് ആർ യു', 'പ്രതി പൂവൻകോഴി', 'റാണി പത്മിനി' തുടങ്ങിയ ചിത്രങ്ങൾ ഉദാഹരണമാണ്. അന്ന ബെൻ കേന്ദ്രകഥാപാത്രമാകുന്ന 'ഹെലൻ', 'കപ്പേള', 'സാറാസ്' തുടങ്ങിയ ചിത്രങ്ങൾ, രജീഷാ വിജയൻ കേന്ദ്രകഥാപാത്രത്തെ അവതരിപ്പിക്കുന്ന 'ജൂൺ', 'ഫോ, ഫോ', 'സ്റ്റാൻഡ് അപ്' തുടങ്ങിയവയൊക്കെ നായകസങ്കല്പത്തെ സംബന്ധിച്ച ധാരണകളെ തിരുത്തിയ സമീപകാലചലച്ചിത്രങ്ങളാണ്. അതിനുപുറമേ ലൈംഗികന്യൂനപക്ഷവിഭാഗത്തിൽ ഉൾപ്പെട്ട കഥാപാത്രങ്ങളെ കേന്ദ്രകഥാപാത്രങ്ങളാക്കുന്ന (രഞ്ജിത്ത് ശങ്കറിന്റെ 'ഞാൻ മേരിക്കുട്ടി') ചലച്ചിത്രങ്ങളുടെ കടന്നുവരവും നായകശരീരത്തെ സംബന്ധിച്ച ധാരണകൾക്ക് ഇളക്കം തട്ടിച്ചിട്ടുണ്ട്. ഹാസ്യകഥാപാത്രങ്ങളിൽനിന്ന് സ്വഭാവനടനിലേക്കു കൂടുമാറിയ സുരാജ് വെഞ്ഞാറമ്മൂട് കേന്ദ്രകഥാപാത്രത്തെ അവതരിപ്പിച്ച 'വികൃതി', 'ആൻഡ്രോയ്ഡ് കുഞ്ഞപ്പൻ', തൊണ്ടിമുതലും ദൃക്സാക്ഷിയും', 'കാണെക്കാണെ' തുടങ്ങിയ ചിത്രങ്ങളും സൗബിൻ സാഹിർ കേന്ദ്രകഥാപാത്രത്തെ അവതരിപ്പിച്ച 'സുഡാനി ഫ്രം നൈജീരിയ' 'അമ്പിളി' തുടങ്ങിയ ചിത്രങ്ങളും നായകസങ്കല്പത്തെ അപനിർമിച്ച ചിത്രങ്ങളാണ്. കേവലം ഒറ്റക്കഥാപാത്രത്തെ കേന്ദ്രീകരിച്ചു വികസിക്കുന്ന കഥാതന്തു എന്ന പതിവിനു വിപരീതമായി ഓരോ പാത്രസൃഷ്ടിക്കും തനതായ വ്യക്തിത്വം നൽകി തിരക്കഥയെ ശക്തിപ്പെടുത്തുന്ന രീതിയും സമീപകാല മലയാളചലച്ചിത്രങ്ങളിൽ ദൃശ്യമാണ്. നായകസങ്കല്പത്തിന്റെ തകർച്ചയ്ക്ക് ഇതും കാരണമായിട്ടുണ്ട്. 'കുമ്പളങ്ങി നൈറ്റ്സ്', 'ജെല്ലിക്കെട്ട്', 'ആമ്മേൻ' തുടങ്ങിയവ മികച്ച നിദർശനങ്ങളാണ്. സർവഗുണസമ്പന്നനായ നായകനുപകരം മാനുഷികബലഹീനതകളും ന്യൂനതകളുമുള്ള നായകനെ 'ജോജി', 'തൊണ്ടിമുതലും ദൃക്സാക്ഷിയും' തുടങ്ങിയ ചിത്രങ്ങൾ കാട്ടിത്തരുന്നു.

അങ്ങനെ, കേന്ദ്രകഥാപാത്രവും അതിനെ ചുറ്റിപ്പറ്റി വികസിക്കുന്ന പ്രമേയവും എന്നതിൽനിന്ന് ആഴവും വ്യക്തിത്വവുമുള്ള കഥാപാത്രങ്ങളും കാമ്പുള്ള കഥകളും സമീപകാലത്തായി വർദ്ധിച്ചുവരുന്നു എന്നത് ശുഭകരമാണ്. സ്ത്രീവിരുദ്ധതയും ജാതീയതയും ജന്മിത്ത ഫ്യൂഡൽ മനോഭാവവുമുള്ള വരേണ്യനായകസങ്കല്പത്തിന്റെ തകർച്ച കാലഘട്ടത്തിന്റെ അനിവാര്യതയാണ്. കേന്ദ്രകഥാപാത്രം അഥവാ നായകനെ സംബന്ധിച്ച ശരീരപരവും ധൈഷണികപരവും വംശപരവും ലിംഗപരവുമായ വാർപ്പുമാതൃകകളുടെ വിനിർമിതി അരികുജീവിതങ്ങളിലേക്കും ഇതുവരെയും വെളിച്ചം കടക്കാത്ത ഇരുട്ടുമുറികളായി തുടർന്നുവന്ന പാർശ്വജനതയുടെ ജീവിതപ്രശ്നങ്ങളിലേക്കും വെളിച്ചം പകരുന്നതിന് ഉപകരിക്കും. മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവന്നു പ്രശ്നവത്കരിക്കേണ്ടുന്ന പല വിഷയങ്ങളെയും ചർച്ചയ്ക്കെടുക്കുന്നതിന് വിഘാതമായിരുന്ന 'നായക' സങ്കല്പത്തിന്റെ തകർച്ച അവയ്ക്ക് വഴിതുറക്കുമെന്നു പ്രത്യാശിക്കാം. ആത്യന്തികമായി സിനിമ എന്ന കലാരൂപം ലാഭനഷ്ടങ്ങളെ ആശ്രയിച്ചു നിൽക്കുന്നതിനാൽ ജനപ്രീതിയുള്ള ഇത്തരം നായകസങ്കല്പത്തെ അപനിർമിക്കാതെ അത്തരം പ്രമേയങ്ങൾക്കു കടന്നുവരവ് ആയാസകരവുമാണല്ലോ.

■

# മരം വല്ലിയായ മായാജാലം






ടി.പി. ശാസ്തമംഗലം

ചലച്ചിത്രഗാനങ്ങൾക്കുവേണ്ടി ആസ്വാദകർ ഒന്നടങ്കം കാതോർത്തിരുന്ന ഒരു കാലമുണ്ടായിരുന്നു. വരികളുടെ മഹത്ത്വവും സംഗീതത്തിന്റെ ആകർഷകത്വവും ആലാപനത്തിന്റെ വശ്യതയും ഒത്തുചേർന്ന ഓരോ ഗാനവും ഉദാത്തസൃഷ്ടിയായി മാറിയ കാലം! കവിതയ്ക്കുനേരേ മുഖംതിരിച്ചു നിന്നവർപോലും ഗാനങ്ങൾ കേൾക്കാൻ വേണ്ടതിലധികം സമയം കണ്ടെത്തി. ചില പാട്ടുകൾ എത്ര കേട്ടാലും മതിവരാത്തതായി. നമ്മുടെ ജീവിതവുമായി നിതാന്തബന്ധം പുലർത്തുന്നവയായി മാറി അത്തരം മികവുറ്റ ഗാനങ്ങൾ.

എന്നാൽ, ആധുനികകാലത്തെ ചലച്ചിത്രഗാനങ്ങൾ മിക്കതും സഹൃദയരെ നിരാശയിലാഴ്ത്തുന്നവയാണ്. ഇതാ കാണുക:

“കൊഞ്ചിക്കൊഞ്ചി ചിരിച്ചാൽ പുഞ്ചിരിത്തോട്ടം

നെഞ്ചിലഞ്ചി പിറന്നാൽ പഴങ്കുലത്തെന്നൽ” (ചിത്രം അവതാരം; രചന-കൈതപ്രം; സംഗീതം-ദീപക് ദേവ്; ആലാപനം-ശങ്കർ മഹാദേവൻ, റിമി ടോമി).

ചിരിച്ചാൽ പുഞ്ചിരിത്തോട്ടം എന്ന പ്രയോഗംപോലും അത്ര പന്തിയുള്ളതല്ല. അപ്പോൾ പഴങ്കുലത്തെന്നൽ എന്നെഴുതിയാലോ? അത് എന്തുതരം തെന്നലാണെന്ന് രചയിതാവുതന്നെ പറഞ്ഞുതരേണ്ടിവരും. മുമ്പ്,

“രാമായണക്കാറ്റേ എൻ നീലാംബരിക്കാറ്റേ

തങ്കനൂൽ നെയ്യുമീ സന്ധ്യയിൽ

കുങ്കുമം പെയ്യുമീ വേളയിൽ

രാഖിബന്ധനങ്ങളിൽ സൗഹൃദം പകർന്നു വരൂ”

(ചിത്രം - അഭിമന്യു; രചന-കൈതപ്രം; സംഗീതം - രവീന്ദ്രൻ; ആലാപനം - എം.ജി. ശ്രീകുമാർ, കെ.എസ്. ചിത്ര) എന്നെഴുതി മലയാളികളുടെ പരിഹാസം ഏറ്റുവാങ്ങിയ കാര്യം അദ്ദേഹം മറന്നോയെന്തോ! കാറ്റിനു മനുഷ്യനെപ്പോലെ സംസാരിക്കാൻ കഴിവുണ്ടായിരുന്നെങ്കിൽ അപകപമായ ഈ പ്രയോഗങ്ങളുടെ പേരിൽ അത് കലാപക്കൊടിയുയർത്തുമായിരുന്നു.



“ആലങ്ങോട്ടെ പീലിക്കുന്നേൽ

അറുപതു ചെറുപയറൊത്തു പറിച്ചു

വറുത്തു പൊടിച്ചു കുടുക്കയിലിട്ടു

അത്തിക്കൊമ്പേൽ കേറിയൊളിച്ചു

അത്തോ പിത്തോ ചാടിനടന്നു

കിതച്ചു കുതിച്ചു കുളിച്ചുവരുമ്പോൾ

അകലെയകലെയകലെ യാത്ര പോകാം” (ചിത്രം ഞാനും എന്റെ ഫാമിലിയും; രചന-രാജീവ് ആലുങ്കൽ; സംഗീതം-എം.ജി. ശ്രീകുമാർ; ആലാപനം-എം.ജി. ശ്രീകുമാർ, ശ്വേത മോഹൻ, അപർണ മേനോൻ).

എണ്ണിക്കൊണ്ട് അറുപതു ചെറുപയർ ഒത്തു പറിച്ചതു പോരാഞ്ഞിട്ട് അതു വറുത്തു പൊടിച്ച് കുടുക്കയിലിട്ട് അത്തിക്കൊമ്പിൽ കേറിയൊളിച്ചു. എന്നിട്ടോ? അത്തോ പിത്തോ ചാടിനടന്നു. കിതച്ചു കുതിച്ചു കളിച്ചുവരുമ്പോൾ അകലെയകലെയകലെ യാത്ര പോകാനാണത്രേ ഇത്രയൊക്കെ ചെയ്തത്. മനുഷ്യർ വാനരജന്മത്തിന്റെ പിന്മുറക്കാർ എന്നു പറയുന്നത് എത്ര ശരി!

“ചെമ്പകവല്ലികളിൽ തുളുമ്പിയ ചന്ദനമാമഴയിൽ

എന്തിനു വെറുതെ നനയുവതീ തങ്കനിലാവഴകേ”

(ചിത്രം - അറബിയും ഒട്ടകവും പി. മാധവൻനായരും; രചന - രാജീവ് ആലുങ്കൽ; സംഗീതം - എം.ജി. ശ്രീകുമാർ, ശ്വേത മോഹൻ).

ചമ്പകം (ചെമ്പകം എന്നും പറയും) ഒരു നിത്യഹരിതവൃക്ഷമാണെന്ന് അറിയാത്തവർ, പ്രത്യേകിച്ച് പാട്ടെഴുത്തുകാരുടെ കൂട്ടത്തിൽ ഉണ്ടെന്നുവരുന്നത് കേരളത്തിന് അപമാനമാണ്. എത്ര പെട്ടെന്നാണ് ആ വൃക്ഷത്തെ ഗാനരചയിതാവ് വല്ലിയാക്കി മാറ്റിയത്! ചെമ്പകമരത്തിൽ സുന്ദരികളായ സ്ത്രീകൾ നോക്കിയാൽ പുഷ്പിക്കുമെന്നാണ് കവിസങ്കല്പം. അതും അദ്ദേഹത്തിന് അജ്ഞാതമാണ്. ഇത്തരത്തിലാണു പോക്കെങ്കിൽ തെങ്ങും കമുകും മറ്റും വല്ലിയാകുന്ന കാലം അതിവിദൂരമല്ല.

ഓരോ തവണ കേൾക്കുമ്പോഴും പുതിയ പുതിയ ആശയങ്ങൾ ഉരുത്തിരിയുന്ന ഗാനങ്ങൾ നെഞ്ചേറ്റി ലാളിച്ച മലയാളികൾക്ക് ഇന്നത്തെ ഗാനാഭാസങ്ങൾ കേട്ടുകേട്ട് മനസ്സു മരവിച്ചിരിക്കുന്നു. ഇത്രയും ക്രൂരത കാട്ടാൻ പാവം ഗാനാംഗന എന്തു പിഴച്ചു എന്നാണ് എനിക്കു ചോദിക്കാനുള്ളത്.

■

---

ദളം പതിമ്മൂന്ന്

# കയ്പ്പുള്ള പാൽപ്പായസം



മോബിൻ മോഹൻ




“നിങ്ങൾ കുഞ്ചൻനമ്പ്യാരെപ്പറ്റി കേട്ടിട്ടുണ്ടോ?”

തനിക്കുചുറ്റും കഥ കേൾക്കാനായി കൂടിയ കുഞ്ഞുണ്ണി, അമ്മാളു, ജോണിക്കുട്ടി എന്നിവരോടായി ഉണ്ണീരിയമ്മ ചോദിച്ചു.

“എനിക്കറിയാം തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് അല്ലേ?”കുഞ്ഞുണ്ണി പറഞ്ഞു.

“അതേയതേ, ഹാസ്യത്തിലൂടെ സാമൂഹിക വിമർശനം നടത്തിയ ജനകീയകവിയാണ് കുഞ്ചൻനമ്പ്യാർ. ആ കുഞ്ചൻനമ്പ്യാരുടെ കഥയാണ് ഇന്നു പറയാൻ പോകുന്നത്.”

എല്ലാവരും കൗതുകത്തോടെ ഉണ്ണീരിയമ്മയെ കാതോർത്തു.

രാജസദസ്സിൽ വലിയ പ്രാധാന്യമുണ്ടായിരുന്നു കുഞ്ചൻനമ്പ്യാർക്ക്. നമ്പ്യാരുടെ തുള്ളലും അതിലെ ഹാസ്യവും രാജാവ് നന്നായി ആസ്വദിച്ചു. നമ്പ്യാരുടെ നർമസംഭാഷണങ്ങൾ രാജാവിനു വലിയ ഇഷ്ടമായിരുന്നു. നമ്പ്യാരുടെ ഫലിതകഥകൾ അനവധിയാണ്.

ഒരിക്കൽ, രാജാവ് ഒരു സദ്യ നടത്തി. രാജസദസ്സിലെ പണ്ഡിതന്മാരും പ്രമാണിമാരുമെല്ലാം സദ്യയിൽ പങ്കെടുത്തു. അതിഗംഭീരമായ ഒരു സദ്യയായിരുന്നു അത്. കുഞ്ചൻ നമ്പ്യാരും അതിൽ പങ്കെടുത്തു.

കഴിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ രാജാവിന്റെ പ്രീതിക്കായി ഭക്ഷണത്തെപ്പറ്റി മറ്റെല്ലാവരും പുകഴ്ത്തിപ്പറഞ്ഞുകൊണ്ടിരുന്നു. രാജാവു പറയുന്ന കാര്യങ്ങൾ തലകുലുക്കി അംഗീകരിച്ചും തമാശകളിൽ പൊട്ടിച്ചിരിച്ചും രാജാവിന്റെ മതിപ്പു വാങ്ങാൻ പണ്ഡിതന്മാർ മത്സരിച്ചു. ഇതൊന്നും ശ്രദ്ധിക്കാതെ സദ്യ കഴിക്കുകയായിരുന്നു കുഞ്ചൻനമ്പ്യാർ.

അവസാനം, പാൽപ്പായസത്തിന്റെ സമയമായി. നല്ല മധുരമുള്ള പാൽപ്പായസത്തിന്റെ മണം അവിടമാകെ പരന്നു. എല്ലാവരുടെയും നാവിൽ വെള്ളമൂറി.

അപ്പോഴാണ് രാജാവിന് ഒരു കുസൃതി




തോന്നിയത്. പാൽപ്പായസം രുചിച്ചുനോക്കിയശേഷം രാജാവ് പറഞ്ഞു:

“എന്തൊരു കയ്പ്പാണിതിന്. എങ്ങനെ നാവിൽ വയ്ക്കും?”

രാജാവാണു പറഞ്ഞിരിക്കുന്നത്. നിഷേധിക്കാൻ ഒക്കുമോ? പണ്ഡിതന്മാരും രാജപ്രമാണിമാരും രാജാവിനെ പിന്തുണച്ചു. പാൽപ്പായസത്തിനു കയ്പ്പുതന്നെ. മുന്നിലിരിക്കുന്ന പാൽപ്പായസത്തിന്റെ രുചി നാവിനെ വല്ലാതെ പ്രലോഭിപ്പിച്ചിട്ടും അവർ അതു കഴിക്കാൻ കൂട്ടാക്കിയില്ല. രാജാവിനു നീരസം തോന്നിയാലോ? മാത്രമല്ല, രാജാവിന്റെ പ്രീതിക്കായി കയ്പ്പുള്ള പാൽപ്പായസത്തിന്റെ കുറ്റം ഓരോരുത്തരായി പറഞ്ഞുകൊണ്ടിരുന്നു.

പക്ഷേ, ഇതൊന്നും ഗൗനിക്കാതെ പാൽപ്പായസം ആസ്വദിച്ചുകഴിക്കുന്ന ഒരാളുണ്ടായിരുന്നു. മറ്റാരുമല്ല സാക്ഷാൽ കുഞ്ചൻനമ്പ്യാർ. എല്ലാവരും പാൽപ്പായസം ഉപേക്ഷിച്ചപ്പോൾ നമ്പ്യാർമാത്രം ആർത്തിയോടെ കഴിക്കുന്നതു കണ്ട് രാജാവ് ചോദിച്ചു:

“നമ്പ്യാരേ, നിങ്ങൾ എങ്ങനെയാണ് ഈ പാൽപ്പായസം കഴിക്കുന്നത്. ആശ്ചര്യംതന്നെ.”

നമ്പ്യാർ വളരെ വിനയത്തോടെ രാജാവിനോടിങ്ങനെ പറഞ്ഞു:

“പാൽപ്പായസത്തിന്റെ കയ്പ്പ് എനിക്ക് ഏറെ പ്രിയപ്പെട്ടതാണ് തമ്പുരാനേ.”

നമ്പ്യാരുടെ മറുപടി കേട്ട് രാജാവ് ഉറക്കെച്ചിരിക്കാൻ തുടങ്ങി. കൂടെ നമ്പ്യാരും. അപ്പോൾ മാത്രമാണ് രാജാവിന്റെ കുസൃതിയായിരുന്നു എന്ന് ബാക്കിയുള്ളവർക്കു മനസ്സിലായത്. അവർ ഇളിഭ്യരായി.

സത്യസന്ധമായി അഭിപ്രായം പറയുന്ന കുഞ്ചൻ നമ്പ്യാരെ രാജാവ് അഭിനന്ദിച്ചു.

“എങ്ങനെയുണ്ട് കഥ?” ഉണ്ണീരിയമ്മ ചോദിച്ചു.

“നമ്പ്യാരുടെ ഫലിതം പാൽപ്പായസത്തെക്കാൾ ഗംഭീരം.” മൂവരും ഒരുമിച്ചു പറഞ്ഞു.

■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



നിന്റെ ജീവിതം കർത്താവിനെ ഭരമേല്പിക്കുക. കർത്താവിൽ വിശ്വാസമർപ്പിക്കുക. അവിടുന്നു നോക്കിക്കൊള്ളും.

സങ്കീർത്തനം 37:5

## എഡിറ്റോറിയൽ

### വന്യജീവി ആക്രമണം

# സർക്കാരുകൾ കണ്ണു തുറക്കണം

**കാ**ലാവസ്ഥാവ്യതിയാനവും മഴക്കെടുതികളും പ്രാതികൂല്യങ്ങൾ സൃഷ്ടിക്കുന്ന വർത്തമാനകാലത്ത്, മണ്ണിൽ വിയർപ്പൊഴുക്കി അന്നത്തിനായി കാത്തിരിക്കുന്ന കർഷകമക്കൾ, വന്യജീവികളുടെ ആക്രമണംകൂടിയാകുമ്പോൾ തീർത്തും നിസ്സഹായരാവുകയാണ്. നാളുകൾക്കുമുമ്പുവരെ വനാതിർത്തികളിൽ മാത്രമായിരുന്നു കാട്ടുമൃഗങ്ങളുടെ ശല്യമെങ്കിൽ, ഇപ്പോൾ വനത്തിലെ ആവാസവ്യവസ്ഥയുമായി പൊരുത്തപ്പെടാത്തതുമൂലമാകാം, ഇവ കൂട്ടത്തോടെ നാട്ടിലേക്കിറങ്ങുകയാണ്.

വന്യമൃഗങ്ങളുടെ ആക്രമണത്തിൽ സംസ്ഥാനത്തുടനീളം ഈ വർഷം 64 പേർ കൊല്ലപ്പെട്ടതായാണു കർഷകസംഘടനകൾ ഉയർത്തിക്കാട്ടിയ കണക്ക്. അതേസമയം, വനംവകുപ്പിന്റെ ഔദ്യോഗികകണക്കുപ്രകാരം 52 പേരാണ് കൊല്ലപ്പെട്ടിരിക്കുന്നത്. ഏറ്റവുമധികം മരണം കാട്ടാനയുടെ ആക്രമണത്താലാണ് - 25. പാമ്പുകടിയേറ്റ് 22 പേർ മരിച്ചു. കാട്ടുപന്നി, കാട്ടുപോത്ത്, മയിൽ തുടങ്ങിയ മൃഗങ്ങളുടെ ആക്രമണത്താൽ മരിച്ചവരും പരിക്കേറ്റവരും വേറേയുമുണ്ട്. സംസ്ഥാനത്തുടനീളം മനുഷ്യ-മൃഗ സംഘർഷം രൂക്ഷമായിരിക്കുന്ന സാഹചര്യത്തിലും കണ്ണുതുറക്കാതെ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ പെരുമാറുന്നത് വിമർശനത്തിനു കാരണമായിട്ടുണ്ട്.

വന്യജീവിശല്യം രൂക്ഷമായ സാഹചര്യത്തിലാണ് കേരള വനംവകുപ്പ് അഞ്ചു വർഷത്തിനുള്ളിൽ പൂർത്തീകരിക്കുന്ന പദ്ധതിരേഖയുമായി കേന്ദ്രത്തെ സമീപിച്ചത്. ഇതിനായി 620 കോടിയുടെ പ്രത്യേക സാമ്പത്തികസഹായവും അഭ്യർത്ഥിച്ചിട്ടുണ്ട്. പദ്ധതി നിർവഹണത്തിനുള്ള തുകയുടെ അറുപതു ശതമാനം കേന്ദ്രവും നാല്പതു ശതമാനം സംസ്ഥാനവും വഹിക്കുന്ന വിധത്തിലാണ് ശുപാർശ. ഇക്കാര്യങ്ങളെല്ലാം പറഞ്ഞു കേന്ദ്രസർക്കാരിനു പലതവണ കത്തുകളയച്ചെങ്കിലും അനുകൂലനടപടിയുണ്ടാകാത്ത സാഹചര്യത്തിലാണ് സംസ്ഥാനം നേരിട്ട് ഡൽഹിയിൽ കൂടിക്കാഴ്ചയ്ക്കു തയ്യാറായത്.

ജനവാസമേഖലയിൽ ശല്യം ചെയ്യുന്ന കാട്ടുപന്നിയെ വന്യജീവിസംരക്ഷണനിയമത്തിലെ 62-ാം വകുപ്പനുസരിച്ച് ക്ഷുദ്രജീവിയായി പ്രഖ്യാപിക്കണമെന്ന് കേരളവും വനംമന്ത്രിയും ആവശ്യപ്പെട്ടിട്ടും കേന്ദ്രം ഇതുവരെ മറുപടി പറഞ്ഞിട്ടില്ല. കാട്ടുപന്നികളെ ക്ഷുദ്രജീവികളുടെ പട്ടികയിൽ ഉൾപ്പെടുത്തിക്കഴിഞ്ഞാൽ, വനം വകുപ്പിന്റെ അനുമതിയില്ലാതെ ആർക്കും അവയെ കൊല്ലാനും അവയുടെ മാംസം ഉപയോഗിക്കാനും കഴിയും. കാട്ടുപന്നികളുടെ ജഡം മറവുചെയ്യാൻ വനംവകുപ്പിന്റെ അനുമതി തേടേണ്ടതില്ല. നിലവിൽ കാക്കകൾ, വവ്വാലുകൾ, എലികൾ എന്നിവ മാത്രമാണ് കേരളത്തിൽ ക്ഷുദ്രജീവിപ്പട്ടികയിൽ ഇടം നേടിയിട്ടുള്ളത്.

വന്യജീവിമൂലമുള്ള കൃഷിനാശം കൂടുതലും വയനാട്, പാലക്കാട്, മലപ്പുറം ജില്ലകളിലാണ്. വായ്പയെടുത്ത് ഇറക്കിയ കൃഷി വിളവെടുപ്പിനു പാകമാകുമ്പോൾ വന്യജീവികൾ നശിപ്പിച്ച് ഒടുക്കം കടബാധ്യതയിൽപ്പെട്ട് ജീവിതംതന്നെ ഒടുങ്ങുന്നവരുടെ എണ്ണം ദിനംപ്രതി കൂടുന്ന വാർത്തകളും തള്ളിക്കളയാനാവില്ല.

വന്യജീവി ആക്രമണങ്ങൾ കൂടിയതോടെ, നഷ്ടപരിഹാര അപേക്ഷകളും കൂടി. 2009-10 വർഷത്തിൽ 2922 അപേക്ഷകളാണു വനംവകുപ്പിനു ലഭിച്ചതെങ്കിൽ, ഈ വർഷം ഇതുവരെ 10,095 അപേക്ഷകളാണു കിട്ടിയത്. കഴിഞ്ഞ അഞ്ചുവർഷത്തിനിടെ ഏറ്റവുമധികം നഷ്ടപരിഹാരം നൽകിയത് വയനാട് ജില്ലയിലാണ്-13.91 കോടി രൂപ. രണ്ടാമത് പാലക്കാടാണ്- 4.87 കോടി രൂപ. മൂന്നാമത് മലപ്പുറവും - 2.99 കോടിയാണ്. 14 ജില്ലകളിലായി ആകെ 30.87 കോടിയാണ് കൃഷിനാശത്തിനു നഷ്ടപരിഹാരമായി ആകെ നൽകിയത്.

കാട്ടാനയുടെയും കാട്ടുപന്നിയുടെയും ആക്രമണം രൂക്ഷമായതോടെ കൃഷിഭൂമിയിൽനിന്നു വിട്ടുനിൽക്കുന്ന കർഷകരുടെ ആശങ്കകളകറ്റാൻ സർക്കാർ മുൻകൈയെടുക്കണം. കർഷകർക്ക് ജാഗ്രതാനിർദേശം നൽകാനോ പ്രതിരോധനടപടി സ്വീകരിക്കാനോ സർക്കാർ അലംഭാവം കാണിക്കുന്നതും കർഷരോടു കാണിക്കുന്ന അനീതിതന്നെയാണ്. വന്യമൃഗങ്ങളെ സ്വന്തം നിലയിൽ തുരത്താൻ കർഷകർക്ക് റബർ ബുള്ളറ്റുകൾ നല്കാനുള്ള നിർദേശം വനംവകുപ്പിന്റെ പരിഗണനയിലുണ്ടെങ്കിലും ഒരു നടപടിയുമായിട്ടില്ല. വന്യജീവികൾക്കു വനത്തിൽത്തന്നെ ഫലപ്രദമായ ആവാസവ്യവസ്ഥ ഒരുക്കാത്തതാണ് അവ നാട്ടിലേക്കു വരാൻ കാരണം.

വന്യമൃഗങ്ങൾക്ക് കർഷകരെക്കാൾ വില കല്പിക്കുന്ന നയം, അതു സർക്കാരുകളുടെയും വനംവകുപ്പിന്റെയുമെന്നല്ല ആരുടെ ഭാഗത്തുനിന്നുണ്ടായാലും നിരുത്തരവാദിത്വപരമാണ്. കൃഷിയിടം കർഷകന്റെ ഹൃദയഭൂമിയാണ്. കൃഷി ജീവിതോപാധി എന്ന നിലയ്ക്കപ്പുറം കർഷകന്റെ ജീവിതത്തോടു ചേർന്നു നില്ക്കുന്ന ഒരു സംസ്കാരമാണ്. സ്വന്തം മണ്ണിൽ വിയർപ്പൊഴുക്കി പണിയെടുക്കുന്നത് കണ്ണീരണിഞ്ഞ പ്രാർത്ഥനയായി കാണുന്ന ശീലമുള്ളവരാണ് കർഷകർ. അങ്ങനെയുള്ള കർഷകരുടെ നീണ്ട നാളത്തെ പരിശ്രമത്തിനും കാത്തിരിപ്പിനുമിടയിൽ, അതും കാലാവസ്ഥാവ്യതിയാനങ്ങൾ എല്ലാ കണക്കുകൂട്ടലുകളും തെറ്റിക്കുന്ന ഇക്കാലത്ത്, വന്യജീവികളുടെ ആക്രമണംകൂടിയാകുമ്പോൾ ഭയാശങ്കയിലെത്തുന്ന അന്നദാതാക്കളുടെ രക്ഷയ്ക്കും ക്ഷേമത്തിനും കേന്ദ്ര,സംസ്ഥാന സർക്കാരുകൾ ഉണർന്നു പ്രവർത്തിക്കുക തന്നെ വേണം.

■

# ദിഗന്തങ്ങളിൽ മുഴങ്ങിയ ഇടയശബ്ദം

*2-ാം പേജ് തുടർച്ച*

വിദ്യാർത്ഥികൾ അവരിൽ മാതൃകാപുരുഷന്മാരെയാണ് കാണേണ്ടത്.” സമൂഹത്തിൽ ഒരു പിടി തിന്മകളുള്ള ഈ കാലഘട്ടത്തിൽ മാതാപിതാക്കൾക്കും അധ്യാപകർക്കും അവരുടെ ഉത്തരവാദിത്വങ്ങൾ കൂടിവരുന്നു എന്നു നമുക്കറിയാം. മാതാപിതാക്കളുടെയും അധ്യാപകരുടെയും പ്രസക്തി നാം തിരിച്ചറിയണം.

1972 ൽ ഗവൺമെന്റ് ഇടപെടൽമൂലം ന്യൂനപക്ഷവിദ്യാഭ്യാസസ്ഥാപനങ്ങളുടെ നടത്തിപ്പിൽ കൂടുതൽ നിയന്ത്രണങ്ങൾ കൊണ്ടുവന്നത് വിദ്യാഭ്യാസരംഗത്തു വലിയ പ്രതിസന്ധിയുളവാക്കി. അപ്പോൾ വയലിൽപ്പിതാവ് പറഞ്ഞു: “തിരുസഭയുടെ പ്രബോധനങ്ങളും ഭാവിതലമുറകളോടുള്ള കടപ്പാടുംമൂലം നമുക്ക് നമ്മുടെ വിദ്യാലയങ്ങളും അങ്ങനെ കൈവിട്ടുകൊടുക്കാൻ സാധ്യമല്ല. എന്തുതന്നെ സഹിക്കേണ്ടിവന്നാലും നമ്മുടെ അവകാശവും കർത്തവ്യവും പരിത്യജിക്കാൻ നിവൃത്തിയില്ല.'' പിതാവിന്റെ പ്രഭാഷണം ഭാരതം മുഴുവനും ശ്രദ്ധിച്ചതായിരുന്നു. അർത്ഥമില്ലാത്തതും അനുചിതവുമായ രാഷ്ട്രീയനിലപാടുകളെ കടന്നാക്രമിക്കുവാൻ പിതാവ് ഒരിക്കലും മടിച്ചിരുന്നില്ല. പിതാവിന്റെ വാക്കുകൾക്ക് ശക്തിയും ഗാംഭീര്യവും വർദ്ധിച്ചപ്പോൾ അത് ആയിരങ്ങൾക്ക് പ്രചോദനമായി. ശുഷ്കവും ഉപരിപ്ലവവുമായ ഒന്നിനോടും പിതാവിന് താത്പര്യമില്ലായിരുന്നു. ചെയ്തതെല്ലാം ഈടുറ്റതും ആഴമുള്ളതുമായിരുന്നു.

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ എല്ലാ സമ്മേളനങ്ങളിലും പങ്കെടുത്ത മെത്രാൻ എന്ന നിലയിൽ വിസ്മരിക്കാനാവാത്ത ഒരു ചരിത്രസംഭവത്തിന്റെ ഭാഗമായിത്തീരുകയായിരുന്നു വയലിൽപ്പിതാവ്. ആ സൂനഹദോസിന്റെ ദൈവശാസ്ത്ര ഉൾക്കാഴ്ചകളും അജപാലനവീക്ഷണങ്ങളും അദ്ദേഹം സ്വന്തമാക്കി. സഭാപൈതൃകത്തോടുള്ള താത്പര്യവും ആരാധനക്രമത്തോടുള്ള പ്രതിബദ്ധതയും എല്ലാം പിതാവിന്റെ പ്രവർത്തനങ്ങൾക്കു വഴികാട്ടിയായി. മടങ്ങിയെത്തിയ പിതാവ് പാസ്റ്ററൽ കൗൺസിലും പ്രിസ്ബിറ്ററൽ കൗൺസിലും രൂപവത്കരിച്ചു. വിശ്വാസത്തിന്റെ ഉള്ളറകളിലേക്ക്, മതാത്മകതയുടെ ആന്തരികതയിലേക്ക് ഊളിയിട്ടിറങ്ങാൻ പിതാവിനു കഴിഞ്ഞു.

മാർത്തോമ്മാനസ്രാണി ശ്ലൈഹികപാരമ്പര്യത്തിന്റെയും പൗരസ്ത്യസുറിയാനിഭാഷയുടെയും ശക്തനായ വക്താവായിരുന്നു പിതാവ്. പിതാവിന്റെ സഭാത്മകകാഴ്ചപ്പാട് വ്യക്തിസഭാസ്രോതസ്സുകളിൽ ഊന്നിനിൽക്കുന്നവയായിരുന്നു. സഭാമക്കൾ ലിറ്റർജിയിൽനിന്നും സഭാപിതാക്കന്മാരിൽനിന്നും ഊർജം സമ്പാദിക്കണമെന്ന നിശ്ചയദാർഢ്യത്തോടെ നിരന്തരം പ്രസംഗിക്കുകയും എഴുതുകയും ചെയ്തു.

അഭിവന്ദ്യ വയലിൽപ്പിതാവിന്റെ ദീർഘവീക്ഷണത്തിന്റെയും സഭാസ്നേഹത്തിന്റെയും മറ്റൊരു വേദിയാണ് പാലായിൽ സമൃദ്ധമായി ലഭിച്ച ദൈവവിളികൾ. 1960 കളിൽ ആദ്യത്തെ ആദ്‌ലീമിന സന്ദർശനസമയത്തുതന്നെ പരി. പിതാവ് 23-ാം ജോൺപോൾ മാർപാപ്പായോട് സീറോ മലബാർ സഭയുടേതായ ഒരു മിഷനറി സൊസൈറ്റി സ്ഥാപിക്കാനുള്ള ആഗ്രഹം അറിയിച്ചു. പരിശുദ്ധ പിതാവ് അതിനെ പ്രോത്സാഹിപ്പിച്ചു. ഈ പരിശ്രമത്തിന്റെ വിജയസമാപ്തിയാണ് നമ്മുടെ സെന്റ് തോമസ് മിഷനറി സൊസൈറ്റി. ഉജ്ജൈൻ, മാണ്ഡ്യാ, സാംഗ്ലി തുടങ്ങിയ പ്രദേശങ്ങളിലെല്ലാം അവർ നിറഞ്ഞുനിൽക്കുകയാണ്, അതുപോലെ വിദേശരാജ്യത്തും. വൈദികവിദ്യാർത്ഥികളെയും സെമിനാരിയെയും പിതാവ് ഏറെ സ്നേഹിച്ചു. ‘ദ ഹാർട്ട് ഓഫ് ദ ഡയോസിസ് ഈസ് സെമിനാരി’ എന്ന് പിതാവ് മൈനർ സെമിനാരിയിൽ വരുമ്പോൾ കൂടെക്കൂടെ പറയുമായിരുന്നു.

എക്യുമെനിസത്തിന്റെയും മതമൈത്രിയുടെയും അങ്ങനെ ഒരു വലിയ വിശാലകുടുംബത്തിന്റെയും എല്ലാം ആളായിരുന്നു വയലിൽപ്പിതാവ്. സഭയിൽ അല്മായരുടെ പ്രസക്തിയും ശക്തിയും പിതാവ് വേണ്ടവണ്ണം ഗ്രഹിച്ചിരുന്നു. രൂപതയുടെ നിർണായകകേന്ദ്രങ്ങളിലൊക്കെ അല്മായരെ നിയോഗിച്ചിരുന്നു. പള്ളിയോഗങ്ങളിൽ അല്മായരുടെ സുപ്രധാനമായ പങ്കാളിത്തത്തെക്കുറിച്ച് പിതാവു പ്രസംഗിച്ചിരുന്നു. കാലത്തിന്റെ അടയാളങ്ങൾ വിവേചിച്ചറിയുവാൻ കരുത്തുറ്റ ഒരു മനസ്സായിരുന്നു പിതാവിന്റേത്. രൂപതാംഗങ്ങളായ എല്ലാവർക്കും നല്ല ശിക്ഷണം നല്കി. എതിർപ്പുകളും പ്രതിസന്ധികളും തെറ്റുദ്ധാരണകളും അവഗണനകളുമെല്ലാം ഒരുപാടുണ്ടായിരുന്നു. പക്ഷേ, പിതാവ് സമ്മർദ്ദങ്ങൾക്കും ഭീഷണികൾക്കും കീഴ്പ്പെടാതെ ജീവിച്ചു. പിതാവ് രൂപതയിലെ സമർപ്പിതസഹോദരിമാരോട് വളരെ കരുതലും വാത്സല്യവും കാണിച്ചിരുന്നു. പോയിടത്തെല്ലാം പിതാവ് പാലായെ കൊണ്ടുപോയിരുന്നു. പോയ ഇടങ്ങളിൽനിന്നെല്ലാം പാലായ്ക്കുവേണ്ടി എന്തെങ്കിലും തിരിച്ചു കൊണ്ടുവരുമായിരുന്നു. പാലായുടെ തനിമയും ശീലങ്ങളും ആചാരങ്ങളുമെല്ലാം കൃത്യമായി മനസ്സിലാക്കി പ്രോത്സാഹിപ്പിച്ച പിതാവായിരുന്നു നമ്മുടെ വയലിൽപ്പിതാവ്. പിതാവ് ഒരു സോഷ്യൽ എൻജിനീയറെപ്പോലെ ഇവിടെയുള്ള എല്ലാ മേഖലകളിലും ഇടപെട്ടു പ്രവർത്തിച്ചിരുന്നു. സഭയിലെ പുണ്യചരിതരായ വലിയ പിതാക്കന്മാരുടെ ഗണത്തിലാണ് വയലിൽപ്പിതാവും എണ്ണപ്പെടുന്നത്.

■

# തലമുറകൾക്കു താളം പിഴയ്ക്കുമ്പോൾ



റ്റോം ജോസ് തഴുവംകുന്ന്



ആത്മസത്തയുടെ അവിഭാജ്യഘടകമായിരിക്കണം അഹിംസയെന്നുദ്ബോധിപ്പിച്ച ഗാന്ധിജിയുടെ നാട്ടിൽ ദിനംപ്രതി അരങ്ങേറുന്ന ഞെട്ടിക്കുന്ന ക്രൂരകൃത്യങ്ങൾ എന്തുകൊണ്ട് എന്നു നാമെല്ലാവരും ചിന്തയ്ക്കു വിധേയമാക്കണം. അടിച്ചമർത്താനും പിടിച്ചടക്കാനും പിടിച്ചുവാങ്ങാനും അന്യരെ നിഗ്രഹിച്ചില്ലാതാക്കാനും ശ്രമിക്കുന്ന തലമുറയെ എന്തുപറഞ്ഞു വിശേഷിപ്പിക്കും? തിരികെനടക്കാനും മാറിച്ചിന്തിക്കാനും മറ്റുള്ളവരെ ആദരിക്കാനും ഇനിയെങ്കിലും തയ്യാറാകേണ്ടേ? ഈ ലോകത്തിൽ സകല മനുഷ്യർക്കും ജീവജാലങ്ങൾക്കും ജീവിക്കാനുള്ള വിശുദ്ധമായ പരിതസ്ഥിതിയും പരിസ്ഥിതിയും ഉറപ്പാക്കേണ്ടേ? സമാധാനവും സ്വൈരജീവിതവും മറ്റെന്തിനെക്കാളും വിലപ്പെട്ടതല്ലേ? ജീവിക്കാനുള്ള അവകാശത്തെ നിഷേധിക്കുന്നവരോടുള്ള സമീപനത്തിലും മാറ്റം വരേണ്ടേ? അകാലത്തിൽ മരണപ്പെടുന്നവരുടെ ഗദ്ഗദം തുടർസമൂഹത്തിന്റെ ആണിക്കല്ലിളക്കുമെന്നറിയണം. അവകാശങ്ങളും ആദരവും സ്നേഹവും അംഗീകാരവുമൊക്കെ അടിച്ചമർത്തി പിടിച്ചുവാങ്ങേണ്ടതാണെന്ന് എന്നുമുതൽക്കാണ് നാം തെറ്റിദ്ധരിച്ചതെന്നും ചിന്തിക്കേണ്ടത് ഉചിതമാകും.

കുടുംബമാണ് ആദ്യത്തെയും ആത്യന്തികവുമായ വിദ്യാലയം. കുടുംബത്തിലാണ് സകലവിധ സദ്ഗുണങ്ങളും വിളങ്ങേണ്ടതും വിളയേണ്ടതും. സമൂഹത്തിന്റെ കൊച്ചുപതിപ്പാണു കുടുംബം; സമൂഹത്തോടും സമൂഹത്തിലായിരിക്കേണ്ട സാഹചര്യങ്ങളോടും വേണ്ട മുൻസൂചനകളുടെ സൂക്ഷിപ്പുകേന്ദ്രമാണ് കുടുംബം. സൗഹൃദങ്ങളുടെ ആഴവും നിഷ്കളങ്കതയും പരസ്പരബഹുമാനവും കുടുംബത്തിൽനിന്നു പഠിക്കേണ്ടതാണ്. മനുഷ്യത്വത്തിനും ജീവിക്കാനുള്ള അവകാശത്തിനും ആൺപെൺ വ്യത്യാസമില്ല. ആഗ്രഹിക്കുന്നതെല്ലാം ലഭിക്കുന്ന ഇടമായി കുടുംബം മാറരുത്. ദുശ്ശാഠ്യം നല്ലതിലേക്കുള്ള സഞ്ചാരമല്ല. അതിരുകളുള്ളതാണ് സ്വാതന്ത്ര്യമെന്നും തലമുറ അറിയണം. ആരെയും നോവിക്കാതെ സ്വയം ജീവിച്ചുവളരാനുള്ള സാഹചര്യത്തെക്കുറിച്ചു മക്കളെ ബോധ്യപ്പെടുത്തണം.

വൈവിധ്യങ്ങളാണ് സൗന്ദര്യത്തിനാധാരം; വ്യതിരിക്തമായ വ്യക്തിത്വമികവാണ് സമൂഹത്തിന്റെ വളർച്ചയ്ക്കു നിദാനം. വിജയത്തിലേക്കുള്ള വ്യവസ്ഥകളാണ് വിജയത്തെക്കാൾ പ്രധാനമെന്നു വരുംതലമുറയെ ബോധ്യപ്പെടുത്തണം. മത്സരമാകാം; പക്ഷേ, ഫലം വിജയം മാത്രമല്ല, പരാജയംകൂടിയാകാം എന്നൊരു മനോബലം രൂപപ്പെടുത്താനും ഭാവിതലമുറയ്ക്കാകണം. 'കുടുംബത്തു പിറന്നവന്' ചെയ്യാനാകുന്നതിനു പരിമിതികളും പരിചിന്തനങ്ങളുമുണ്ടാകണം. വ്യക്തിത്വവികാസത്തിന് ഏറ്റവും പറ്റിയ ഇടം കുടുംബംതന്നെ. നന്മകൊണ്ടു നിറഞ്ഞവനെ (നിറഞ്ഞവളെ) രൂപപ്പെടുത്തുന്നതിൽ കുടുംബമാണ് സർവകലാശാലയെന്നു പറയാം.

പാഠ്യപദ്ധതിയിലെ 'പെർഫോമൻസും ഇന്റലിജൻസും' മാത്രം കരുതലായി എടുക്കാതെ ഓരോരുത്തരിലെയും 'മനുഷ്യൻ' എത്രമാത്രം സജീവമാണെന്നു പഠിക്കണം. കാമ്പസുകളിലെ സൗഹൃദത്തിന്റെ റേഞ്ചും നിരീക്ഷിക്കണം. വിദ്യാർത്ഥികളെ വ്യക്തിപരമായി നിരീക്ഷിക്കാനുള്ള ജാഗ്രത അധ്യാപകരിലുണ്ടാകണം. തന്റേതന്നെ മക്കളാണ് കാമ്പസിലുള്ളതെന്ന് അധ്യാപകർ കരുതണം. സിലബസിനും കരിക്കുലത്തിനുമപ്പുറം മനുഷ്യരെങ്ങനെയായിരിക്കണമെന്നു പഠനമുറിയിൽ പഠിപ്പിക്കണം. സന്മാർഗപാഠം സകല പാഠത്തിനുമപ്പുറം 'പാഠ'മായി മാറണം. എങ്ങനെ നല്ല മനുഷ്യരാകണമെന്നത് പഠനത്തിന്റെ മൂലക്കല്ലാകണം. ഹൃദയതുറവിയില്ലാത്തവർക്കായി കൗൺസെലിംഗ് കൊടുക്കണം. മഹാത്മാക്കളുടെ ജീവിതപന്ഥാവ് പഠനമുറികളിൽ നിർബന്ധമായും പഠിപ്പിക്കണം. മുഖാമുഖമുള്ള സംവാദങ്ങളും സംഭാഷണങ്ങളും സൗഹൃദങ്ങളും വളരണം. പരസ്പരധാരണ വളർത്താൻ സംഭാഷണം സഹായിക്കും; ഇന്ന് അതിന്റെ അഭാവം ഗൗരവതരം തന്നെ!!

പ്രണയത്തിന് അധീശത്വഭാവത്തെക്കാൾ വിശുദ്ധിയുടെ ആത്മാർത്ഥയുണ്ടാകണം. ലഭിച്ചില്ലെങ്കിൽ തച്ചുടയ്ക്കുകയോ തകിടം മറിക്കുകയോ ഇല്ലാതാക്കുകയോ ചെയ്യുന്ന പ്രവണതയെ ബോധവത്കരണത്തിലൂടെ ഇല്ലായ്മ ചെയ്യണം. പ്രണയം ഒരു യുദ്ധംപോലെയാകരുത്; തുടങ്ങാനെളുപ്പം നിർത്താൻ കഴിയില്ലെന്ന അവസ്ഥ; ആർക്കും ആരോടും 'നോ' പറയാൻ കഴിയില്ലെന്നത് വ്യക്തിത്വവൈകല്യമല്ലേ? പുസ്തകത്തിനും പേനയ്ക്കുമൊപ്പം ആയുധംകൊണ്ടു നടക്കുന്ന ഇന്നത്തെ യുവമനസ്സിനെ തിരുത്തേണ്ടത് സകലരുടെയും ചുമതലയാണ്. ക്രൈംത്രില്ലർ സിനിമയും ത്രില്ലർ സിനിമയും കാമ്പസ് പ്രണയകഥകളും ഗുരുശിഷ്യപ്രണയങ്ങളും തുടങ്ങി അവിഹിതമായ ഒരുപിടി ദൃശ്യാവിഷ്കാരങ്ങൾ യുവതയെ വഴിതെറ്റിക്കുന്നുണ്ടെന്നും നാമറിയണം. യുവജനതയാണ് രാജ്യത്തിന്റെയും ലോകത്തിന്റെയും ഭാവി നിശ്ചയിക്കുന്നത്. പ്രതീക്ഷകളും സ്വപ്നങ്ങളും ഇല്ലായ്മ ചെയ്യുന്ന 'ഞാൻ മാത്രമുള്ള' ലോകം വളർത്തിയെടുക്കാൻ പ്രണയം കാരണമാകരുത്. പ്രണയം ഒരു 'വൺമാൻഷോ' അല്ല; കാഴ്ചയുടെ അനുഭവവുമല്ല. മറിച്ച്, ഹൃദയാത്മകമായ ഒരു വിശുദ്ധ ലയമാണ്, അഥവാ ആത്മാവിന്റെ സത്തയുടെ ചേർന്നിരുപ്പാണ്.

എന്താഗ്രഹിക്കണം എന്തു നിഷേധിക്കണം എന്നു പഠിപ്പിക്കുന്ന ശാസ്ത്രമാണ് വിവേകമെന്നാണ് വിശുദ്ധ ആഗസ്തീനോസ് പറഞ്ഞിരിക്കുന്നത്. മനുഷ്യജീവിതമാകെ വിവേകത്താൽ എന്നും നവീകരിക്കപ്പെടേണ്ടതാണ്. ഇന്നത്തെ തലമുറയെ വിവേകം പരിശീലിപ്പിക്കാൻ ശ്രമമുണ്ടാകണം. സമചിത്തതയോടെ നേരിടാൻ മക്കളെ പഠിപ്പിക്കണം. വിജ്ഞനാകുന്നതിനെക്കാൾ പ്രധാനമാണ് വിവേകിയാകുകയെന്നത്. വിവേകം ലഭിക്കാത്ത വിജ്ഞാനത്തിന് ശുഭോദർക്കമായ ഭാവിയുണ്ടാകില്ല.

**നവമാധ്യമങ്ങളുടെ പ്രസക്തി**

സോഷ്യൽമീഡിയ സജീവമായിരിക്കുന്ന ഇന്നത്തെ കാലത്ത് 'പ്രണയസാധ്യത' പെട്ടെന്നാണ്. ആരുമറിയാത്ത 'കടന്നുകയറ്റ'ങ്ങൾ വഴിവിടുമ്പോഴായിരിക്കും ചുറ്റുമുള്ളവർ തിരിച്ചറിയുക. നവമാധ്യമബോധവത്കരണം അനിവാര്യം തന്നെ. സോഷ്യൽമീഡിയയിലെ അപകടങ്ങളും സാധ്യതകളും മക്കൾ തിരിച്ചറിയണം. ദൃശ്യങ്ങളുടെ വശ്യതയിൽ ഭോഷരായി അനുധാവനം ചെയ്യാതെ തികഞ്ഞ തിരിച്ചറിവോടെ നവമാധ്യമങ്ങളെ പ്രയോജനപ്പെടുത്താനാകണം. ഒരു കളിപ്പാട്ടം കണക്കേ കുഞ്ഞുങ്ങൾക്ക് സ്മാർട്ട്ഫോൺ നൽകുകയും കുഞ്ഞിന്റെ കഴിവും മികവും പഠനവും പഠിപ്പിക്കലും കണ്ട് മുതിർന്നവർ അഭിമാനംകൊള്ളുകയും ചെയ്യുന്നതു നിർത്തി; സ്മാർട് ഫോൺ ഉപയോഗം ഒരു 'തീക്കളി' കൂടിയാണെന്നറിയുന്നത് നല്ലതായിരിക്കും. എല്ലാം ഫെയ്സ്ബുക്കിലൂടെയും ട്വിറ്ററിലൂടെയും വാട്സാപ്പിലൂടെയുമാകാതെ നമുക്കു മുഖാമുഖം സന്ദേശം പങ്കുവയ്ക്കാം; യാന്ത്രികത വിട്ട് മാനുഷികതയിൽ വളരാനും വളർത്താനും നാളെയുടെ തലമുറയെ പഠിപ്പിക്കണം. സ്മാർട്ട്ഫോൺ അദ്ഭുതമല്ല; ആവശ്യമാണ്. പക്ഷേ, അപകടം പതിയിരിക്കുന്നു, തിരിച്ചറിയണം, ജാഗ്രതയിലാകണം. അച്ചടക്കത്തിലും അനുസരണയിലും അനുകരണീയമാംവിധം ജീവിക്കുവാൻ യുവതയെ കർക്കശമായി ബോധവത്കരിക്കണം. ശിക്ഷണം ശിക്ഷയല്ല; തലമുറയുടെ രക്ഷയാണെന്ന് എല്ലാവരുമറിയണം. ■

---

**കേരളത്തിലെ കാട്ടുമൃഗങ്ങൾ**

■ മാത്യൂസ് ആർപ്പൂക്കര

# വെരുക്

നമ്മുടെ വനങ്ങളിൽ കാണപ്പെടുന്ന വെരുകുകൾ സസ്തനികളും മാംസഭുക്കുകളും രാത്രിസഞ്ചാരികളുമാണ്. പശ്ചിമഘട്ടവനമേഖലയിലാണ് കൂടുതലായി കാണുക. വംശനാശഭീഷണി നേരിടുന്നവയാണിവ. ഇംഗ്ലീഷിൽ ഇതിനെ സിവിറ്റ് എന്നു വിളിക്കും. ഇവയെല്ലാം വിവേറിഡേ എന്ന ഗോത്രത്തിൽപ്പെടുന്നവയാണ്. ഇവയുടെ ഏറ്റവുമടുത്ത ബന്ധുക്കൾ മാർജാരവംശം തന്നെ. പക്ഷേ, ഘടനാപരമായി പല കാര്യങ്ങളിലും ഇവർ തമ്മിൽ തികച്ചും വ്യത്യസ്തരാണ്.

ചാരനിറമാണിവയ്ക്ക്. ശരീരത്തിൽ വെളുത്ത കുത്തുകളും മുതുകിൽ നെടുകെയുള്ള വരയും നീണ്ടുകൂർത്ത മുഖവുമാണിവയ്ക്കുള്ളത്. കൂർത്ത പല്ലുകളും നഖവും ഇര പിടിക്കാൻ സഹായകമാണ്. വാലിൽ മോതിരവളയങ്ങൾപോലെ കാണാം. മലബാർ വെരുകിന് 90 സെന്റീമീറ്ററോളം നീളവും ശരാശരി ആറു കിലോഗ്രാം തൂക്കവും വരും. ഒറ്റയ്ക്കാണു സഞ്ചാരം. പാറക്കൂട്ടത്തിലോ ഇടതൂർന്ന മരക്കൂട്ടത്തിലോ ആകും താമസം. രാത്രിസഞ്ചാരികളായ ഇവ പകൽ പുറത്തിറങ്ങാറില്ല. ജീവരക്ഷയ്ക്ക് വേണ്ടിവന്നാൽ മനുഷ്യരെ വരെ ആക്രമിക്കും. ഇതിന്റെ പ്രധാന ശത്രു മനുഷ്യൻതന്നെ. കടുവയും പുലിയുംമുതൽ കാട്ടുനായ്ക്കളും കുറുക്കനും വരെ വെരുകിനെ പിടികൂടുന്നു.

വെരുകുകൾക്കു നല്ല കാഴ്ചശക്തിയും ശ്രവണശക്തിയും ഘ്രാണശക്തിയുമുണ്ട്. താടിമീശകൾ മുമ്പോട്ടും പിറകോട്ടും ചലിപ്പിച്ച് മണം മനസ്സിലാക്കുന്നു. വിവിധയിനം വെരുകുവർഗങ്ങളിൽ ഭക്ഷണരീതികളിൽ മാറ്റം കാണാം. ഇരകളെ വേട്ടയാടുന്നവയും കാര്യമായി വേട്ടയാടാതെ പഴങ്ങളും കായ്കളും ഇലകളുമൊക്കെ തിന്നു കഴിയുന്നവയുമുണ്ട്. ശത്രുക്കൾ ആക്രമിക്കുമ്പോൾ തടയാനുള്ള ഒരു ക്രമീകരണം ഇവയുടെ ശരീരത്തിന്റെ മലവിസർജന ഭാഗത്തുണ്ട്. ദുർഗന്ധപൂർണമായ ഈ മഞ്ഞദ്രാവകം ശത്രുക്കളുടെ മുഖത്തേക്കു പായിച്ചുവിട്ട് രക്ഷപ്പെടുകയാണു പതിവ്. പ്രത്യേകതരം സിങ്ക്ഗ്ലാൻഡിന്റെ പ്രവർത്തനഫലമാണ്.

മനുഷ്യവാസമുള്ളിടങ്ങളിലേക്കു വെരുകുകൾ ഇറങ്ങിവരാറുണ്ട്. നിശ്ശബ്ദജീവികളായ ഇവയിൽ രണ്ടിനം മാത്രമേ എന്തെങ്കിലും ശബ്ദം ഉണ്ടാക്കുന്നുള്ളൂ. ഒക്ടോബർ-ഡിസംബർ മാസങ്ങളിലാണ് പ്രജനനം. പറയിടുക്കുകളിലും പോടുകളിലും കുഞ്ഞുങ്ങൾ വളരുന്നു.

സിവെറ്റ് എന്ന വാക്കിന്റെ ഉദ്ഭവം അറബിഭാഷയിലുള്ള ഗന്ധം എന്നർത്ഥം വരുന്ന സെബറ്റ് എന്ന വാക്കിൽനിന്നാണ്. ഇവയുടെ സ്രവത്തിൽ അമോണിയ, കൊഴുപ്പുകൾ, വേഗം ബാഷ്പീകരിക്കുന്ന എണ്ണകൾ എന്നിവ അടങ്ങിയിരിക്കുന്നു. ഇവയുടെ സുഗന്ധമുള്ള ഗ്രന്ഥിയായ സ്രവം സുഗന്ധവസ്തുക്കൾ നിർമിക്കാനുപയോഗിക്കുന്നു. വെരുകിൻപുഴു എന്നറിയപ്പെടുന്ന ഗ്രന്ഥി സ്രവം വിലയേറിയ സുഗന്ധവസ്തുവാണ്. ചില കൃഷിക്കാർ വെരുകിനെ വളർത്തി വെരുകിൻപുഴു ആദായമാക്കുന്നുണ്ട്.



■




**ഡിസംബർ 5**
**മംഗളവാർത്ത**
**രണ്ടാം ഞായർ**

**ഉത്പത്തി 3: 8-24**
**ജറെ 33: 14 - 26**
**വെളി 5: 1-5**
**വി. ലൂക്കാ 1: 26-38**

# മംഗളവാർത്തയിലൂടെ പെയ്തിറങ്ങുന്ന ദൈവകരുണ





**മാർ ജേക്കബ് മുരിക്കൻ**

പരിശുദ്ധ കന്യാമറിയത്തോട് ഗബ്രിയേൽദൂതൻ മംഗളവാർത്ത ചൊല്ലുന്ന വി. ലൂക്കാ സുവിശേഷഭാഗം കേന്ദ്രമാക്കിയുള്ളതാണ് ഇന്നത്തെ മറ്റു വി. ഗ്രന്ഥവായനകൾ. രക്ഷകന്റെ ആഗമനത്തിനു സമയമായിരിക്കുന്നുവെന്നത് മനുഷ്യകുലത്തെ മുഴുവൻ ആഹ്ലാദം കൊള്ളിക്കുന്ന സുവാറയാണ്.

ആദ്യവായനയിൽ, പറുദീസായിൽ ദൈവം മനുഷ്യനു കൊടുത്ത ജീവന്റെ കല്പന ലംഘിച്ച ആദിമാതാപിതാക്കൾ പാപംവഴി

> **മറിയം മംഗളവാർത്തയ്ക്ക് അനുകൂലമായി മറുപടി നൽകിയപ്പോൾ ദൈവത്തിന്റെ ഹിതവും മനുഷ്യന്റെ മനസ്സും ഒന്നായി. അവിടെയാണ് നന്മയുടെ വിജയവും തിന്മയുടെ പരാജയവും. കരുണ കാണിച്ച ദൈവത്തോട് ഭാവാത്മകമായി പ്രതികരിക്കുന്ന പരിശുദ്ധ മറിയത്തിന്റെ മാതൃകയാണ് ഇവിടെ ഉദാത്തമാകുന്നത്.**

ശിക്ഷയ്ക്കു പാത്രമായെങ്കിലും, ഹവ്വായോട് രക്ഷ വാഗ്ദാനം ചെയ്യുന്ന ദൈവത്തിന്റെ കരുണ തന്നെയാണ് സവിശേഷകരമായിട്ടുള്ളത്. സർപ്പം തിന്മയുടെ പ്രതീകമാണ്. സ്ത്രീയും സർപ്പവും തമ്മിലുള്ള ശത്രുത, ഇരുവരുടെയും സന്തതികൾ തമ്മിലുള്ള ശത്രുത തുടങ്ങിയവ സൂചിപ്പിക്കുന്നത് തിന്മയ്ക്കെതിരേയുള്ള മനുഷ്യവർഗത്തിന്റെ സന്ധിയില്ലാസമരമാണ്. ദൈവം തന്നെയാണ് ഈ യുദ്ധപ്രഖ്യാപനം നടത്തുന്നത്. സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കുമെന്ന പ്രഖ്യാപനം അന്തിമവിജയം മ മനുഷ്യനായിരിക്കുമെന്നതിന്റെ സൂചനയാണ്. സ്ത്രീയിൽനിന്നു ജനിച്ച ദൈവപുത്രനായ ഈശോമിശിഹായുടെ രക്ഷണീയകൃത്യങ്ങളുടെ ഫലമായി മനുഷ്യവർഗത്തിന് തിന്മയുടെമേൽ ശാശ്വതവിജയം ലഭിച്ചു. ഈ വിജയപ്രവചനം ആദ്യത്തെ സദ്വാർത്തയാണ്.

ജെറമിയാപ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള രണ്ടാം വായനയിൽ, ദാവീദിന്റെ വംശത്തിൽനിന്നു ദൈവം രക്ഷയുടെ ഒരു ശാഖ മുളപ്പിക്കുമെന്ന പ്രത്യാശാജനകമായ അറിയിപ്പാണ് മനുഷ്യകുലത്തിനു ലഭിക്കുന്നത്. രക്ഷ ദൈവത്തിന്റെ കരുണയുടെ ഫലമാണ്. മനുഷ്യന്റെ പശ്ചാത്താപവും പ്രായശ്ചിത്തപ്രവൃത്തികളുംമൂലമല്ല രക്ഷ; പ്രത്യുത, അതു ദൈവത്തിന്റെ പ്രവൃത്തിയാണ്. പ്രായശ്ചിത്തവും പശ്ചാത്താപവുമെല്ലാം കരുണ ലഭിച്ച മനുഷ്യന് ദൈവത്തോടുണ്ടാകുന്ന സ്നേഹനിർഭരമായ വികാരമാണ്. ദൈവികമായ കരുണയെ സ്വീകരിക്കാൻ മനുഷ്യനെ പ്രാപ്തനാക്കുന്ന ധർമം മാത്രമേ പരിഹാരകർമങ്ങൾക്കുള്ളൂ. പുതിയ ഉടമ്പടിയിൽ ദൈവപുത്രനായ ഈശോമിശിഹായിലൂടെ വെളിപ്പെട്ട ദൈവകാരുണ്യത്തിന്റെ അനന്തരഫലമായിട്ടാണ് രക്ഷയെ അവതരിപ്പിക്കുന്നത്.

വെളിപാടുപുസ്തകത്തിൽനിന്നുള്ള മൂന്നാംവായനയിൽ സിംഹാസനസ്ഥന്റെ വലതുകൈയിൽ അകത്തും പുറത്തും എഴുതപ്പെട്ടതും സപ്തമുദ്രകൾ പതിച്ചതുമായ ഒരു പുസ്തകച്ചുരുളിനെയാണ് വിവരിക്കുന്നത്. ഈ ചുരുൾ നിവർക്കാനോ അതിലേക്കു നോക്കാനോ യോഗ്യതയുള്ള ആരെയും കാണാത്തതിനാൽ താൻ വളരെയേറെ കരഞ്ഞുവെന്നത് ഈശോയുടെ വരവിനു മുമ്പുള്ള മനുഷ്യന്റെയും പ്രപഞ്ചത്തിന്റെയും അവസ്ഥയുടെ ദയനീയസ്ഥിതിയാണ് വെളിപ്പെടുത്തുന്നത്. തിന്മയുടെ തടവറയിൽനിന്നു മോചനം പോലും അസാധ്യമായ നിരാശാജനകമായ അവസ്ഥ. എന്നാൽ, കരയുന്ന എന്നോട് ശ്രേഷ്ഠന്മാരിൽ ഒരുവൻ പറഞ്ഞു: "കരയാതിരിക്കൂ" അവൻ തുടർന്നു; "ഇതാ, യൂദാവംശത്തിൽനിന്നുള്ള സിംഹവും ദാവീദിന്റെ വേരുമായവൻ വിജയിച്ചിരിക്കുന്നു." മിശിഹായെക്കുറിച്ചു നൂറ്റാണ്ടുകളായി നിലനിന്ന പ്രതീക്ഷകൾ ഈശോയിൽ നിറവേറിയിരിക്കുന്നു. മിശിഹായുടെ വരവോടെ ചുരുൾ നിവർക്കാൻ കഴിയുന്നവന്റെ ആഗമനമായിരിക്കുന്നു. മിശിഹാ തന്റെ പരിത്രാണകർമത്തിലൂടെ നേടുന്ന വിജയത്തിലൂടെ മനുഷ്യകുലത്തിനു നിത്യമായ രക്ഷ ഉറപ്പാക്കിയിരിക്കുന്നു. ഇതും ദൈവം തന്റെ പുത്രനിലൂടെ ചൊരിഞ്ഞ കരുണാർദ്രമായ സ്നേഹത്തിന്റെ സദ്വാർത്തയാണ്.

വി. ലൂക്കാ സുവിശേഷകൻ രേഖപ്പെടുത്തുന്ന മംഗളവാർത്ത ഈ ആരാധനാവത്സരത്തിന്റെ തന്നെ കേന്ദ്രവും പ്രധാന ചിന്താവിഷയവുമാണ്. ഗബ്രിയേൽ ദൂതൻ പരിശുദ്ധ മറിയത്തെ, അവൾ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കുമെന്നും അവന് ഈശോ എന്നു പേരിടണമെന്നും അവൻ അത്യുന്നതന്റെ പുത്രനെന്നു വിളിക്കപ്പെടുമെന്നും യാക്കോബിന്റെ ഭവനത്തിന്മേൽ അവൻ എന്നേക്കും ഭരണം നടത്തുമെന്നും അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാകുകയില്ലെന്നും അറിയിക്കുകയാണ്. മറിയം പ്രത്യുത്തരിക്കുന്നുണ്ട്. "ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ." ദൂതൻ പറഞ്ഞു. "പരിശുദ്ധാത്മാവ് നിന്റെമേൽ വരും. ആകയാൽ, ജനിക്കാൻ പോകുന്നവൻ പരിശുദ്ധൻ, ദൈവപുത്രൻ എന്നു വിളിക്കപ്പെടും." ദൂതൻ താൻ പറയുന്ന കാര്യങ്ങളുടെ സാധുതയ്ക്കുവേണ്ടി എലിസബത്തിനെയും പരാമർശിക്കുന്നുണ്ട്. മറിയം മംഗളവാർത്തയ്ക്കു മറുപടി നൽകി: "ഇതാ, കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ."

ഗബ്രിയേൽ എന്ന പദത്തിന്റെ അർത്ഥം 'ദൈവത്തിന്റെ ശക്തി' എന്നാണ്. ദൈവത്തിന്റെ ശക്തി മറിയത്തിൽ പ്രവർത്തനനിരതമാകുന്നുവെന്നാണ് ഗബ്രിയേൽ അറിയിക്കുന്നത്. അതിലൂടെ നീതിയുടെ ഭരണമാരംഭിക്കുകയായി. തിന്മയുടെ പരാജയവും നന്മയുടെ വിജയവും സംഭവിക്കുന്നു. മറിയം മംഗളവാർത്തയ്ക്ക് അനുകൂലമായി മറുപടി നൽകിയപ്പോൾ ദൈവത്തിന്റെ ഹിതവും മനുഷ്യന്റെ മനസ്സും ഒന്നായി. അവിടെയാണ് നന്മയുടെ വിജയവും തിന്മയുടെ പരാജയവും. കരുണ കാണിച്ച ദൈവത്തോട് ഭാവാത്മകമായി പ്രതികരിക്കുന്ന പരിശുദ്ധ മറിയത്തിന്റെ മാതൃകയാണ് ഇവിടെ ഉദാത്തമാകുന്നത്. ■

# ദൈവശാസ്ത്രപഠനം ദൈവവചനത്തിലും പാരമ്പര്യങ്ങളിലും അധിഷ്ഠിതമാകണം : മാർ ജോസഫ് കല്ലറങ്ങാട്ട്




പാലാ : ദൈവശാസ്ത്രപഠനം ദൈവവചനത്തിലും വിശുദ്ധ പാരമ്പര്യങ്ങളിലും അതിഷ്ഠിതമാകണമെന്നും, ദൈവശാസ്ത്രപഠിതാക്കൾ വചനാധിഷ്ഠിതജീവിതവും പ്രഘോഷണവും മുഖമുദ്രയാക്കണമെന്നും പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്. രൂപതയുടെ അല്മായ ദൈവശാസ്ത്രപഠനകേന്ദ്രമായ അൽഫോൻസിയൻ അക്കാദമിയിൽനിന്ന് ദൈവശാസ്ത്രപഠനം പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം ചെയ്തു സംസാരിക്കുകയായിരുന്നു ബിഷപ്.

കോട്ടയം പൗരസ്ത്യവിദ്യാപീഠത്തിന്റെ അംഗീകാരത്തോടെ 33 പേർ ബിരുദാനന്തരബിരുദവും 23 പേർ ഡിപ്ലോമയും കരസ്ഥമാക്കി. പൗരസ്ത്യവിദ്യാപീഠം പ്രസിഡണ്ട് ഫാ. ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ അധ്യക്ഷത വഹിച്ച യോഗത്തിൽ മാർത്തോമ്മാ വിദ്യാനികേതൻ ഡയറക്ടർ ഫാ. ഡോ. തോമസ് കറുകക്കളം, പാലാ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ എട്ടുപറയിൽ, അക്കാദമി അസി. ഡയറക്ടർ ഫാ. ഡോ. മാത്യു ആലപ്പാട്ടുമേടയിൽ, വിദ്യാർത്ഥി പ്രതിനിധി പോൾ കരിക്കാമുകളേൽ എന്നിവർ പ്രസംഗിച്ചു. അക്കാദമി ഡയറക്ടർ ഫാ. ഡോ. ജോസഫ് മുത്തനാട്ട് സ്വാഗതവും പ്രൊ. ഡയറക്ടർ ഫാ. ഡോ. ജോസഫ് കുറ്റിയാങ്കൽ നന്ദിയും പറഞ്ഞു.

# ഭൂമിയുടെ ജാതകം കുറിക്കാൻ






മാത്യു എം. കുര്യാക്കോസ്




**ipcc** അത്ര നിസ്സാരമായ കാര്യമല്ല ചെയ്തുകൊണ്ടിരിക്കുന്നത്. ഭൂമിയുടെ ഭാവി കൃത്യമായി പറഞ്ഞുതരുന്ന ഒരു അന്താരാഷ്ട്രസമിതിയാണിത്. പ്രത്യേകിച്ച് കാലാവസ്ഥാവ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ. വ്യക്തമായ ശാസ്ത്രപഠനങ്ങളുടെ വെളിച്ചത്തിൽ ഉരുത്തിരിഞ്ഞുവരുന്ന ശാസ്ത്രീയനിഗമനങ്ങളെ ക്രോഡീകരിച്ച് സത്യസന്ധമായ വിവരങ്ങൾ ശാസ്ത്രലോകത്തിനു മാത്രമല്ല, മാനവസമൂഹത്തിനും എത്തിച്ചുകൊടുക്കുന്ന ഒരു ജാഗ്രതാസമിതിയായും ipcc പ്രവർത്തിക്കുന്നു. കാലാവസ്ഥാവ്യതിയാനം എന്ന പ്രതിഭാസവുമായി ബന്ധപ്പെട്ട് ലോകത്തെവിടെയും സംഭവിക്കുന്ന ഏതൊരു കാര്യവും. ഏതൊരു പഠനവും, ഏതൊരു റിപ്പോർട്ടും സ്വീകരിച്ച്, വിലയിരുത്തി, ക്രോഡീകരിച്ച് ലോകത്തെ അറിയിക്കുന്നു. കാലാവസ്ഥാവ്യതിയാനവും അനുബന്ധവിഷയങ്ങളും മാത്രം നിരീക്ഷിക്കുന്നതിനുവേണ്ടി ഐക്യരാഷ്ട്രസഭ സൃഷ്ടിച്ചിരിക്കുന്ന അന്താരാഷ്ട്രപാനലാണ് ഇന്റർനാഷണൽ പാനൽ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച് (International Panel on Climate Change).

ipcc കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ച് സ്വന്തമായി ഗവേഷണങ്ങൾ നടത്താറില്ല. മറിച്ച്, ലോകത്തെവിടെയും ഈ വിഷയത്തെക്കുറിച്ചു നടക്കുന്ന എല്ലാ ഗവേഷണഫലങ്ങളും സത്യസന്ധമായി അപഗ്രഥിച്ച്, പ്രഗല്ഭരായ ശാസ്ത്രജ്ഞന്മാർ വിവിധ തലങ്ങളിൽ നിരീക്ഷണപഠനങ്ങൾ നടത്തി വീണ്ടും വിലയിരുത്തി നിഷ്പക്ഷമായി തയ്യാറാക്കുന്ന അന്തിമ വിലയിരുത്തൽ റിപ്പോർട്ട് (Final Assesment Report) കാലാകാലങ്ങളിൽ പുറത്തുവിടുന്നു.

1988 ൽ ഐക്യരാഷ്ട്രസഭയുടെ പരിസ്ഥിതി പ്രോഗ്രാമും (United Nations Environment Programme (UNEP) ലോകകാലാവസ്ഥാസംഘടനയും (World Meterological Organization, WMO)ചേർന്നു സ്ഥാപിച്ച ഈ സമിതി, മനുഷ്യനിർമിതപ്രവർത്തനങ്ങളുടെ ആധിക്യംവഴി മാനവരാശിക്കു സംഭവിക്കാനിടയുള്ള വലിയ വിപത്തുകളെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ നൽകുന്നു. ലോകരാഷ്ട്രങ്ങൾ തമ്മിൽ നടക്കുന്ന അനിയന്ത്രിതമായ വാണിജ്യ - വ്യാപാരമത്സരത്തിലും, ആധുനികവത്കരണത്തിലും ഫോസിൽ ഇന്ധനങ്ങളുടെ കത്തിക്കലുൾപ്പെടെ നടക്കുന്ന ഭീമമായ അന്തരീക്ഷമലിനീകരണത്തിലുംപെട്ട് ജൈവവ്യവസ്ഥയ്ക്കുണ്ടാകുന്ന ആഘാതങ്ങളെക്കുറിച്ച് രാഷ്ട്രത്തലവന്മാർക്ക് നിർണായകമായ അറിവുകൾ പകർന്നുകൊടുക്കാൻ ipcc യ്ക്കു കഴിയുന്നു. അതുവഴി ഓരോ രാജ്യത്തിനും പ്രയോജനപ്രദമായ കാലാവസ്ഥാനയങ്ങൾ രൂപവത്കരിക്കാനും പ്രഖ്യാപിക്കാനും സഹായിക്കുന്ന സമിതിയായി ipcc മാറുന്നു. ഇന്ത്യയുൾപ്പെടെ 195 രാഷ്ട്രങ്ങൾ ഈ പാനലിലെ അംഗങ്ങളാണ്. ലോകരാഷ്ട്രങ്ങളിൽനിന്നുള്ള ആയിരക്കണക്കിനു പ്രതിഭാധനരായ ശാസ്ത്രജ്ഞന്മാരുടെ സേവനം സമിതിക്കു ലഭ്യമാകുന്നുണ്ട്. മാത്രമല്ല, വിലയിരുത്തൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർഗവേഷണങ്ങളുടെ ആവശ്യകതയെക്കുറിച്ചും, സാധ്യതകളെക്കുറിച്ചും ശാസ്ത്രലോകത്തിന് അറിവ് നൽകാനും സമിതിക്കു സാധിക്കുന്നു. കാലാവസ്ഥാവ്യതിയാനത്തെ അഭിമുഖീകരിക്കാനും അതിജീവിക്കാനും സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും നയങ്ങളെക്കുറിച്ചും രാഷ്ട്രത്തലവന്മാരെ ബോധ്യപ്പെടുത്തുകയെന്ന വലിയ ഉത്തരവാദിത്വവും ipcc ഏറ്റെടുക്കുന്നു.




പ്രവർത്തനമികവിനും ഏകോപനത്തിനുംവേണ്ടി പാനലിനെ മൂന്നു വർക്കിങ് ഗ്രൂപ്പുകളായി തിരിച്ചിട്ടുണ്ട്.

കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ചുള്ള ഭൗതികശാസ്ത്ര അറിവുകളുടെ സമാഹാരമാണ് ഒന്നാം വർക്കിങ് ഗ്രൂപ്പിന്റെ ദൗത്യം. കാലാവസ്ഥാവ്യതിയാനത്തിന്റെ അനന്തരഫലങ്ങളെക്കുറിച്ചും, തീവ്രതയെക്കുറിച്ചുമുള്ള ഗവേഷണഫലങ്ങളുടെ ഏകോപനമാണ് രണ്ടാം വർക്കിങ് ഗ്രൂപ്പിൽ നിക്ഷിപ്തമായ ദൗത്യം. കാലാവസ്ഥാവ്യതിയാനത്തെ അതിജീവിക്കാനുള്ള ഫലപ്രദമായ മാർഗങ്ങളെക്കുറിച്ചും പദ്ധതികളെക്കുറിച്ചുമുള്ള സമഗ്രമായ ആവിഷ്കാരമാണ് മൂന്നാം വർക്കിങ് ഗ്രൂപ്പിന്റെ ദൗത്യത്തിൽ ഉൾച്ചേർത്തിരിക്കുന്നത്. കൂടാതെ, കാലാവസ്ഥാവ്യതിയാനത്തിനു കാരണമായിട്ടുള്ള ഹരിതഗൃഹവാതകങ്ങളുടെ നിർഗമനത്തെക്കുറിച്ചുള്ള പഠനങ്ങളും അളവു നിർണയിക്കുന്നതിനുള്ള മാർഗങ്ങളും കണക്കെടുപ്പുകളും നടത്തുന്നതിനുവേണ്ടിയുള്ള ടാസ്ക്ഫോഴ്സും സജ്ജീകൃതമായിട്ടുണ്ട്.

1988 ൽ സ്ഥാപിതമായതിനു ശേഷം ipcc 1990 ൽ പുറത്തുവിട്ട അസസ്മെന്റ് റിപ്പോർട്ടും 1995 ൽ പുറത്തിറക്കിയ സെക്കൻഡ് അസസ്മെന്റ് റിപ്പോർട്ടും 2001 ലും 2007 ലും പുറത്തിറക്കിയ മൂന്നും നാലും അസസ്മെന്റ് റിപ്പോർട്ടും 2014 ലെ അഞ്ചാമത്തെ അസസ്മെന്റ് റിപ്പോർട്ടും പിന്നീട് 2021 ൽ ഇറങ്ങിയ അസസ്മെന്റ് റിപ്പോർട്ട്-6 (AR6) വരെ എത്തുമ്പോൾ ആധുനികസാങ്കേതികവിദ്യകൾ ഉപയോഗിച്ച് കാലാവസ്ഥാവ്യതിയാനത്തിന്റെ വിവിധ കാരണങ്ങളെക്കുറിച്ചും സ്വഭാവത്തെക്കുറിച്ചുമുള്ള വ്യക്തമായ അറിവുകൾ ലോകത്തിനു പകർന്നേകാൻ ipcc യ്ക്കു കഴിഞ്ഞിട്ടുണ്ട്. ആവാസവ്യവസ്ഥകൾക്കു പ്രാധാന്യം നൽകി പ്രഖ്യാപിക്കുന്ന നയങ്ങളുടെ രൂപവത്കരണത്തിലും വികസിത-വികസ്വരരാജ്യങ്ങളുടെമേൽ സമ്മർദം ചെലുത്തി പൊതുസമൂഹത്തിനുവേണ്ടി ശക്തമായ തീരുമാനമെടുക്കാനുള്ള പ്രേരകശക്തിയായി ipcc യുടെ റിപ്പോർട്ടുകൾ മാറുന്നുവെന്നത് ആശ്വാസകരമാണ്. മനുഷ്യനിർമിതകാലാവസ്ഥാവ്യതിയാനത്തെക്കുറിച്ചുള്ള ipcc യുടെ നിരീക്ഷണങ്ങൾക്കും, ഫലപ്രദമായ റിപ്പോർട്ടിങ്ങിനുള്ള അന്താരാഷ്ട്ര അംഗീകാരമായിരുന്നു 2007 ൽ സമാധാനത്തിനുള്ള നോബൽ സമ്മാനത്തിന് ipcc എന്ന സംഘടനയെ നോർവീജിയൻ കമ്മറ്റി തിരഞ്ഞെടുത്തത്. ആ വർഷത്തെ നോബൽ സമ്മാനം പങ്കിട്ടത് അമേരിക്കൻ മുൻ വൈസ് പ്രസിഡന്റ് അൽഗോർ ആണെന്നതും സന്തോഷകരമാണ്. കാലാവസ്ഥാവ്യതിയാനം എന്ന യാഥാർത്ഥ്യത്തെ ‘The inconvenient truth’ എന്ന ഡോക്യുമെന്ററിയിലൂടെ സാധാരണക്കാരനു പകർന്നുകൊടുക്കാൻ അൽഗോറിനു കഴിഞ്ഞു. ഇന്ത്യക്കാരെന്ന നിലയിൽ നമുക്ക് അഭിമാനിക്കാവുന്ന ഒരു നേട്ടമായിരുന്നു ipcc യുടെ നോബൽ സമ്മാനം. ആ കാലഘട്ടത്തിൽ 2002 മുതൽ 2015 വരെ ipcc യുടെ അധ്യക്ഷനായിരുന്നത് ഇന്ത്യക്കാരനായ രാജേന്ദ്ര കെ. പൗച്ചരി എന്ന ശാസ്ത്രജ്ഞനായിരുന്നു. ആദ്യ ചെയർമാനായിരുന്ന റോബർട്ട് വാട്ട്സണും, പിന്നീടു വന്ന രാജേന്ദ്ര പൗച്ചരിയും ഇപ്പോഴത്തെ ചെയർമാനായ ഡോ. ഹോസുങ് ലീയും ശക്തമായ നേതൃത്വമാണ് ipcc യ്ക്കു നല്കുന്നത്.

വിനാശകരമായ യാഥാർത്ഥ്യത്തിനുമുന്നിൽ വിറങ്ങലിച്ചു നിൽക്കാതെ, മനുഷ്യനുൾപ്പെടെയുള്ള ജീവജാലങ്ങളുടെ ആവാസവ്യവസ്ഥയെ പിടിച്ചുനിർത്താനുള്ള അതിജീവനത്തിന്റെ ഈ മഹായജ്ഞത്തെ ലഘൂകരിക്കാനുള്ള ആത്മാർത്ഥമായ ശ്രമങ്ങൾ നമ്മുടെ ഭാഗത്തുനിന്ന് ഉണ്ടാകും എന്നു ഹൃദയപൂർവം ഒരുമിച്ചു നമുക്കു പറയാം.

■

---



ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

## സ്വാദിഷ്ഠം

“പറയുന്നു മാതേവൻ: ഈ ഞാലിപ്പൂവന്റെ
പഴമെത്ര സാദൊള്ളതായിരിക്കും” - ചങ്ങമ്പുഴയുടെ വാഴക്കുല എന്ന കാവ്യത്തിലെ വരികളാണിത്. സ്വാദ് എന്ന ശുദ്ധപദം പുലയഭാഷണത്തിൽ ‘സാദ്’ എന്നാകുന്നു. അവിടെ ‘സാദി’നെ സ്വാദ് ആക്കിയാൽ അനൗചിത്യമാകും. മാനകമലയാളത്തിൽ സ്വാദ് എന്നുതന്നെ എഴുതണം. സ്വാദ് എന്ന സംസ്കൃതശബ്ദത്തിനു രുചി എന്നർത്ഥം.

സ്വാദ് എന്ന പദത്തിന്റെ വിധിരൂപം (positive) സ്വാദ് എന്നുതന്നെയാണ്. സ്വാദീയസ് എന്നാണതിന്റെ താരതമ്യരൂപം (comparitive). തമരൂപമാകട്ടെ (superlative), സ്വാദിഷ്ഠം എന്നുവരും. സ്വാദ് — സ്വാദീയസ് — സ്വാദിഷ്ഠം. സംസ്കൃതവ്യാകരണത്തിൽ ഇവയെ അതിശായനരൂപങ്ങൾ എന്നു വ്യവഹരിക്കുന്നു. ഇംഗ്ലീഷിൽ ഇതിന് ഡിഗ്രീസ് ഓഫ് കംപാരിസൺ എന്നു പറയും (er - est).

‘‘അതിശായനേ തമബിഷ്ഠനൗ’’* എന്ന സൂത്രപ്രകാരം സ്വാദിഷ്ഠം ആണ് ശുദ്ധരൂപം. ഏറ്റവും കൂടുതൽ സ്വാദുള്ളത് എന്നാണ് സ്വാദിഷ്ഠത്തിന് അർത്ഥം. സാദിഷ്ഠം, സ്വാദിഷ്ടം, സാദിഷ്ടം എന്നിവയെല്ലാം തെറ്റായ പദങ്ങളാകുന്നു. എഴുത്തുഭാഷയിൽ ഇവയെ വർജിക്കണം. Most delicious എന്നർത്ഥമുള്ള ഒരു സംസ്കൃതപദമാണ് സ്വാദിഷ്ഠം. ഏറ്റവും കൂടുതൽ സ്വാദുള്ളത് എന്നാണ് അർത്ഥം. ഈ വാക്ക് സ്വാദിന്റെ കൂടെ ഇഷ്ടം ചേർന്നുണ്ടായതാണെന്നു തെറ്റിദ്ധരിച്ച് സ്വാദിഷ്ടം എന്ന് പലരും എഴുതുന്നു.** ഇങ്ങനെയുള്ള തെറ്റുകൾ ഒഴിവാകാൻ അവശ്യം വേണ്ട സംസ്കൃതപരിജ്ഞാനം കൂടിയേ തീരൂ.

ഗുരു — ഗരീയസ് — ഗരിഷ്ഠം; അണു — അണീയസ് — അണിഷ്ഠം; ലഘു — ലഘീയസ് —ലഘിഷ്ഠം എന്നിങ്ങനെ സമാനരൂപങ്ങൾ സൃഷ്ടിക്കാം. രൂപപരവും അർത്ഥപരവുമായ സ്ഖലിതങ്ങൾ അസംഖ്യേയങ്ങളാണ്. നിത്യമായി ഉപയോഗത്തിൽ വരുന്ന വാക്കുകളിലെ തെറ്റുകൾ കണ്ടെത്തി സ്വയം പരിഹരിക്കാൻ ഓരോരുത്തരും തയ്യാറാകണം. എങ്കിലേ ഭാഷ കുറ്റമറ്റതാകൂ. ഭാഷ വികലമായി പ്രയോഗിക്കാൻ ആർക്കും അധികാരമില്ലല്ലോ.

* ദാമോദരൻ നായർ, പി., അപശബ്ദബോധിനി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2013, പുറം - 687.

** ഗോപി, ആദിനാട്, മലയാളം(ശൈലി, പ്രയോഗം, ലിപി), രചന ബുക്സ്, കൊല്ലം, 2009, പുറം - 74



# ദസ്തയേവ്സ്കി, പെരുമ്പടവം; പിന്നെ, റഷ്യയും

■ സിജോ പൈനാടത്ത്

വിശ്വസാഹിത്യത്തിന്റെ വായനവഴികളിൽ വിസ്മയങ്ങളുടെ വിരുന്നാണു ഫിയദോർ മിഖാലയോവിച്ച് ദസ്തയേവ്സ്കി. കാല്പനികതയ്ക്കപ്പുറം ഹൃദയംകൊണ്ടു വായിച്ചുതീർത്തതാണ് അദ്ദേഹത്തിന്റെ രചനകൾ.

'കാരമസോവ് സഹോദരന്മാ'രിൽ ദസ്തയേവ്സ്കി കുറിച്ചു:

എന്താണു നരകം? ഞാൻ പറയുന്നു, സ്നേഹിക്കാനാവാത്തതിന്റെ ഹൃദയവേദനയാണതെന്ന്.'

ഹൃദയത്തിന്റെ വിചാരധാരകൾ അത്രമേൽ അക്ഷരങ്ങളിലേക്കാവാഹിച്ചു പകർന്നുതന്ന ദസ്തയേവ്സ്കിയുടെ 200-ാം ജന്മവാർഷികം ലോകം 2021 ൽ അനുസ്മരിക്കുന്നു. മലയാളിവായനക്കാർ ഹൃദയത്തിൽ ഇടം നൽകി ആദരിച്ച എഴുത്തുകാരനാണ് ദസ്തയേവ്സ്കി. ആർത്തിയോടെ ഒറ്റയിരുപ്പിൽ വായിച്ചുതീർത്ത മലയാളി വിവർത്തനങ്ങളിലും ദസ്തയേവ്സ്കിയുടെ രചനകൾതന്നെയാകും മുന്നിൽ. കുറ്റവും ശിക്ഷയും, കാരമസോവ് സഹോദരന്മാർ, ഇഡിയറ്റ്, ചൂതാട്ടക്കാരൻ... നമ്മൾ മലയാളികൾ ഇന്നും ആവേശത്തോടെ ആവർത്തിച്ചു വായിച്ചുകൊണ്ടേയിരിക്കുകയാണ് ദസ്തയേവ്സ്കിയെ.

എന്തുകൊണ്ടാണു മലയാളത്തിനു ദസ്തയേവ്സ്കി ഇത്രമേൽ പ്രിയപ്പെട്ടവനായത്? അതിന്റെ കാരണങ്ങൾ തേടുമ്പോൾ, ആ വിശ്വസാഹിത്യകാരന്റെ മനസ്സും ഹൃദയഭാഷയും അദ്ദേഹത്തിന്റെ ജീവിതവഴികളിലെ ഇരുളും വെളിച്ചവുമെല്ലാം ആഴത്തിൽ അറിയാൻ ശ്രമിച്ച, അതിനെ ധ്യാനാത്മകമായി തന്റെ രചനാവഴികളിലേക്കു ക്ഷണിച്ചുകൊണ്ടുവന്ന പെരുമ്പടവം ശ്രീധരൻ എന്ന മലയാളത്തിന്റെ പ്രിയപ്പെട്ട എഴുത്തുകാരനു ചെറുതല്ലാത്ത സ്ഥാനമുണ്ടെന്നു കണ്ടെത്താനാകും. തന്റെ ജീവിതാനുഭവങ്ങളുടെ നിറങ്ങൾ ചാലിച്ചെഴുതിയ ദസ്തയേവ്സ്കിയെ മലയാളത്തിനു പ്രിയപ്പെട്ടവനാക്കിയ പെരുമ്പടവം, തന്റെ രചനാസങ്കേതങ്ങളിലും ആ മഹാപ്രതിഭയുടെ ജീവിതവും പരിസരങ്ങളും വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നു പറഞ്ഞുവയ്ക്കുന്നു.

**ഒരു സങ്കീർത്തനംപോലെ**

അനേകം പതിപ്പുകൾ പ്രസിദ്ധീകരിക്കപ്പെടുകയും ലക്ഷക്കണക്കിനു കോപ്പികൾ വിറ്റഴിയുകയും അതിലുമെത്രയോ ഇരട്ടിയാളുകൾ വായിച്ചനുഭവിക്കുകയും ചെയ്ത പെരുമ്പടവത്തിന്റെ ഒരു സങ്കീർത്തനംപോലെ എന്ന നോവൽ, ദസ്തയേവ്സ്കിയുടെ ജീവിതത്തോടു ലയിച്ചുചേർന്നതാണ്. വിശ്വസാഹിത്യകാരന്റെ ആത്മനൊമ്പരങ്ങളുടെയും ഭാവസൗന്ദര്യത്തിന്റെയും പ്രണയവിശുദ്ധിയുടെയുമൊക്കെ മുഗ്ധഭാവങ്ങൾക്കു കൺമുന്നിലെന്നപോൽ അക്ഷരക്കൂട്ടൊരുക്കിയ നോവൽ.

ദസ്തയേവ്സ്കിയുടെ റഷ്യയും അദ്ദേഹത്തിന്റെ പ്രിയനഗരമായ സെന്റ് പീറ്റേഴ്സ്ബർഗും അന്നയുമൊത്തുള്ള ജീവിതമുഹൂർത്തങ്ങൾക്കു സാക്ഷിയായ എഴുത്തുമുറിയുമൊക്കെ കാണണമെന്നതു പെരുമ്പടവത്തിനു ജീവിതത്തിലെ വലിയ സ്വപ്നംകൂടിയായിരുന്നു. ഒരു സങ്കീർത്തനം പോലെ എഴുതുമ്പോഴും ശേഷം ഏറെ വർഷക്കാലവും അതു സ്വപ്നമായിത്തന്നെ നിലനിന്നു.

ഒടുവിൽ 2015 ൽ പെരുമ്പടവം ശ്രീധരൻ റഷ്യ സന്ദർശിച്ചു. ഒരു സങ്കീർത്തനംപോലെ പ്രസിദ്ധീകരിച്ചതിന്റെ 22-ാം വർഷത്തിലാണു സന്ദർശനം. സെന്റ് പീറ്റേഴ്സ് ബർഗിലെ ദസ്തയേവ്സ്കിയുടെ വീടു കണ്ടു. വിശ്വസാഹിത്യത്തിലെ മഹാപ്രതിഭയുടെ എഴുത്തുകളുടെ ഗന്ധമുള്ള മുറിയിൽ താണുവണങ്ങി. ജീവിതത്തിലെ ഏറ്റവും വലിയൊരു സ്വപ്നത്തിന്റെ സാക്ഷാത്കാരം.

വിശുദ്ധനാടും റഷ്യയും സന്ദർശിക്കണമെന്നതു



ചെറുപ്പത്തിലെ വലിയ മോഹങ്ങളായിരുന്നെന്നു പെരുമ്പടവം പറയുന്നു. കാലങ്ങളെടുത്തു രണ്ടും സാധിച്ചു. ടോൾസ്റ്റോയിയുടെയും ചെക്കോവിന്റെയും ദസ്തയേവ്സ്കിയുടെയും പുഷ്കിന്റെയുമൊക്കെ കൃതികൾ വായിച്ചുള്ള ചിത്രങ്ങളായിരുന്നു കുഞ്ഞുനാളിലേ റഷ്യ മനസ്സിൽ കൊതിയുണർത്തിയത്. ലെനിനും കമ്യൂണിസവും സ്വാധീനിച്ച റഷ്യയെയല്ല, വിശ്വസാഹിത്യപ്രതിഭകൾ വരച്ചിട്ട റഷ്യയായിരുന്നു മനസിൽ.

**മനോഹരനഗരം**

ലോകത്തിലെ ഏറ്റവും മനോഹരമായ നഗരങ്ങളിലൊന്നാണ് സെന്റ് പീറ്റേഴ്സ് ബർഗ്. പകലും രാത്രിയും വല്ലാത്ത വശ്യസൗന്ദര്യം പ്രവഹിപ്പിക്കുന്ന നഗരക്കാഴ്ചകൾ. ദസ്തയേവ്സ്കിയെയും തന്നെയും



*സെന്റ് പീറ്റേഴ്സ് ബർഗിലെ ദസ്തയേവ്സ്കിയുടെ ശവകുടീരത്തിനുമുമ്പിൽ നോവലിസ്റ്റ് പെരുമ്പടവം ശ്രീധരൻ*

സംബന്ധിച്ച ഡോക്യുമെന്ററിയുടെ ചിത്രീകരണത്തിനാണ് പെരുമ്പടവം അന്നു റഷ്യയിലെത്തിയത്. 15 ദിവസം അദ്ദേഹം ചെലവഴിച്ചു.

സെന്റ് പീറ്റേഴ്സ് നഗരത്തിലെ രാത്രികൾക്കു പറഞ്ഞറിയിക്കാനാവാത്ത ശോഭയാണ്. 'വെളുത്ത രാത്രികളെ'ന്ന പേരിൽ ദസ്തയേവ്സ്കിയുടെ നോവൽ തന്നെയുണ്ട്. തെരുവിലൂടെ ഒറ്റയ്ക്കു നടന്നതിന്റെ ഓർമകളും പെരുമ്പടവത്തിനുണ്ട്. ദസ്തയേവ്സ്കി ഒറ്റയ്ക്കു നടന്ന, എഴുത്തുകളിൽ കുറിച്ചിട്ട നഗരവും ഇടവഴികളും മുഴുവൻ കണ്ടുതീർത്തു. അക്ഷരാർഥത്തിൽ ദസ്തയേവ്സ്കിയെ അനുയാത്ര ചെയ്ത അനുഭവം.

**മ്യൂസിയമായി മാറിയ വീട്**

ദസ്തയേവ്സ്കിയുടെ വീട് ഇപ്പോൾ മ്യൂസിയം കൂടിയാണ്. സർക്കാരിനാണു നിയന്ത്രണം. ആ വീട്ടിലേക്കെത്താൻ നഗരത്തിനകത്തെ പ്രധാനപ്പെട്ടൊരു വഴിയിൽനിന്നു രണ്ടു പടിക്കെട്ടുകൾ താഴേക്കിറങ്ങി മറ്റൊരു പടിക്കെട്ടു കയറിച്ചെല്ലണം. രണ്ടുനില വീടിന്റെ മുകളിലെ നിലയിലാണ് ദസ്തയേവ്സ്കി ജനിച്ചുവളർന്ന, അന്നയ്ക്കൊപ്പം ജീവിച്ച വീട്, എഴുതാനും താമസിക്കാനും ഉപയോഗിച്ച മുറികൾ. താഴെ മ്യൂസിയത്തിന്റെ മറ്റു ഭാഗങ്ങൾ.

ദസ്തയേവ്സ്കിയുടെ എഴുത്തുമേശയ്ക്കരികിൽ ചെന്നപ്പോൾ ആദരവോടെ, അറിയാതെ താൻ മുട്ടുകുത്തിപ്പോയെന്നു പെരുമ്പടവം. അദ്ദേഹത്തിന്റെ എഴുത്തുജനാലയ്ക്കരികിൽ നിന്നു സെന്റ് പീറ്റേഴ്സ് ബർഗ് നഗരത്തെ നോക്കിക്കണ്ടു. എത്ര മനോഹരം.... ദസ്തയേവ്സ്കിയും എത്രമേൽ ആസ്വദിച്ചുകാണും ആ കാഴ്ചകൾ. മറ്റു മുറികളും അന്നയുടെ അടുക്കളയുമെല്ലാം ചുറ്റിനടന്നു കണ്ടു. അന്ന ഉപയോഗിച്ചിരുന്ന പാത്രങ്ങളെല്ലാം അതുപോലെ അടുക്കിവച്ചിരിക്കുന്നു. രണ്ടു ദിവസമെടുത്തു വീടും പരിസരങ്ങളും മതിവരുവോളം ആസ്വദിച്ചെന്നു പെരുമ്പടവം പറഞ്ഞു.

**പള്ളിയുടെ നിശ്ശബ്ദത**

നഗരത്തോടു ചേർന്നുള്ള കന്യകാമറിയത്തിന്റെ ദേവാലയം പ്രസിദ്ധമാണ്. ദസ്തയേവ്സ്കി തനിക്ക് ഏറെ പ്രിയപ്പെട്ട ഈ പള്ളിയിൽ നിരന്തരം പോകുമായിരുന്നുവെന്നു രചനകളിൽ സൂചിപ്പിച്ചിട്ടുണ്ട്. പള്ളിയകത്ത് അദ്ദേഹം സ്ഥിരമായി വന്നിരിക്കുന്ന ഭാഗത്തു പെരുമ്പടവവും ഇരുന്നു. എഴുത്തിന്റെ സംഘർഷദിനങ്ങളിൽ എത്രയോ ദിനങ്ങളിലാണ് ദസ്തയേവ്സ്കി ആ ദേവാലയത്തിനുള്ളിൽ വന്നിരുന്നത്, മനസ്സിനെ ശാന്തവും നിർമലവുമാക്കിയത്. രാത്രിയിലെത്തുമ്പോൾ പള്ളി അടച്ചിട്ടിരിക്കുകയെങ്കിൽ, വാതിലിൽ ചാരിയിരിക്കാറുണ്ടത്രേ.

ദസ്തയേവ്സ്കിയുടെ ചിന്താധാരകളെ ഉണർത്തിയ നേവായുടെ തീരത്ത് പെരുമ്പടവവും ഏറെ നേരം ചെലവഴിച്ചു. നദിയിൽ തുറന്ന ബോട്ടിലെ യാത്ര, നദിക്കു കുറുകേയുള്ള പാലങ്ങൾ ബോട്ടിനു കടക്കാൻ ഇരുവശങ്ങളിലേക്കും മാറുന്നത്.. അതെല്ലാം വേറിട്ട അനുഭവങ്ങളായെന്ന് അദ്ദേഹം ഓർക്കുന്നു.

ദസ്തയേവ്സ്കിയുടെ വീടിനടുത്തു ക്രെംലിൻ കൊട്ടാരത്തോടു ചേർന്നുള്ള ലെനിന്റെ ശവകുടീരം പെരുമ്പടം സന്ദർശിച്ചു. അവിടെ വരുന്നതിനേക്കാളേറെ പേർ സമീപത്തെ മെട്രോപ്പോളിറ്റൻ പള്ളിയിൽ കുർബാന കൂടാൻ പോകുന്നതും കണ്ടത്, മാറിയ റഷ്യയുടെ മുഖം അടയാളപ്പെടുത്തി.

മലയാളസാഹിത്യത്തിലെ ഏകാന്തവിസ്മയമായ 'ഒരു സങ്കീർത്തനംപോലെ'യുടെ എഴുത്തുകാരന്, നോവലിന്റെ ആത്മാവലിഞ്ഞുചേർന്ന ദസ്തയേവ്സ്കിയുടെ വീടും സെന്റ് പീറ്റേഴ്സ് ബർഗും, തന്റെ അക്ഷരായനത്തിലെ പുണ്യസങ്കീർത്തനങ്ങൾ തന്നെയാകുന്നു. ■

# മണ്ണിന്റെ മാറിലെ പോരാട്ടവിജയം

ഒന്നാം പേജ് തുടർച്ച



നിലവിലുള്ള അവശ്യസാധന സംരക്ഷണനിയമത്തിൽ മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള ഒരു ഭേദഗതി ബില്ലുമാണ് ശക്തമായ പ്രതിഷേധങ്ങൾക്കിടെ ലോക്സഭ 2020 സെപ്റ്റംബർ 17 നും രാജ്യസഭ 20 നും ചർച്ച കൂടാതെ പാസ്സാക്കിയത്. 26 ന് നിയമങ്ങൾ പ്രാബല്യത്തിൽ വന്നു. രാജ്യത്ത് പൊതുവേയും ഉത്തരേന്ത്യയിൽ പ്രത്യേകിച്ചും കർഷകരോഷത്തിനിടയാക്കി പ്രസ്തുത നിയമങ്ങൾ.

സംയുക്ത കിസാൻ മോർച്ചയുടെ നേതൃത്വത്തിൽ ഒരു വർഷംമുമ്പ് ആരംഭിച്ച സമരം ലോകം മുഴുവനും പിന്തുണച്ച സമരമായി മുന്നേറിയപ്പോഴും മോദിക്കു കുലുക്കമില്ലായിരുന്നു. അന്താരാഷ്ട്രമാധ്യമങ്ങൾ കർഷകസമരത്തിന്റെ ചൂടും ചൂരും ലോകത്തെ അറിയിച്ചു. സെലിബ്രിറ്റികളുടെ ടിറ്റർ ഹാൻഡിലുകളിൽ കർഷകസമരം നിറഞ്ഞു. എന്നാൽ, കർഷകർ ഖാലിസ്ഥാൻ തീവ്രവാദികളാണ്, മാവോവാദികളാണ് എന്നൊക്കെ ആക്ഷേപിച്ച് സമരത്തെ അടിച്ചമർത്താനായിരുന്നു മോദിസർക്കാരിന്റെ ശ്രമം. ഏറ്റവുമൊടുവിൽ കാർഷികനിയമങ്ങൾ പിൻവലിച്ച് കർഷകരോട് പ്രധാനമന്ത്രി മാപ്പു പറയുമ്പോൾ, വിജയങ്ങൾ മാത്രം സ്വന്തമാക്കിയെന്ന് അവകാശപ്പെട്ടിരുന്ന നേതാവിന് മണ്ണിൽ പണിയെടുക്കുന്ന ജനങ്ങൾ നൽകിയ തിരിച്ചടിയായി അത്. പ്രക്ഷോഭങ്ങളോടും എതിർപ്പുകളോടും മുഖംതിരിച്ചുനിന്നുമാത്രം ശീലിച്ച ചരിത്രമുള്ള മോദി, 2014 ൽ പ്രധാനമന്ത്രിയായി ചുമതലയേറ്റശേഷം നേരിട്ട ഏറ്റവും വലിയ നയപരമായ പരാജയമാണ് കർഷകസമരവും കാർഷികനിയമങ്ങൾ പിൻവലിക്കലുമെന്നാണ് രാഷ്ട്രീയവിലയിരുത്തൽ. കർഷകർക്കു സ്വാധീനമുള്ള ഉത്തർപ്രദേശിലും പഞ്ചാബിലും അടുത്തവർഷം നിയമസഭാതിരഞ്ഞെടുപ്പുകൾ നടക്കാനിരിക്കേ, ഇപ്പോൾ ഉണ്ടായിരിക്കുന്നത് രാഷ്ട്രീയതീരുമാനത്തിൽ കുറഞ്ഞതൊന്നുമല്ല എന്ന തിരിച്ചറിവ് എല്ലാവർക്കുമുണ്ട്. സർക്കാരിന്റെ സദുദ്ദേശ്യം ഒരു വിഭാഗം കർഷകരെ ബോധ്യപ്പെടുത്താൻ സാധിക്കാതെ പോയതിൽ മനസ്താപം പ്രകടിപ്പിച്ച്, കർഷകർക്കു ബുദ്ധിമുട്ടുണ്ടായതിൽ ക്ഷമ ചോദിക്കുന്ന നേതാവിനു വ്യക്തമായ രാഷ്ട്രീയലക്ഷ്യങ്ങളുണ്ടെങ്കിൽപ്പോലും എടുത്ത തീരുമാനത്തിൽനിന്ന് ആദ്യ മായി പിൻമാറേണ്ടിവരുമ്പോൾ മോദി എന്ന നെഞ്ചുറപ്പുള്ള നേതാവിന്റെ പരാജയത്തിലേക്കുള്ള ആദ്യ ചുവടുകൾതന്നെയാണിത്.

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ല് കാർഷികമേഖലയാണെന്ന് അധികാരികൾ പ്രസംഗിക്കുന്നതിനപ്പുറം കൃഷിയെയും കർഷകരെയും ആരും ഗൗനിക്കാറില്ലെന്നതുതന്നെയാണ് യാഥാർത്ഥ്യം. അതുകൊണ്ടുതന്നെ, 2020 സെപ്തംബറിൽ പാസ്സാക്കിയ മൂന്നു കാർഷികനിയമങ്ങളും കർഷകനുള്ള മരണവാറണ്ടായാണ് രാജ്യത്തെ കർഷകസമൂഹം കണ്ടത്. പിന്നാലെ അവർ പ്രക്ഷോഭത്തിനിറങ്ങി, സർക്കാർ പ്രക്ഷോഭം അടിച്ചമർത്താൻ ശ്രമിച്ചപ്പോഴെല്ലാം എല്ലാ സംസ്ഥാനങ്ങളിൽനിന്നുമുള്ള കർഷകർ സമരമുഖത്തേക്ക് ഒഴുകിയെത്തി. കൃഷിക്കാർക്ക് പുരോഗമനപരമായ നിയമങ്ങളാണു കൊണ്ടുവന്നതെന്ന് കേന്ദ്രസർക്കാർ വാദിക്കുമ്പോഴും കേന്ദ്രഭരണം നടത്തുന്ന ദേശീയജനാധിപത്യസഖ്യത്തിനൊപ്പം നിന്നിരുന്ന അകാലിദൾപോലുള്ള നിരവധി പ്രാദേശികപ്പാർട്ടികൾ മുന്നണി വിട്ടുപോരാനും എൻ.ഡി.എയ്ക്ക് എതിരായി അണിനിരക്കാനും തയ്യാറായത് സമരത്തിന് ഇന്ധനം പകർന്നു. സമരം തുടങ്ങിയ ശേഷം പലഘട്ടത്തിലും സുപ്രീംകോടതി നടത്തിയ ഇടപെടലുകളുടെ അർത്ഥം കേന്ദ്രസർക്കാർ ഉൾക്കൊണ്ടില്ല.

2020 നവംബറിൽ പഞ്ചാബ്, ഹരിയാന എന്നിവിടങ്ങളിൽനിന്നുള്ള കർഷകർ ഡൽഹിയിലേക്കു നടത്തിയ മാർച്ചോടെയാണ് കർഷകസമരത്തിനു തുടക്കംകുറിച്ചത്. ഹരിയാന സർക്കാറും പൊലീസും ബാരിക്കേഡുകൾ നിരത്തി തടയാൻ ശ്രമിച്ചെങ്കിലും കർഷകർ നിരനിരയായി ഡൽഹി അതിർത്തിയിലേക്ക് ഒഴുകിയെത്തി. സ്ത്രീകളും കുട്ടികളും പ്രായമായവരും പോലും റോഡുകളിൽ ടെന്റുകൾ കെട്ടി താമസമാക്കി. കേന്ദ്രസർക്കാരിനെതിരേ സിംഘുവിലും തിക്രിയിലും ഗാസിപൂരിലും തമ്പടിച്ചു നടത്തിയ പോരാട്ടത്തിൽ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിൽനിന്നുമുള്ള കർഷകർ സമരവേദികളിലെത്തി. പഞ്ചാബ്, ഹരിയാന, ഉത്തർപ്രദേശ്, രാജസ്ഥാൻ, ഉത്തരാഖണ്ഡ് സംസ്ഥാനങ്ങളിൽനിന്നുള്ള കർഷകർ ട്രാക്ടറുകളുടെ പിന്നിൽ കോർത്ത ട്രോളിയിൽ സമരമുഖത്തു നിറഞ്ഞു. എത്ര കാലം കഴിഞ്ഞാലും നിയമങ്ങൾ പിൻവലിക്കാതെ പിൻവാങ്ങില്ലെന്ന് അവർ പലവട്ടം മുന്നറിയിപ്പു നൽകി.

കർഷകസമരത്തെ അനുകൂലിച്ച് ട്വീറ്റ് ചെയ്തതിനെത്തുടർന്ന് ഗ്രേറ്റ ത്യുൻബെർഗിനെയടക്കം കേസിൽപ്പെടുത്തുകയും ടൂൾകിറ്റ് കേസുണ്ടാക്കി നിരപരാധികളായ ഒട്ടേറെപ്പേരെ ഉപദ്രവിക്കുകയും ചെയ്തത് വൻ വിമർശനത്തിനിടയാക്കിയിരുന്നു.

കഴിഞ്ഞ റിപ്പബ്ലിക്ദിനത്തിൽ നൂറുകണക്കിന് ട്രാക്റ്ററുകൾ ഇരമ്പിയെത്തിയ ട്രാക്ടർ മാർച്ചും സംഘർഷവും ചെറിയ തിരിച്ചടിയുണ്ടാക്കിയെങ്കിലും സമരം മുന്നേറുകതന്നെ ചെയ്തു. പ്രക്ഷോഭകരുടെ നേതാവ് രാകേഷ് ടിക്കായത്തിനെ അറസ്റ്റ് ചെയ്ത് ഗാസിപൂർ സമരം ദുർബലമാക്കാൻ ശ്രമിച്ചത് സമരവീര്യം ഇരട്ടിയാക്കിയിരുന്നു. എല്ലാ സംസ്ഥാനങ്ങളിലും മഹാപഞ്ചായത്തുകൾ സംഘടിപ്പിക്കപ്പെട്ടു. വെയിലിലും മഞ്ഞിലും മഴയിലുമെല്ലാം സമരവീര്യം കെടാതെ സോഫ, കിടക്ക, ടിവി, മൊബൈൽ ചാർജിങ് പോയിന്റ് മുതൽ യൂറോപ്യൻ ക്ലോസറ്റ്‌വരെ സജ്ജീകരിച്ചൊരുക്കിയ ട്രാക്ടറുകൾ കർഷകർക്കു താങ്ങായി.

ഒരുമാസംമുമ്പ്, യുപിയിലെ ലഖിംപുരിൽ സമാധാനപരമായി പ്രതിഷേധിച്ച കർഷകർക്കുനേരേ, സമരത്തെ നിരന്തരം എതിർത്തുകൊണ്ടിരുന്ന കേന്ദ്രമന്ത്രി അജയ്കുമാർ മിശ്രയുടെ മകനും ഗുണ്ടകളും വാഹനം ഇടിച്ചുകയറ്റി നാലു കർഷകരെ കൊന്നതോടെ ജനരോഷം ആളിപ്പടർന്നു. തുടർന്നുണ്ടായ സംഘർഷത്തിൽ മറ്റു നാലുപേർ കൂടി കൊല്ലപ്പെട്ടു. സംഭവത്തിൽ രാജ്യവ്യാപകമായി പ്രതിഷേധം അലയടിച്ചതിനെത്തുടർന്ന് ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചിരിക്കുകയാണ് ഉത്തർപ്രദേശ് സർക്കാർ.

തിരിച്ചടികൾക്കും ആക്ഷേപങ്ങൾക്കുമൊപ്പം മഞ്ഞും മഴയും വെയിലും കൊവിഡും വകവയ്ക്കാതെ കർഷകർ തുടർച്ചയായി സമരം നടത്തിയിട്ടും ഒത്തുതീർപ്പിന്റെ സൂചനകളൊന്നും കാണാനായിരുന്നില്ല. ചർച്ചകൾ പരാജയപ്പെട്ടുകൊണ്ടേയിരുന്നു. നിയമങ്ങൾ പിൻവലിക്കാൻ കഴിയില്ലെന്നു കേന്ദ്രസർക്കാർ നിലപാടു കടുപ്പിച്ചതോടെ കർഷകർ പ്രക്ഷോഭം ശക്തമാക്കി. കർഷകശക്തീകരണത്തിനെന്ന പേരിൽ പാസാക്കിയ നിയമങ്ങൾ റിലയൻസ്, പെപ്സികോ തുടങ്ങിയ കോർപ്പറേറ്റുകൾക്കു പരവതാനി വിരിച്ചു നൽകാനാണെന്നും ഇവ കർഷകരെ അടിയാന്മാരാക്കുകയാണു ചെയ്യുകയെന്നും വിമർശനങ്ങളേറെയാണ്. ഈ നിയമം നടപ്പായാൽ കർഷകർ, ഉൾനാടൻ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ, ക്ഷീരകർഷകർ, കോഴിക്കർഷകർ തുടങ്ങിയവരെല്ലാം ദോഷകരമായി ബാധിക്കുമെന്നും ആക്ഷേപങ്ങളുണ്ട്.

ഗാന്ധിയൻരീതിയിലുള്ള അഹിംസാത്മകരാഷ്ട്രീയശൈലി ഉപയോഗപ്പെടുത്തി ജനാധിപത്യപരവും സമാധാനപരവുമായി മുന്നേറിയ സമരം ഒടുവിൽ വിജയത്തിലെത്തുമ്പോൾ അതു ജനത്തെ പരിഗണിക്കാതെ നയങ്ങൾ നടപ്പാക്കുന്ന ഭരണാധികാരികൾക്കുള്ള മുന്നറിയിപ്പാണ്. സംയുക്ത കിസാൻ മോർച്ചയ്ക്കു പിന്നിൽ നാനൂറ്റമ്പതോളം കർഷകസംഘടനകൾ പങ്കാളിത്തം വഹിക്കുന്ന സമരം കർഷക ഐക്യത്തിനും കാരണമായി.

ഇന്ത്യയിലെ ഏറ്റവും പ്രധാന ദേശീയ രാഷ്ട്രീയപ്രശ്നമായി കർഷകപ്രശ്നത്തെ മാറ്റിയെടുക്കാൻ ഈ സമരത്തിനായി. ലോകത്ത് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള രണ്ടാമത്തെ രാജ്യമായ ഇന്ത്യയിൽ നടക്കുന്ന വിപുലമായ കർഷകപ്രക്ഷോഭത്തെ ലോകരാജ്യങ്ങൾ ആകാംക്ഷയോടെയാണു നോക്കിക്കാണുന്നത്.

ഒരു വർഷത്തോളമായി തെരുവിൽ അന്തിയുറങ്ങി മണ്ണിന്റെ മക്കൾ നടത്തിയ പ്രതിഷേധം വിജയത്തിലെത്തുമ്പോൾ അധികാരവഴികൾക്കൊരു മുന്നറിയിപ്പായി അതു ചരിത്രത്തിൽ എഴുതപ്പെടും. ■

---

വായന

## ഈശോയുടെ പീഡാസഹനവും ദിവ്യബലിയും

ഗ്രന്ഥകർത്താ : ഡോ. ആന്റണി ആനാന്തുരുത്തിൽ
പ്രസാധനം : ദീപനാളം പബ്ലിക്കേഷൻസ്, പാലാ
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 200 രൂപ




ഈശോയുടെ രക്ഷാകരരഹസ്യങ്ങളുടെ ധ്യാനമായ ഈ ഗ്രന്ഥം ദൈവത്തെ കൂടുതൽ അറിയാനും ദൈവം നമുക്കു നൽകിയിരിക്കുന്ന ഏറ്റവും മഹത്തായ ദാനമാകുന്ന പരിശുദ്ധ കുർബാനയെ കൂടുതൽ തീക്ഷ്ണതയോടും ചൈതന്യത്തോടുംകൂടി സമീപിക്കാനും സഹായിക്കുന്നു.

## നസറത്തിലെ യാത്രക്കാരി

ഗ്രന്ഥകർത്താ : ഫാ. പീറ്റർ കൊച്ചാലുങ്കൽ സിഎംഐ
പ്രസാധനം : സോഫിയ ബുക്സ്, കോഴിക്കോട്
വിതരണം : സോഫിയ ബുക്സ്, കോഴിക്കോട്
വില : 100 രൂപ




ചലനാത്മകമായ പരിശുദ്ധ അമ്മയുടെ ജീവിതത്തെ വേറിട്ടൊരു ചിന്തയോടെ നോക്കിക്കാണുകയാണു ഗ്രന്ഥകാരൻ. ആരോടെങ്കിലും ചോദിക്കണമെന്ന് എന്നെങ്കിലും നമുക്കു തോന്നിയിട്ടുള്ള സംശയങ്ങൾക്ക് ഇവിടെ ഉത്തരം നൽകുന്നു.



അന്തീനാട് ജോസ്, നാടകരൂപേണ എഴുതിയ **വിശുദ്ധ യൗസേപ്പ്** എന്ന പുസ്തകത്തിന്റെ പ്രകാശനം ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ജോസഫ് കുമ്പുക്കനു നൽകി നിർവഹിക്കുന്നു. പാലാ ഡിവൈഎസ്പി ഷാജു ജോസ്, ബാബു വെളുത്തേടത്തുപറമ്പിൽ, ബേബി ചീനിക്കുഴിയിൽ, രാജു കടപ്ലാമറ്റം, ഗ്രന്ഥകാരൻ എന്നിവർ സമീപം.



നോവൽ 18

# ഒരു കാറ്റുപോലെ

വിനായക് നിർമ്മൽ

**വൈ**കുന്നേരം
സ്കൂൾ
സ്റ്റാഫ് റൂം

സനലിന്റെ ടേബിളിനു മുകളിൽ കുട്ടികളുടെ നോട്ടുബുക്കുകൾ അടുക്കിവച്ചിരുന്നു. അതിൽനിന്ന് അലക്ഷ്യമായി ഒരെണ്ണം അയാൾ വലിച്ചെടുത്തു. പക്ഷേ, തുറന്നു നോക്കിയതല്ലാതെ സനലിന്റെ കണ്ണുകൾ അതിൽ പതിഞ്ഞതേയില്ല. അയാൾ ബുക്ക് തിരികെ അവിടേക്കുതന്നെ വച്ചു. പിന്നെ മേശയിലേക്കു മുഖം ചേർത്തുകിടന്നു.

സനലിന്റെ പ്രവൃത്തികളെല്ലാം അലോഷ്യസ് കാണുന്നുണ്ടായിരുന്നു. അലോഷ്യസിന് സനലിനോടു സഹതാപം തോന്നി. മാസങ്ങൾ പലതു കഴിഞ്ഞിട്ടും സ്മിതയുടെ മരണം ഏല്പിച്ച ആഘാതത്തിൽനിന്നയാൾ മുക്തനായിട്ടില്ലെന്ന് അലോഷ്യസിന് അറിയാമായിരുന്നു.

ഇനിയും എത്രനാൾ... അതേക്കുറിച്ചാണ് അലോഷ്യസ് ഓർമിച്ചത്. മരിച്ചുപോയവരാരും തിരിച്ചുവരില്ല. അതുതന്നെയാണ് ഓരോ മരണത്തിന്റെയും ആഘാതം വർദ്ധിപ്പിക്കുന്നതും.

കാണാമറയത്തേക്കാണെങ്കിലും ഇന്നല്ലെങ്കിൽ നാളെ തിരിച്ചുവരുമെന്ന് ഉറപ്പുണ്ടെങ്കിൽ വിരഹത്തിനുപോലും അർത്ഥമുണ്ട്. പക്ഷേ, തിരിച്ചുവരാത്ത യാത്രകൾ.. മടങ്ങിവരാത്ത വേർപിരിയലുകൾ. കാണാൻ സാധ്യതയില്ലാത്ത വിരഹങ്ങൾ..

അലോഷ്യസ് ദീർഘനിശ്വാസത്തോടെ തന്റെ ഇരിപ്പിടം വിട്ടെണീറ്റ് സനലിന്റെ അടുക്കലേക്കു ചെന്നു.

'സനൽമാഷേ...' സനലിന്റെ തോളത്തുതട്ടി അലോഷ്യസ് വിളിച്ചു.

സനൽ മുഖമുയർത്തി നോക്കി.

"തനിക്ക് എന്തുപറ്റി? സുഖമില്ലേ..." അലോഷ്യസ് അനുകമ്പയോടെ ചോദിച്ചു. സനലിന്റെ നെറ്റിയിൽ കൈവച്ച് നോക്കുകയും ചെയ്തു. പനിയെങ്ങാനുമുണ്ടോ?

വാടിത്തളർന്നു നില്ക്കുന്ന ഒരു ചെടിയാണു മുമ്പിൽ.. വേരുകൾക്ക് ഇളക്കം തട്ടിയിട്ടുണ്ട്. വീണ്ടും പഴയതുപോലെയാവാൻ വേരുകൾ സംരക്ഷിക്കപ്പെടണം. വെള്ളം ഒഴിച്ചുകൊടുക്കണം, വളമിടണം, തണലേകണം.

ഓരോ ചെടിക്കും ഓരോ രീതിയിലുള്ള പരിചരണമാണു വേണ്ടത്. ചില ചെടികൾ നട്ടുവച്ചിട്ടുപോന്നാൽ മതി. അവ പതുക്കെപ്പതുക്കെ ഫലം തന്നുകൊള്ളും. പക്ഷേ, എല്ലാ ചെടികളും അങ്ങനെയല്ല. വിട്ടുമാറാതെ പരിചരിച്ചുകൊണ്ടിരുന്നാൽ മാത്രമേ അവ ഫലം തരുകയുള്ളൂ.

ചില മനുഷ്യരും ഇങ്ങനെ തന്നെയാണ്. അവർക്ക് എപ്പോഴും ആരെങ്കിലുമൊക്കെ സപ്പോർട്ടായി ഉണ്ടാവണം. എങ്കിൽ മാത്രമേ അവർക്കു നിവർന്നു നില്ക്കാൻപോലുമുള്ള ധൈര്യം ലഭിക്കൂ. സനൽ അത്തരത്തിലുള്ള ഒരാളാണ്. ചെറുപ്പം മുതല്ക്കേ അപ്പനമ്മമാരുടെ ശ്രദ്ധയും സ്നേഹവും ആവശ്യത്തിൽ കൂടുതൽ കിട്ടി വളർന്ന വ്യക്തി.

ഏകമകനായതുകൊണ്ട് താഴത്തും തലയിലും വയ്ക്കാതെയാണു വളർത്തിക്കൊണ്ടുവന്നത്. പഠിക്കുക എന്നതൊഴികെ മറ്റൊരു ഉത്തരവാദിത്വവും മുതിർന്നപ്പോഴും ഉണ്ടായിരുന്നുമില്ല. വീട്ടുസാധനങ്ങൾ മേടിച്ചുകൊണ്ടുവരുന്നതുപോലും അപ്പനായിരുന്നു. പിന്നീട് വിവാഹിതനായപ്പോൾ സ്മിതയുടെ തണലിലേക്ക് ഒതുങ്ങി. എല്ലാ കാര്യങ്ങൾക്കും സ്മിതയായിരുന്നു ആശ്രയം. ജോസഫ് കിടപ്പിലായതോടെ വീട്ടുസാധനങ്ങൾ വാങ്ങുന്നത് സ്മിതയുടെ ജോലിയായി. സ്കൂട്ടർ ഓടിക്കാൻ അറിയാവുന്നതുകൊണ്ട് അതെളുപ്പവുമായി.

ഫ്യൂസ് കെട്ടലും ഗ്യാസ് സിലിണ്ടർ മാറ്റലുംപോലെയുള്ള ജോലികളും സ്മിതയുടെ ചുമലിലായി. അലസതയോടെ മാറിക്കൊടുത്തതായിരുന്നില്ല അതൊന്നും. ചെറുപ്പംമുതൽക്കേ എല്ലാറ്റിനോടും അകറ്റിനിർത്തപ്പെട്ടിരുന്നതുകൊണ്ടായിരുന്നു അങ്ങനെയൊരു പ്രത്യേകത രൂപമെടുത്തത്. അങ്ങനെയെല്ലാമുള്ള ആൾക്ക് പെട്ടെന്നൊരു നിമിഷം കൊണ്ട് പിന്തുണ ഇല്ലാതായപ്പോൾ.

[illegible] അസുഖം വന്ന് സാവധാനത്തിലുള്ള മരണമായിരുന്നു സ്മിതയുടേതെങ്കിൽ അതിനുവേണ്ടി മാനസികമായി ഒരുങ്ങാനും തയ്യാറെടുപ്പുകൾ നടത്താനും സാധിക്കുമായിരുന്നു. പക്ഷേ, സനലിന് ഒന്നും സാധിച്ചില്ല. യാത്ര പറയാൻ സ്മിതയ്ക്കും അവസരമുണ്ടായില്ല. അതാണ് സനലിനെ ഇത്രയും തകർത്തുകളഞ്ഞിരിക്കുന്നത്. മറ്റേതെങ്കിലും ഒരു ഭർത്താവായിരുന്നുവെങ്കിൽ ഭാര്യയുടെ മരണത്തോടെ ഇത്രത്തോളം തകർന്നടിയുമായിരുന്നില്ല. കാരണം, അവരൊക്കെ കുറെക്കൂടി ഉള്ളിൽ കരുത്താർജിച്ചവരാണ്. അടുക്കളജോലികൾ പോലെയുള്ള കാര്യങ്ങൾക്കു മാത്രമേ അവരിൽ ചിലർക്കെങ്കിലും പരാശ്രയം വേണ്ടിവരുകയുള്ളൂ.

പക്ഷേ, സനലിന് ഇപ്പോൾ എല്ലാവരെയും ആശ്രയിക്കേണ്ടതുണ്ട്. ഒറ്റയ്ക്കു നില്ക്കാൻ കഴിയാത്ത മരമാണ് സനൽ. പടർന്നുകയറാൻ അയാൾക്കൊരു മരം വേണം. ഒരു മരത്തിന്റെ ചുവട്ടിലേക്ക് അല്ലെങ്കിൽ അയാളെ പറിച്ചുനടേണ്ടിയിരിക്കുന്നു.

"എന്തുപറ്റാൻ? ഇതിലും കൂടുതലായിട്ട്..." സനൽ വിഷാദത്തോടെ ചിരിച്ചു.

"കഴിഞ്ഞു പോയതിനെയോർത്ത് താൻ ഇങ്ങനെ വീണ്ടും വീണ്ടും വിഷമിക്കുന്നതാ പ്രശ്നം. കുറച്ചൊക്കെ നമ്മൾ ധൈര്യം കാണിക്കണം."

ധൈര്യം... സനൽ ആത്മനിന്ദയോടെ ആ വാക്ക് ആവർത്തിച്ചു.

"എനിക്കതില്ല അലോഷീ.." സനൽ സമ്മതിച്ചു.

"പണ്ടേ സുരക്ഷിതമായ ഒരു ഷെല്ലിനുള്ളിലായിരുന്നു ഞാൻ. പൊട്ടിച്ചുപുറത്തു കടക്കാൻ ഒരിക്കലും ധൈര്യമുണ്ടായിരുന്നില്ല. എന്തോ അതിനുള്ളിൽ ഞാൻ വല്ലാതെ സുരക്ഷിതബോധം അനുഭവിച്ചിരുന്നു. പെട്ടെന്ന് അത് പൊട്ടിപ്പോയപ്പോൾ."



അപ്പോൾ അവർക്കിടയിൽ സ്കൂൾബെൽ മുഴങ്ങി. ഇന്നത്തെ ദിവസം അവസാനിച്ചിരിക്കുന്നു. കുട്ടികളുടെ ആരവം ഉയർന്നുകേട്ടു. സനൽ ഇരിപ്പിടത്തിൽ നിന്നെണീറ്റു.

"ഒരു ദിവസംകൂടി കഴിഞ്ഞു കിട്ടി. ആശ്വാസം തോന്നുന്നു. ഇനി രണ്ടുദിവസത്തേക്കു വരണ്ടല്ലോ..."

വെള്ളിയാഴ്ചയായിരുന്നു അത്.

"തനിക്ക് എല്ലാം മടുപ്പായോ.." അലോഷ്യസ് ചോദിച്ചു."

"ജീവിതംതന്നെ.." സനൽ പറഞ്ഞു.

ആ സ്വരത്തിലെ വേദനയും സത്യസന്ധതയും അലോഷ്യസിനെ സ്പർശിച്ചു

"ചാച്ചനും കുട്ടികളും ഇല്ലായിരുന്നുവെങ്കിൽ..." സനൽ അത് പൂർത്തിയാക്കിയില്ല. അയാൾ മേശപ്പുറത്തുനിന്നു ബാഗെടുത്തു പോകാൻ ഭാവിച്ചു. മറ്റ് അധ്യാപകർ തിരക്കിട്ട് സ്റ്റാഫ് റൂമിലേക്കു വരുകയും മറ്റു ചിലർ അവിടെനിന്നു പുറത്തേക്കു പോകുകയും ചെയ്യുന്നുണ്ടായിരുന്നു.

"ഇന്ന് നമുക്ക് ഒരുമിച്ചു പോയാലോ.. ദയയും ബെഞ്ചമിനും സ്കൂൾ ബസിൽത്തന്നെ പൊയ്ക്കോട്ടെ.." അലോഷ്യസ് നിർദേശം വച്ചു

"എന്തിനാ.." സനൽ ചോദിച്ചു.

"വീട്ടിൽ ചെന്നാ അവിടെ ആരും ഇല്ലല്ലോ.. പിള്ളേർക്ക് അതു ബുദ്ധിമുട്ടാവും." സനൽ ഒഴിഞ്ഞുമാറാൻ ശ്രമിച്ചു.

"ഒരു ദിവസത്തേക്കല്ലേ.. സാരമില്ലെന്നേ.." അപ്പോഴേക്കും ബാഗും തൂക്കി ദയയും ബെഞ്ചമിനും സ്റ്റാഫ് റൂമിന്റെ വാതില്ക്കലെത്തിക്കഴിഞ്ഞിരുന്നു.

"പപ്പയെ ഞാൻ വീട്ടിൽ കൊണ്ടുചെന്നാക്കിക്കോളാം.. നിങ്ങള് സ്കൂൾ ബസിന് പൊയ്ക്കോ.." അലോഷ്യസ് കുട്ടികളോടു പറഞ്ഞു. കുട്ടികൾ സംശയത്തോടെ സനലിനെ നോക്കി. അലോഷ്യസ് പറഞ്ഞതിനെ അംഗീകരിച്ചുകൊണ്ട് സനൽ തലയാട്ടി.

"വേഗം വരണം കേട്ടോ.." ബെഞ്ചമിന്റെ കൈയ്ക്കു പിടിച്ചു നടക്കുന്നതിനിടയിൽ പെട്ടെന്ന് മുഖംതിരിച്ച ദയ സനലിനെ ഓർമിപ്പിച്ചു.

"ഓക്കെ മോളേ.. ഷുവർ." അലോഷ്യസ് വിരലുയർത്തിക്കാണിച്ചു. കുട്ടികളുടെ സ്കൂൾ ബസ് ഗെയ്റ്റ് കടന്നപ്പോൾ അലോഷ്യസ് ക്ഷണിച്ചു.

അധ്യാപകരുടെ വാഹനങ്ങളുടെ പാർക്കിങ് ഏരിയായിലേക്ക് അലോഷ്യസും സനലും നടന്നു. ഫോർ രജിസ്ട്രേഷൻ എന്നെഴുതിയ പുതിയ എസ്പ്രെസോ കാറായിരുന്നു അലോഷ്യസിന്റേത്. നേരത്തേ അയാൾക്ക് പഴയൊരു മാരുതി 800 ആയിരുന്നു ഉണ്ടായിരുന്നത്. ഡ്രൈവിങ് സീറ്റിലേക്കു കയറിയ അലോഷ്യസ് സനലിനായി ഡോർ തുറന്നു കൊടുത്തു. സനൽ ഉള്ളിലേക്കു പ്രവേശിച്ചു. അലോഷ്യസ് കാർ മുന്നോട്ടെടുത്തു. അലോഷ്യസിന്റെ കൈകൾ ആയാസരഹിതമായി സ്റ്റീയറിങ്ങിലൂടെ ചലിക്കുന്നത് സനൽ അദ്ഭുതത്തോടെ കണ്ടു.

"എത്ര ഈസിയായിട്ടാണ് ഡ്രൈവ് ചെയ്യുന്നത്." സനൽ ഒരു കോംപ്ലിമെന്റ് നല്കി.

"ആർക്കും സാധിക്കാവുന്ന കാര്യമേയുള്ളൂ.. അല്പം ശ്രദ്ധയുണ്ടായിരിക്കണമെന്നു മാത്രം. പിന്നെ അല്പം മര്യാദയും.." അലോഷ്യസ് ചിരിച്ചു.

"പറഞ്ഞുവരുന്നതിന്റെ അർത്ഥം മനസ്സിലായോ, തനിക്കും വണ്ടിയോടിക്കാൻ കഴിയുമെന്ന്.."

"ഓ അങ്ങനെ.." സനൽ ആ വിഷയത്തിൽനിന്ന് ഒഴിഞ്ഞുമാറി.

തിരക്കേറിയ നഗരം. വീടുകളിലെത്താൻ തിരക്കുപിടിച്ചോടുന്നവർ. മുന്നിൽ സ്കൂട്ടറോടിച്ചുപോകുന്ന ഒരു പെൺകുട്ടിയെ കണ്ടപ്പോൾ സനൽ പെട്ടെന്ന് സ്മിതയെ ഓർമ്മിച്ചു.

ഇങ്ങനെയൊരു യാത്രയിലായിരുന്നില്ലേ അവൾ...? സനലിന്റെ കണ്ണു നിറഞ്ഞു. വീട്ടിൽനിന്ന് ഓരോരോ ആവശ്യങ്ങൾക്കായി യാത്ര പറഞ്ഞിറങ്ങുന്നവർ. തിരികെ വീട്ടിലെത്തുമെന്ന് യാതൊരു ഉറപ്പുമില്ലാത്തവർ. എന്നിട്ടും ചിലരൊക്കെ പിണങ്ങിയും ദേഷ്യപ്പെട്ടുമാണല്ലോ വീടിറങ്ങുന്നത്..

കാർ ബൈപ്പാസ് റോഡിലേക്കു കയറി. ചായപ്പീടികയുടെ സമീപത്തായി അലോഷ്യസ് കാർ നിർത്തി. ഉന്തുവണ്ടിയിൽ കച്ചവടം നടത്തുന്ന ഒരു വൃദ്ധന്റേതായിരുന്നു ആ പീടിക. കുറെ ചെറുപ്പക്കാർ വെടിവട്ടം പറഞ്ഞ് അവിടെയിരുന്ന് ചായ കുടിക്കുന്നുണ്ടായിരുന്നു. ചായ വാങ്ങി അതുമായി അവർ അവിടെനിന്ന് ഇത്തിരി മാറിനിന്നു. പെട്ടെന്നൊരു നിശ്ശബ്ദത അവർക്കിടയിൽ പരന്നു. അത് എന്തോ പ്രത്യേകമായി സംസാരിക്കാനുള്ളതിനുമുമ്പുള്ള നിശ്ശബ്ദതയാണെന്ന് സനലിന്റെ ഉള്ളിലിരുന്ന് ആരോ പറഞ്ഞു.

അലോഷ്യസിന് തന്നോട് എന്തോ പ്രത്യേകിച്ചു പറയാനുണ്ട്. സനലിനു മനസ്സിലായി.

സനൽ ചായക്കപ്പ് ചുണ്ടോട് അടുപ്പിച്ചപ്പോഴാണ് അലോഷ്യസ് അക്കാര്യം പറഞ്ഞത്.

"താൻ ഒരു പുതിയ ജീവിതത്തെക്കുറിച്ചു ചിന്തിക്കണം."

ചുണ്ടോട് അടുപ്പിച്ച ഗ്ലാസ സടർത്തിമാറ്റിയിട്ട് സനൽ അലോഷ്യസിനെ മനസ്സിലാവാത്ത ഭാവത്തിൽ നോക്കി.

"പറയുമ്പോൾ തനിക്കത് പെട്ടെന്ന് ഉൾക്കൊള്ളാനോ അനുകൂലിക്കാനോ കഴിയില്ലെന്ന് എനിക്കറിയാം. എങ്കിലും പറയുവാണ്. തന്റെ ഇപ്പോഴത്തെ അവസ്ഥയ്ക്ക് ഒരു മാറ്റമുണ്ടാകണമെങ്കിൽ അതുമാത്രമേ പോംവഴിയുള്ളൂ."

സനലിന് അപ്പോഴും അമ്പരപ്പ് വിട്ടുമാറിയിരുന്നില്ല.

"എനിക്കു മനസ്സിലായില്ല" സനൽ പറഞ്ഞു

"താൻ രണ്ടാമതൊരു വിവാഹം ചെയ്യണം." അലോഷ്യസ് സനലിന്റെ മുഖത്തേക്കു നോട്ടം പതിപ്പിച്ചുകൊണ്ട് അറിയിച്ചു.

(തുടരും)

ഒന്നാം പേജ് തുടർച്ച

പ്രസ്തുത റൂട്ടിൽ പ്രതിദിനം ഓടുന്ന നാല് ട്രെയിനുകളിൽ പലപ്പോഴും സീറ്റുകളും ബർത്തുകളും കാലിയായിട്ടാണ് സർവീസ് നടത്തുന്നത്. ഈ സാഹചര്യത്തിൽ അരമണിക്കൂർ വീതം ഇടവിട്ട് ഇപ്പോഴത്തെ യാത്രാക്കൂലിയുടെ മൂന്നിരട്ടി നൽകി യാത്ര ചെയ്യാനുള്ള സന്നദ്ധതയുമായി ജനങ്ങൾ എത്തുമോ എന്ന ചോദ്യത്തിന് വ്യക്തമായ മറുപടിയില്ല.

നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് സെപ്റ്റംബർ മാസം പുറത്തിറക്കിയ ദേശീയകടം നിക്ഷേപ സർവേ പ്രകാരം കേരളത്തിലെ ഗ്രാമീണമേഖലയിൽ 2.41 ലക്ഷം രൂപയും നഗരപ്രദേശങ്ങളിൽ 2.33 ലക്ഷം രൂപയുമാണ്. ദേശീയതലത്തിൽ ഗ്രാമീണകുടുംബത്തിന്റെ ശരാശരി കടം 60000 രൂപയും നഗരകുടുംബത്തിന്റേത് 1.2 ലക്ഷം രൂപയുമാണ്. ഈ സാഹചര്യത്തിൽ വൈദ്യുതിക്കും വെള്ളത്തിനും യാത്രയ്ക്കും ഗ്യാസിനും പെട്രോളിയം ഉത്പന്നങ്ങൾക്കുമൊക്കെ ഒരു പൈസയുടെ വർദ്ധന ഉണ്ടാകുന്നതുപോലും അധികഭാരമായിത്തന്നെ ജനത്തിന് അനുഭവപ്പെടും. അപ്പോൾ മറിച്ചൊരു ചോദ്യം ഉയരാം. ഡീസൽവിലയുടെ വർദ്ധനവിൽ ബസ് ഉടമകൾ എങ്ങനെ സർവീസ് മുമ്പോട്ടുകൊണ്ടുപോകും? ബസ് ഉടമകൾ നഷ്ടം സഹിച്ച് സർവീസ് നടത്തണമെന്ന് യാത്രക്കാർ ആവശ്യപ്പെടുന്നില്ല. അവരുടെ മുടക്കുമുതലിന് പലിശയും ന്യായമായ ലാഭവും എടുക്കുന്നതിന് ഒരു യാത്രക്കാരനും എതിരല്ല. റൂട്ടിലോടുന്ന ഒരു ബസ് നഷ്ടംമൂലം നിറുത്തലാക്കിയാൽ ഉടമയുടെ കുടുംബത്തോടൊപ്പം നാലഞ്ചു ജീവനക്കാരുടെ കുടുംബത്തിനും വരുമാനനഷ്ടം ഉണ്ടാവും. എന്നാൽ, ഇതുമൂലം 700–800 യാത്രക്കാരാണ് യാത്രാക്ലേശത്താൽ ദുരിതത്തിലാകുന്നത്. അതുകൊണ്ടുതന്നെ ഈ സർവീസ് നിലനില്ക്കേണ്ടത് ഉടമകളെക്കാൾ ആവശ്യം യാത്രക്കാരന്റേതാണ്.

അസംഘടിതരായ യാത്രക്കാരുടെമേൽ കാലാകാലങ്ങളിൽ സഞ്ചരിക്കാത്ത ദൂരത്തിനുപോലും പണം ഈടാക്കുന്ന രീതിയിലാണ് കേരളത്തിലെ പൊതുഗതാഗതസംസ്കാരം വളരുന്നത്. ഇതിന്റെ പ്രധാനകാരണം പൊതുഗതാഗതരംഗത്ത് കേരളത്തിൽ സ്വകാര്യമേഖലയ്ക്കുള്ള അപ്രമാദിത്വമാണ്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും പൊതുഗതാഗതത്തിന്റെ 80 ശതമാനവും സ്വകാര്യമേഖല കൈയടക്കിയിട്ടില്ല. കഴിഞ്ഞ കാലങ്ങളിൽ സംഘടനാബലം ഉപയോഗിച്ചും സർവീസുകൾ നിറുത്തി യാത്രക്കാരെ ബന്ദികളാക്കിയും അതതു കാലങ്ങളിലെ സർക്കാരിനെക്കൊണ്ട് യാത്രക്കാരുടെമേൽ അധികഭാരം ചുമത്തുകയായിരുന്നു. മറ്റു സംസ്ഥാനങ്ങളിൽ 90 ശതമാനവും സർക്കാർമേഖലയിലെ കോർപ്പറേഷനുകളാണ് സർവീസ് കൈകാര്യം ചെയ്യുന്നത്. അവർ ചാർജുവർദ്ധനവിനായി സമരം ചെയ്യാറില്ലായിരുന്നു. തമിഴ്നാട്ടിൽ ഇപ്പോഴും മിനിമം അഞ്ചുരൂപയ്ക്കു യാത്ര ചെയ്യാൻ അവസരമുണ്ടെന്ന് ഓർക്കുക. ഇപ്പോഴത്തെ ഇന്ധനവിലവർദ്ധന ബസുടമകളെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. ഇതിന്റെ പേരിൽ അമിതചാർജ് ഈടാക്കിയാൽ യാത്രക്കാരുടെ എണ്ണം കുറയുകയും വരുമാനനഷ്ടം ഉണ്ടാവുകയും ചെയ്യുമെന്ന കാര്യം ആദ്യം മനസ്സിലാക്കേണ്ടത് ബസുടമകളും സർക്കാരുമാണ്.

ഇപ്പോൾ നിരത്തിലോടുന്ന ഇലക്ട്രിക് ടൂവീലറിന് ഒരു കിലോമീറ്റർ യാത്ര ചെയ്യാനുള്ള ചെലവ് 15 പൈസയാണ്. നാലുചക്ര ഇലക്ട്രിക് വാഹനത്തിന്റെ ഒരു കി. മീറ്റർ ചെലവ് ഒരു രൂപ എന്നു കണക്കാക്കിയാൽ നാലു യാത്രക്കാർക്ക് ആളോഹരി കി.മീറ്ററിന് 25 പൈസയ്ക്കു യാത്രചെയ്യാൻ കഴിയും. ദീർഘദൂര യാത്രക്കാർ ഇപ്പോൾത്തന്നെ കെ.എസ്.ആർ.ടി.സി. ബസ്സിന്റെ പകുതി നിരക്കുള്ള ട്രെയിനിലേക്കു യാത്ര മാറ്റിക്കഴിഞ്ഞു. ബസിന് പല കളറുകൾ അടിച്ചിട്ട് യാതൊരു അധികസൗകര്യവും നൽകാതെ ഓടിച്ചാൽ യാത്രക്കാർ കുറഞ്ഞ നിരക്കുള്ള ബസ്സിൽ യാത്ര ചെയ്യുമെന്നതിന്റെ ഏറ്റവും നല്ല ഉദാഹരണം കാസർഗോഡ്–കണ്ണൂർ റൂട്ടിൽ ഓടുന്ന ടൗൺ ടു ടൗൺ സർവീസും അതേ റൂട്ടിലോടുന്ന സൂപ്പർ ഫാസ്റ്റുകളുമാണ്. 2018 ലെ കോർപ്പറേഷന്റെ കണക്കുപ്രകാരം കൂടിയ കി.മീറ്റർ നിരക്ക് ഈടാക്കുന്ന സൂപ്പർ ഫാസ്റ്റിന് കീ.മീറ്റർ വരുമാനം 30 രൂപയും ടൗൺ ടു ടൗൺ ഓർഡിനറി സർവീസിന് വരുമാനം 40 രൂപയുമാണ്. കൂടുതൽ യാത്രക്കാർ ചെലവു കുറഞ്ഞ ബസ് തേടിപ്പോകുന്നതിന് ഇതിൽ കൂടുതൽ മറ്റൊരു തെളിവു വേണ്ട.

അമിത ബസ് യാത്രാക്കൂലി സ്വകാര്യവാഹനങ്ങളിലേക്കു യാത്ര മാറ്റാൻ കാരണമായാൽ അതു സംസ്ഥാനത്തെ റോഡുകളിൽ വലിയ ഗതാഗതക്കുരുക്കുതന്നെ സൃഷ്ടിക്കും. 1981 ൽ സംസ്ഥാനത്ത്

# യാത്രാക്കൂലി വർദ്ധന

# ഈ യാതനയ്ക്ക് അവസാനമില്ലേ?




1,94597 വാഹനങ്ങൾ ഉണ്ടായിരുന്നപ്പോൾ പിഡബ്ല്യൂഡി റോഡുകൾ 14838 കി.മീറ്ററും എൻ.എച്ച്. 839 കി.മീറ്ററുമായിരുന്നു. 2020 ആയപ്പോഴേക്കും വാഹനപ്പെരുപ്പം 1,41,84,184 ആയി ഉയർന്നു. എന്നാൽ, റോഡിന്റെ ദൈർഘ്യം പിഡബ്ല്യൂഡിയുടേത് 31812 കി.മീറ്ററും എൻ. എച്ച്. 1781 കി.മീറ്ററും മാത്രമാണു വർദ്ധിച്ചത്. ഇത്രയും വാഹനങ്ങൾ നിരത്തിലോടുമ്പോൾ ഉണ്ടാകുന്ന അന്തരീക്ഷമലിനീകരണവും ട്രാഫിക് പ്രശ്നങ്ങളും വലിയ പ്രതിസന്ധിതന്നെ സൃഷ്ടിക്കും.

കേരളത്തിലെ ഒരു സ്വകാര്യ ഓർഡിനറി ബസിന്റെ കി.മീറ്റർ പ്രവർത്തനച്ചെലവ് 2018 മാർച്ചിൽ 42.66 പൈസയായിരുന്നെങ്കിൽ 2020 ജൂണിൽ അത് 45.60 പൈസയായും 2021 ജൂലൈയിൽ 52.56 പൈസയായും ഉയർന്നു. നാറ്റ്പാക്ക് തയ്യാറാക്കിയ പി.ഐ.എസ്.സി. ഒ. പ്രകാരം സ്വകാര്യബസുകളുടെ പ്രവർത്തന ച്ചെലവ് ചുവടെ ചേർക്കുന്നു.

കേരളത്തിലെ സ്വകാര്യ ബസ് പ്രവർത്തനചെലവ്. ബസ്/കി.മീറ്റർ

| | 09/2011 | 03/2018 | 06/2020 | 07/2021 |
|---|---|---|---|---|
| ഡീസൽ | 1272 | 1950 | 2074 | 2756 |
| ടയർ/സ്പെയർ/ മുതലായവ | 261 | 374 | 448 | 458 |
| മെയിന്റനൻസ് കൂലി | 129 | 209 | 227 | 233 |
| ആകെ വേരിയബിൾ കോസ്റ്റ് | 1662 | 2532 | 2749 | 3445 |
| ശമ്പളം | 727 | 1178 | 1286 | 1284 |
| തേയ്മാനം | 133 | 133 | 141 | 141 |
| പലിശ | 87 | 92 | 92 | 92 |
| ഇൻഷുറൻസ് | 32 | 93 | 95 | 95 |
| നികുതികൾ | 126 | 182 | 136 | 136 |
| മറ്റു ചെലവുകൾ | 50 | 53 | 56 | 56 |
| പ്രവർത്തനവായ്പ/ പലിശ | 4 | 4 | 4 | 4 |
| ആകെ ഫിക്സഡ് കോസ്റ്റ് | 1158 | 1233 | 1811 | 1809 |
| ആകെ കി.മീ. പ്രവർത്തനച്ചെലവ് (പൈസ/കി.മീ.) | 2820 | 4266 | 4560 | 5256 |

നാറ്റ്പാക് പഠനത്തിലും ജസ്റ്റീസ് രാമചന്ദ്രൻ കമ്മിറ്റിയുടെ പഠനത്തിലും ചെലവിനെക്കുറിച്ചുമാത്രമാണു പ്രതിപാദിക്കുന്നത്. ഒരു കി.മീറ്റർ വരുമാനം എത്രയെന്ന് ഇവർ കണ്ടെത്തുന്നില്ല. മോട്ടോർ വാഹനനിയമത്തിൽ റൂൾ 158 പ്രകാരം ഒരോ ബസുടമയും മൂന്നു മാസം കൂടുമ്പോൾ വരവിന്റെ കണക്ക് ബോധ്യപ്പെടുത്തണം എന്ന വ്യവസ്ഥയുണ്ട്. പക്ഷേ, ഇതു പാലിക്കപ്പെടുന്നില്ല. ബസുടമകൾ പറയുന്ന വരുമാനവും ചെലവും കണക്കാക്കി മുൻകാലങ്ങളിൽ ബസ്നിരക്ക് നിശ്ചയിച്ചതുമൂലം പൊതുഗതാഗതനിരക്കു വളരെ ഉയർന്നതാണ്. കേരളത്തിലെ വാഹനങ്ങളിൽ 65 ശതമാനവും ടൂവീലർ ആകാൻ കാരണം ബസ് കാത്തുനിന്നു നഷ്ടപ്പെടുന്ന സമയവും, യാത്രാക്കൂലിയും കണക്കുകൂട്ടിയാൽ ചെറിയ ദൂരയാത്രകൾ ടൂവീലറിലാക്കുന്നതാണ് ലാഭകരമെന്നു മനസ്സിലാവും. ഇക്കാര്യം കേരളത്തിൽ പണിയെടുക്കുന്ന മറുനാട്ടിലെ തൊഴിലാളികൾകൂടി മനസ്സിലാക്കിയാൽ ബസ്സിലെ യാത്രക്കാരുടെ എണ്ണം വീണ്ടും കുറയും.

ആദ്യ രണ്ടു സ്റ്റേജിൽ മിനിമം നിരക്കും തുടർന്നുള്ള സ്റ്റേജുകളിൽ കി.മീറ്റർ നിരക്കും ഈടാക്കുന്ന രീതിയാണ് 1960 മുതൽ സംസ്ഥാനത്ത് നിലവിലുള്ളത്. ഫെയർസ്റ്റേജിലേക്കുള്ള ദൂരത്തെ (2.5 കി.മീ) കി.മീറ്റർ നിരക്കുകൊണ്ട് ഗുണിച്ചാൽ കിട്ടുന്നതായിരുന്നു യാത്രാനിരക്ക്. എന്നാൽ, ജസ്റ്റീസ് രാമചന്ദ്രൻ കമ്മീഷന്റെ ശുപാർശപ്രകാരം 2011 ഓഗസ്റ്റിൽ നിരക്കു വർദ്ധിപ്പിച്ചപ്പോൾ ഈ രീതിക്കു മാറ്റം വരുത്തി. മിനിമം നിരക്കിൽ സഞ്ചരിക്കാവുന്ന അഞ്ചു കി.മീറ്റർ പ്രത്യേകമായി നിലനിർത്തുകയും തുടർന്നുള്ള ദൂരത്തിന് കി. മീറ്റർ നിരക്ക് ഈടാക്കുകയും ചെയ്യുന്ന രീതി വന്നതോടെ എല്ലാ സ്റ്റേജിലും യഥാർത്ഥത്തിൽ നൽകേണ്ടതിനെക്കാൾ കൂടുതൽ തുക നൽകേണ്ട സാഹചര്യമുണ്ടായി. ഫെയർസ്റ്റേജ് അപാകതകൾ പരിഹരിച്ച് നിരക്ക് പുതുക്കാനാണ് 2004 ൽ ജസ്റ്റീസ് രാമചന്ദ്രൻ സമിതിയെ സർക്കാർ നിയോഗിച്ചത്. സമിതിയുടെ ശുപാർശപ്രകാരം 2011 ൽ നിരക്ക് പുതുക്കിയപ്പോൾ എല്ലാ സ്റ്റേജിലും അപാകതകൾ കടന്നുകൂടി. ആദ്യത്തെ മൂന്നു സ്റ്റേജുകളിൽ മാത്രമായിരുന്നു അതുവരെ അപാകതകൾ ഉണ്ടായിരുന്നത്. 2011 ലെ വർദ്ധനയ്ക്കുശേഷം സഞ്ചരിക്കാത്ത ദൂരത്തിനു യാത്രക്കാർ നൽകേണ്ടിവന്നത് 1.87 രൂപ മുതൽ 2.75 രൂപവരെയാണ്. അതുവരെ ഇതു 12 പൈസ മുതൽ 37 പൈസവരെയായിരുന്നു. ഇപ്പോൾ നിർദേശിക്കപ്പെട്ടിരിക്കുന്ന നിരക്കുവർദ്ധന നടപ്പാക്കിയാൽ മൂന്നാമത്തെ സ്റ്റേജ് (7.5 കി.മീ) മുതലുള്ള യാത്രാനിരക്ക് അതിഭീമമായ വർദ്ധനവിലേക്കു കുതിച്ചുയരും. 1980 ൽ കി.മീറ്ററിന് 8 പൈസ ഉണ്ടായിരുന്നത് 82 ൽ വർദ്ധിപ്പിച്ചപ്പോൾ 11 ആയും 88 ൽ 13ഉം 90 ൽ 16ഉം 92 ൽ 18 ഉം ആയിട്ടാണ് വർദ്ധനവുണ്ടായത്. 20 പൈസ മുതൽ 5 പൈസവരെ വർദ്ധനയാണു മുൻകാലങ്ങളിൽ നൽകിയിരുന്നതെങ്കിൽ ഇപ്പോഴത്തെ വർദ്ധന 70 ൽനിന്ന് 90 ലേക്കാണെന്നു കേൾക്കുന്നു. അങ്ങനെയെങ്കിൽ സംസ്ഥാനചരിത്രത്തിലെ ഏറ്റവും വലിയ വർദ്ധനയായ 28.57 ശതമാനം വർദ്ധനയാകും നിലവിൽ വരുക. ■



ജിജോ മാത്യു



എബി ജോസ്

കെ.സി.എസ്.എൽ പാലാ രൂപത പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ജിജോ മാത്യുവും (സെന്റ് ജോർജ് എച്ച്. എസ്. എസ്, അരുവിത്തുറ) ജനറൽ ഓർഗനൈസറായി തിരഞ്ഞെടുക്കപ്പെട്ട എബി ജോസും (ഇമ്മാനുവൽ എച്ച്. എസ്. എസ്, കോതനല്ലൂർ).

# മലയാളബാലസാഹിത്യചരിത്രം

# അഭിനന്ദനീയമായ സാഹിതീസേവനം



ഷാജി മാലിപ്പാറ

**ഇ**ന്നലെകളിലെ കർമങ്ങളാണ് ഇന്നും നാളെയും ഓർമകളാവുന്നത് എന്നതിന്റെ പിൻബലത്തിലാണല്ലോ ചരിത്രം രൂപപ്പെടുന്നത്. സാഹിത്യചരിത്രത്തിന്റെ പ്രകൃതവും ഇതുതന്നെ. കൃതികളും കർത്താക്കളും പ്രസ്ഥാനങ്ങളുമൊക്കെ അതിലുൾപ്പെടുന്നു. 2021 ൽ വിരചിതമായ മലയാളബാലസാഹിത്യചരിത്രം കൈരളിക്കു ലഭിച്ച അതുല്യസമ്മാനമാണ്. പല രൂപത്തിലുള്ള സാഹിത്യചരിത്രങ്ങൾക്ക് മലയാളത്തിൽ കുറവില്ലെങ്കിലും ബാലസാഹിത്യത്തിന്റെ സമഗ്രചരിത്രം ഇതുവരെയും രേഖപ്പെടുത്തിയിരുന്നില്ല. ആ കുറവാണ് രണ്ടു വാല്യങ്ങളിലായി 1312 പുറങ്ങളുള്ള വിശിഷ്ടഗ്രന്ഥത്തിന്റെ രചനയിലൂടെ ഡോ. കെ. ശ്രീകുമാർ പരിഹരിച്ചിരിക്കുന്നത്. അവതാരികയിൽ എം. ടി. വിശേഷിപ്പിക്കുന്ന ഈ ഭഗീരഥപ്രയത്നം മലയാളലോകത്തിന് അനുഗ്രഹപ്രദമായ ഒരു സദുദ്യമമായി കലാശിച്ചിരിക്കുന്നു. ബാലസാഹിത്യകാരൻകൂടിയായ ഗ്രന്ഥകാരൻ ആമുഖത്തിൽ സൂചിപ്പിക്കുന്നതുപോലെ 'ഒന്നരപ്പതിറ്റാണ്ടു നീണ്ട ആഗ്രഹത്തിന്റെ സാക്ഷാത്കാരമാണിത്. മൂന്നരവർഷത്തെ കഠിനപരിശ്രമങ്ങൾക്കൊടുവിലാണ് പന്ത്രണ്ട് അധ്യായങ്ങളുള്ള ഈ ഗ്രന്ഥം പൂർണമാവുന്നത്."

ഇതിലെ എല്ലാ അധ്യായങ്ങളും സുദീർഘമാണ്; ഒപ്പം സമഗ്രവും സംക്ഷിപ്തവുമായി കാര്യങ്ങളെ അവതരിപ്പിക്കുന്നവയുമാണ് – സമ്പൂർണത തികച്ചും അവകാശപ്പെടാനില്ലെങ്കിലും. അതു സ്വാഭാവികവുമാണല്ലോ. അനുവാചകരുടെ കൂടി സഹകരണത്തോടെ അടുത്ത പതിപ്പ് മെച്ചപ്പെടുത്താമെന്ന പ്രതീക്ഷയും ഗ്രന്ഥകാരൻ പുലർത്തുന്നുണ്ട്. ദോഷം പറയാനാവാത്ത വിധത്തിൽ മലയാളബാലസാഹിത്യത്തിന്റെ നാനാതലങ്ങളെയും സ്പർശിക്കുന്നതിനും അവയിൽ മിക്കതിനെയും വിശദീകരിക്കുന്നതിനും ഡോ. കെ. ശ്രീകുമാർ ശ്രമിച്ചിട്ടുണ്ട്; ആ പരിശ്രമം വിജയമണിഞ്ഞിട്ടുണ്ട്.

ബാലസാഹിത്യത്തിന്റെ ലോക, ഭാരതീയ പാരമ്പര്യങ്ങളാണ് നൂറോളം പേജുകളിൽ വിന്യസിക്കുന്ന പ്രഥമാധ്യായത്തിൽ പ്രതിപാദിക്കുന്നത്. രണ്ടുമുതൽ അഞ്ചുവരെ അധ്യായങ്ങളിലായി വാമൊഴിവഴക്കങ്ങളിൽ തുടങ്ങി 21–ാം നൂറ്റാണ്ടുവരെയുള്ള ബാലസാഹിത്യചരിത്രം വിവരിക്കുന്നു. നമ്മുടെ പാഠപുസ്തകങ്ങളിലെ ബാലസാഹിത്യരചനകളെ സവിസ്തരം പരിചയപ്പെടുത്തുന്നതാണ് ആറാം അധ്യായമെങ്കിൽ, സോവിയറ്റ് നാട്ടിലെ ബാലകഥാലോകത്തെപ്പറ്റിയുള്ളതാണ് അടുത്തത്. എട്ടാം അധ്യായത്തിൽ മൺമറഞ്ഞവരും ജീവിച്ചിരിക്കുന്നവരുമായ ബാലസാഹിത്യരചയിതാക്കളെ പരിചയപ്പെടുത്തുന്നു. അവരുടെ സംഭാവനകളും ലഘുജീവചരിത്രക്കുറിപ്പും ചേർത്തിട്ടുണ്ട്. നാനൂറിലേറെപ്പേർ ഈ ഗ്രന്ഥത്തിൽ അണിനിരക്കുന്നു. ഇന്ന് നിലവിലുള്ളവയും ഇല്ലാത്തവയുമായ ബാലപ്രസിദ്ധീകരണങ്ങളെക്കുറിച്ചുള്ളതാണ് അടുത്ത അധ്യായം. പത്രാധിപന്മാരെയും ചിത്രകാരന്മാരെയും ഇവിടെ യഥോചിതം പരിചരിക്കുന്നതിൽ ഗ്രന്ഥകാരൻ മറവി കാണിച്ചിട്ടില്ല. ബാലസാഹിത്യപ്രസിദ്ധീകരണരംഗത്തെ കുലപതികളെ ആദരിക്കാനും ഇടമൊരുക്കിയിട്ടുണ്ട്.

മലയാളത്തിൽ ബാലസാഹിത്യത്തിനു നൽകിവരുന്ന പ്രധാനപ്പെട്ട എല്ലാ പുരസ്കാരങ്ങളും പത്താം അധ്യായത്തിൽ പരാമർശിതമാണ്. അവയ്ക്ക് അർഹരായവരുടെ പട്ടികയും ഇനം തിരിച്ചുനൽകിയിട്ടുണ്ട്. 'വിവാദങ്ങൾ' എന്ന പേരിലുള്ള അടുത്ത അധ്യായം, ബാലസാഹിത്യരംഗത്തെ കൗതുകകരമായ ചില സംഭവങ്ങളിലേക്കും സന്ദർഭങ്ങളിലേക്കും വെളിച്ചം വീശുന്നവയാണ്. ചരിത്രത്തിന്റെ ഭാഗമായ അവ അനുവാചകർ ആസ്വദിക്കുകതന്നെ ചെയ്യും. കാരൂർ എഴുതാത്ത കാരൂർക്കഥ, കവിമാറി പാഠപുസ്തകത്തിലെത്തിയ ബാലകവിത, ചെമ്പരുന്തിന്റെ റാകിപ്പറക്കൽ തുടങ്ങിയവയൊക്കെ ഉദാഹരണങ്ങളാണ്. ബാലസാഹിത്യത്തിന്റെ പരിപോഷണത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും സംഘടനകളെയും പരിചയപ്പെടുത്തുന്നു അവസാന അധ്യായത്തിൽ.

ഈ പ്രൗഢഗ്രന്ഥത്തിലെ ഏറ്റവും ദൈർഘ്യമുള്ള അധ്യായം, 'രചയിതാക്കളും സംഭാവനകളും' എന്നതാണ്. അഞ്ഞൂറിലധികം പുറങ്ങളാണ് അതിനായി ചെലവഴിച്ചിരിക്കുന്നത്. മലയാളബാലസാഹിത്യരംഗത്തെ എഴുത്തുകാരെ ഏതാണ്ട് പൂർണമായും അണിനിരത്താനുള്ള ശ്രമം ശ്ലാഘനീയമാണ്. എന്നാൽ യാതൊരുവിധത്തിലുള്ള ക്രമവും പാലിച്ചല്ല, ഇവരെ വിന്യസിച്ചിട്ടുള്ളത് എന്നത് പരിഹരിക്കേണ്ട ഒരു പോരായ്മയായിത്തോന്നാം. അക്ഷരമാലാക്രമത്തിലോ ജന്മവർഷക്രമത്തിലോ മറ്റോ അത് ചെയ്തിരുന്നെങ്കിൽ കൂടുതൽ ഉചിതമായേനെ. അഞ്ഞൂറിലധികം പേജുകളിൽനിന്ന് ഒരാളെ കണ്ടെത്താനുള്ള പ്രയാസം ഒഴിവാക്കാൻ കഴിഞ്ഞാൽ നന്ന്. ചിലരുടെ ഫോട്ടോകളും ജനനവർഷവുമൊന്നും ലഭ്യമാകാഞ്ഞതിനാൽ ചേർക്കാൻ കഴിയാതെ പോയ കാര്യം ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നുണ്ട്.




മലയാളസാഹിത്യനഭസ്സിലെ വലിയൊരു വിടവ് ഈ കൃതിയുടെ പ്രകാശനത്തോടെ മാഞ്ഞുപോയിരിക്കുന്നു. പകരം അവിടെ ചരിത്രത്തിന്റേതായ ഒരു ഉജ്ജ്വലതാരം ഉദിച്ചിരിക്കുന്നു. അതിനു നാം പ്രസാധകരായ കോഴിക്കോട് പൂർണ പബ്ലിക്കേഷൻസിനോടും ഗ്രന്ഥകാരനായ ഡോ. കെ. ശ്രീകുമാറിനോടും നന്ദി പറയുക!

എത്രയോമുമ്പ് യാഥാർത്ഥ്യമാകേണ്ടിയിരുന്ന ഒരു സ്വപ്നമായിരുന്നു ഇതുപോലൊരു ചരിത്രഗ്രന്ഥം. സർക്കാരിന്റെ ചുമതലയിലുള്ള സാംസ്കാരികസ്ഥാപനങ്ങൾക്ക് അതിനുള്ള കടമയും സൗകര്യങ്ങളുമുണ്ടായിരുന്നു. സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഈ ദൗത്യം നിർവഹിക്കുമെന്ന പ്രഖ്യാപനമുണ്ടായെങ്കിലും അതു ജലരേഖയായി മാറിയതേയുള്ളൂ. കേരള സാഹിത്യ അക്കാദമിയുടെ സാഹിത്യചരിത്രപരമ്പരയിൽ ബാലസാഹിത്യത്തെ ഉൾപ്പെടുത്തുകയും ജോലികൾ ആരംഭിക്കുകയും ചെയ്തെങ്കിലും അതും ഫലം കണ്ടില്ല. ഈവക യത്നങ്ങളിൽ പങ്കാളിയായ ഡോ. കെ. ശ്രീകുമാർ നിശ്ചയദാർഢ്യത്തോടെ ഇറങ്ങിത്തിരിച്ചതിന്റെ സദ്ഫലമാണീ ഗ്രന്ഥം. മികച്ച ബാലസാഹിത്യകാരനും ഗവേഷകനുമാണ് ഗ്രന്ഥകാരനെന്നത് ചരിത്രരചനയെ ഒരേസമയം ആത്മനിഷ്ഠവും വസ്തുനിഷ്ഠവുമായി സമീപിക്കാൻ സഹായിച്ചിട്ടുണ്ടെന്നു കാണാം.

■

## തിരിവെട്ടം

കവിത

തെരേസ പീറ്റർ

ബാല്യം മധുരം തിരുമധുരം
പൂപ്പുഞ്ചിരിയുടെ നറുമധുരം
ദൈവത്തിൻ തിരുവാത്സല്യ-
നിറവിൽ വിരിയും പൊൽക്കാലം.
ജീവിതപാഠക്കളരിയിതിൽ
കൗമാരം യുവകാമനകൾ
ഉശിരോടുള്ളൊരു മുന്നേറ്റം
പയ്യെപ്പയ്യെ കാണാനായ്.
ശരികൾ തെറ്റുകൾ തമ്മിലൊരു
പോരാട്ടത്തിൻ തേരോട്ടം
ഇവിടെ വേണം തിരിച്ചറിവിൻ
അകനേത്രത്തിൻ തിരിവെട്ടം.
മാതാപിതാഗുരുദൈവങ്ങൾ
ചൂണ്ടിക്കാട്ടും സൽസരണി
കണ്ടുപഠിച്ചു മുന്നേറാൻ
വഴികാട്ടീടും അകമിഴിവ്.
സൽഭാവത്തിൻ അകവെട്ടത്തിൽ
അനുദിന കർമസായുജ്യം
വരിച്ചു നാൾവഴി താണ്ടീടാൻ
മാമകജന്മം സാർത്ഥകമായ്.
ഇച്ചെറുജീവിതമാവട്ടെ
ഒരു ചെറുമിന്നൽപ്പിണരായി
മറഞ്ഞുപോയീടിലുമിവിടെ
നിലനിന്നീടും കാലടികൾ.

## ഫ്രീക്കൻ

നർമകഥ

ജോർജുകുട്ടി താവളം

**ര**മ്യ ജോലി കഴിഞ്ഞ് സ്കൂട്ടറിൽ വരുമ്പോൾ ബസ് സ്റ്റോപ്പിൽ മൊബൈൽ ഫോണിൽ തോണ്ടിക്കൊണ്ടു നിൽക്കുന്ന പഴയ കൂട്ടുകാരിയെക്കണ്ട് വണ്ടി നിർത്തി.

പ്ലസ്ടൂവിന് ഒന്നിച്ചു പഠിച്ച സ്മിത. ആറു വർഷം മുമ്പ് പഠിക്കാൻ ചെന്നൈയിലേക്കു പോയ അവളെ പിന്നീട് ഇപ്പോഴാണു കാണുന്നത്.

"എടീ സ്മിതേ," രമ്യ സ്മിതയുടെ തോളത്തു തട്ടി. മൊബൈലിൽനിന്നു കണ്ണെടുത്ത് സ്മിത ഞെട്ടിത്തിരിഞ്ഞുനോക്കി.

"ങ്ഹേ... രമ്യേ എത്ര നാളായെടീ കണ്ടിട്ട്?"

"പരിസരബോധമില്ലാതെ എന്താ മൊബൈലിൽ ചെയ്തോണ്ടിരിക്കുന്നത്? വല്ല ചുറ്റിക്കളീം..."

സ്മിത നാണത്തോടെ ചിരിച്ചുകൊണ്ടു തലയനക്കിയിട്ടു പറഞ്ഞു: "ഒരു മെസേജ്..."

"ആരാ കക്ഷി?"

"ഒരു ഫ്രീക്കനാ. മുള്ളൻപന്നീടെ മുള്ളുപോലെ മുടീം. ഒരു കാതിൽ കമ്മലുമൊക്കെയിട്ട്..."

"ങ്ഹേ!... ഇതെങ്ങനെ ഒത്തെടീ... രണ്ടുപേർക്കും ഒരുപോലെ..."

"നീയെന്താ പറയുന്നത്? മനസ്സിലായില്ല."

"നീ പറഞ്ഞ ലക്ഷണങ്ങളെല്ലാമുള്ള ഒരാള് എനിക്കുമുണ്ട്. ഞാൻ ഫോട്ടോ കാണിക്കാം."

ഫോട്ടോ കണ്ട് സ്മിത ഞെട്ടി.

"എന്താടീ?"

"ഇവൻതന്നെയാ അവൻ."

പെട്ടെന്ന് രമ്യയുടെ ഫോണിലേക്ക് ഫ്രീക്കന്റെ കോൾ വന്നു. അവൾ സ്പീക്കറിലിട്ടു.

"ഹലോ."

"രമ്യ ജോലി കഴിഞ്ഞിറങ്ങിയെങ്കിൽ ബീച്ചിൽവരെ വന്നാൽ ഒന്നു കണ്ടിട്ടുപോകാം. നമ്മൾ



സ്ഥിരമായി കാണാറുള്ള സ്ഥലത്ത്."

"ശരി."

"ഞാനും വരുന്നു." സ്മിതയും അവളോടൊപ്പം സ്കൂട്ടറിൽ കയറി. രണ്ടുപേരെയും ഒന്നിച്ചു കണ്ട ഫ്രീക്കൻ ഞെട്ടൽ മറച്ചുകൊണ്ടു ചോദിച്ചു: "ഇതാരാ കൂട്ടുകാരിയാണോ?"

"ങ്...ഹാ.. നമുക്ക് ആളൊഴിഞ്ഞ സ്ഥലത്തേക്കു മാറിനിന്നു സംസാരിക്കാം." രമ്യ പറഞ്ഞു.

"അതുവേണോ?"

"അതല്ലേ നല്ലത്?"

അവൻ മടിച്ചുമടിച്ചു പുറകേ ചെന്നു. ആരുടെയും ശ്രദ്ധയിൽപ്പെടാത്ത ഒരിടത്തേക്ക്.

......

മുഖത്ത് നീരുമായി ആശുപത്രിയിൽനിന്നു മടങ്ങിയ ഫ്രീക്കന്റെ വായിൽ രണ്ടുവശത്തും ഈരണ്ടു പല്ലുകൾ കുറവുണ്ടായിരുന്നു.

■

ജാലകം



സി. ഡോ. ജോവാൻ
ചുങ്കപ്പുര എം. എം. എസ്.

# പ്രലോഭനങ്ങളുടെ വലക്കണ്ണികൾ

തങ്ങളെക്കാൾ മുതിർന്ന സ്ത്രീ/പുരുഷന്മാരോട് അടുപ്പവും താത്പര്യവും പ്രകടിപ്പിക്കുന്ന ആൺകുട്ടികളും പെൺകുട്ടികളുമുൾപ്പെടെയുള്ള ചെറുപ്പക്കാരുടെ എണ്ണം ഏറിവരികയാണ്. ഫോൺവിളികൾ, നെറ്റ്‌വർക്ക് സംവിധാനങ്ങൾ തുടങ്ങിയവയൊക്കെ ഇവർ ഉപയോഗപ്പെടുത്തുന്നു. ചിലരൊക്കെ തങ്ങളുടേതല്ലാത്ത വിഭാഗങ്ങളിൽനിന്നു പ്രേമബന്ധത്തിലേർപ്പെടുന്നു.



ചിലതൊക്കെ പിരിയാൻ പറ്റാത്ത അവസ്ഥയിലെത്തിക്കുന്നു. അനേകം ചെറുപ്പക്കാരുടെ ജീവിതമാണ് ഇത്തരം തിന്മകളിലൂടെ നശിക്കുന്നതും നഷ്ടപ്പെടുന്നതും.

ഇത്തരം ഊരാക്കുടുക്കുകളിൽനിന്നു രക്ഷപ്പെടാൻ ആഗ്രഹിച്ചാൽ പലപ്പോഴും അതിനു കഴിയണമെന്നില്ല. മാത്രമല്ല, രക്ഷപ്പെടാൻ നോക്കിയാൽ എതിർവിഭാഗത്തിൽനിന്ന് ആക്രമണമുണ്ടായെന്നുവരാം. കഴിഞ്ഞ ദിവസം ഒരു പെൺകുട്ടി ഇത്തരമൊരു ആക്രമണമുണ്ടായതിനെക്കുറിച്ചു സൂചിപ്പിക്കുകയുണ്ടായി. അധികാരികളോടു റിപ്പോർട്ടു ചെയ്യണോ വേണ്ടയോ എന്ന സന്ദേഹത്തിലുമായി. എങ്കിലും ധൈര്യപൂർവം അവൾ റിപ്പോർട്ടു ചെയ്തു. പണം നേടുന്നതിനും നേരമ്പോക്കിനും ഇത്തരം ഹീനപ്രവൃത്തികളിലേർപ്പെടുന്ന വിദ്യാഭ്യാസവും മറ്റുമില്ലാത്ത ധാരാളം തൊഴിൽരഹിതചെറുപ്പക്കാർ നാട്ടിലുണ്ട്. ഇത്തരം കാര്യങ്ങൾ മറച്ചുവയ്ക്കാതെ സഭ/വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ അറിവുള്ളവർ പങ്കുവയ്ക്കണം.

ഒരു വ്യാഴവട്ടക്കാലമായി കേരളത്തിന്റെ പ്രതിച്ഛായതന്നെ മാറിമറിഞ്ഞിരിക്കുന്നു. ചുരുക്കം ചിലരേ ഇത്തരം മാറ്റങ്ങളെപ്പറ്റി മനസ്സിലാക്കുന്നുള്ളൂ. രാഷ്ട്രീയ വടംവലികളും ഉൾപ്പോരുകളുമാണ് മാധ്യമങ്ങൾ കൂടുതലും പറയുന്നതും ചർച്ച ചെയ്യുന്നതും. കുടുംബജീവിതം, കുടുംബഭദ്രത, വ്യക്തിത്വവളർച്ച, ഭാവി കരുപ്പിടിപ്പിക്കൽ, പ്രതിസന്ധികളെ അതിജീവിക്കൽ ലൈംഗികാവബോധം, തൊഴിൽതേടൽ, തലമുറ വളർത്തൽ തുടങ്ങിയവയെക്കുറിച്ചുകൂടി മാധ്യമങ്ങൾ ചർച്ച ചെയ്യണം. മതപഠനം, യുവജനക്യാമ്പുകൾ, വിവാഹപൂർവ ക്ലാസുകൾ, ധ്യാനനിമഗ്നമായ പ്രോഗ്രാമുകൾ, ആരോഗ്യകരമായ തെറപ്പികൾ ഇവയൊക്കെ പാഠ്യപദ്ധതികളിലും ഉൾപ്പെടുത്തണം. സഭയും സഭാധികാരികളും ഇക്കാര്യങ്ങളിൽ ജാഗരൂകരായിരിക്കുന്നു. പരസ്നേഹത്തെക്കുറിച്ചു മാത്രമല്ല, ജീവിതശൈലികളെക്കുറിച്ചും ജീവിതത്തിൽ നന്മതിന്മകൾ തിരിച്ചറിയാനുള്ള വിവേകത്തെക്കുറിച്ചും വിവേചനശക്തിയെക്കുറിച്ചും സദാചാരചിന്തകളെക്കുറിച്ചും മഹത്തായ മൂല്യങ്ങളെക്കുറിച്ചും സഹജീവികളുടെ രക്ഷയെക്കുറിച്ചും അവർക്കു കൊടുക്കേണ്ട കരുതലിനെക്കുറിച്ചും സാമാന്യമുണ്ടായിരിക്കേണ്ട മനുഷ്യത്വത്തെക്കുറിച്ചും മതബോധനതലങ്ങളിലും വചനപ്രഘോഷണങ്ങളിലും കൗമാരക്കാരെയും ചെറുപ്പക്കാരെയും ആധികാരികമായി പറഞ്ഞുബോധ്യപ്പെടുത്തിക്കൊടുക്കണം.

**അവസാനവാക്ക് കുട്ടികളുടേതാവരുത്. അവർ എത്ര പഠിച്ചാലും വാനോളമുയർന്നാലും നിയന്ത്രണത്തിന്റെയും സ്നേഹത്തിന്റെയും അധികാരം രക്ഷിതാക്കളുടെ കരങ്ങളിൽത്തന്നെയാവണം.**

വിശ്വസ്തത അഭിനയിച്ച് ആൺ/പെൺ സുഹൃത്തുക്കളെ നേടുന്നവർ നിരവധിയാണ്. എന്നാൽ, സ്നേഹിക്കാനോ നല്ല ബന്ധങ്ങൾ നിലനിർത്താനോ കഴിവില്ലാത്തവരാണ് ഇത്തരക്കാർ. ഇവർ വിവാഹിതരായാൽപ്പോലും എപ്പോഴും പങ്കാളിയെ പങ്കായം എന്നപോൽ നിയന്ത്രിച്ചുകൊണ്ടേയിരിക്കും. സംശയങ്ങളും അരക്ഷിതത്വവും ഇവർക്കിടയിൽ വർദ്ധിക്കുന്നു. ഒടുവിൽ, ജീവിതവും ജീവനും പണയപ്പെടുത്തി പകരംവീട്ടുന്നു. ഇത്തരം പ്രവൃത്തികൾ മാനസികരോഗംതന്നെയാണ്. ഇതൊക്കെ ചെറുപ്പക്കാർ നന്നായി മനസ്സിലാക്കണം.

കൗമാരപ്രായക്കാർക്കു പ്രധാനമായും വേണ്ടത് അഞ്ചുതരത്തിലുള്ള മാനസികാവശ്യബോധ്യങ്ങളാണ്. ഒന്ന്, സുരക്ഷിതത്വം ഉണ്ടെന്നുള്ള ബോധ്യം. രണ്ട്, തന്നെ അംഗീകരിക്കുന്നുവെന്ന ബോധ്യം. മൂന്ന്, താൻ വിലപ്പെട്ടവൻ/വിലപ്പെട്ടവൾ എന്ന ബോധ്യം. നാല്, താൻ പ്രധാനപ്പെട്ടവൻ/പ്രധാനപ്പെട്ടവൾ എന്ന ബോധ്യം. അഞ്ച്, താൻ സ്നേഹിക്കപ്പെടുന്നുവെന്ന ബോധ്യം. ഈ ബോധ്യങ്ങൾക്കായി കൗമാരക്കാർ നെട്ടോട്ടമോടും. രക്ഷിതാക്കളും ഗുരുഭൂതരുമാണിത് പ്രധാനമായും നൽകേണ്ടത്. ഇതൊന്നും അവരിൽനിന്നു ലഭിക്കാതെ വരുമ്പോഴും, ഗ്രേഡിനും മാർക്കിനും സമ്പത്തിനും സൗന്ദര്യത്തിനും പ്രാധാന്യം കൊടുക്കുമ്പോഴും താനെന്ന വ്യക്തി മറ്റൊന്നുമല്ലെന്ന് ഇവർക്കു തോന്നുന്നു. ഇങ്ങനെ വരുമ്പോഴാണ് വഴിയിൽ കാണുന്നവരിൽ ആകൃഷ്ടരാവുന്നതും അവരുടെ അടിമകളായിത്തീരുന്നതും. കുട്ടികളെ വളർത്തുമ്പോൾ ഏറെയങ്ങ് ഉയർത്തിക്കാട്ടരുത്. എല്ലാ അവകാശങ്ങളും പൂർണമായി വിട്ടുകൊടുക്കരുത്. അവസാനവാക്ക് കുട്ടികളുടേതാവരുത്. അവർ എത്ര പഠിച്ചാലും വാനോളമുയർന്നാലും നിയന്ത്രണത്തിന്റെയും സ്നേഹത്തിന്റെയും അധികാരം രക്ഷിതാക്കളുടെ കരങ്ങളിൽത്തന്നെയാവണം.

# വിശുദ്ധോദയം

കവിത

ഫാ. തോമസ് പാട്ടത്തിൽചിറ CMF

കനകാസ്തമയവിസ്മയമൊന്നു കാണുവാൻ,
കാതങ്ങൾ താണ്ടിയനേകരെത്തുന്നൊരാ-
കന്യാകുമാരിയിലദ്ഭുതമെന്നപോൽ
കാറ്റാടിമലമേൽ വിശുദ്ധോദയപ്രഭ!

കർക്കശൻ രാമയ്യദളവതൻ വാഴ്ചയിൽ,
കാര്യവിചാരിപ്പുകാരനായ്മേവിയ,
കോമളൻ നീലകണ്ഠൻപിള്ളയെന്നൊരാൾ,
ക്രൈസ്തവവിശ്വാസിയായതാശ്ചര്യമേ!

കോട്ടവളപ്പതിൽ സൈന്യാധിപനായ,
ക്യാപ്റ്റൻ ഡിലനോയിയിൽനിന്നനുദിനം,
കേട്ടുപഠിച്ചറിഞ്ഞേശുവിനെയയാൾ,
കൈക്കൊണ്ടൊരു ദിനം ജ്ഞാനസ്നാനം മുദാ.

'കർത്താവു തുണ'യെന്നയർത്ഥം വരുന്നതാം
കമനീയപേരിനാൽ 'ദേവസഹായ'മായ്.
കണവനവൻ തന്റെ മാതൃക കണ്ടുസ്വ-
കാന്തയും 'ത്രേസ്യാ'യായ് മാറിയതേ ദിനം.

കൊട്ടാരവാസികൾ, സമുദായനായകർ,
കശ്മലമാനസർ, വൈരികളൊന്നുപോൽ,
കച്ചകെട്ടിയിറങ്ങിയാ മനുഷ്യനെ,
കുറ്റവാളിയാക്കി ശിക്ഷ വിധിച്ചിടാൻ.

കെട്ടുകഥ വിശ്വസിച്ച ദളവയോ,
ക്രിസ്തുവിശ്വാസം പരിത്യജിച്ചീടുകിൽ,
കീർത്തിയെഴും സ്ഥാനമാനങ്ങളൊക്കെയും,
കാഴ്ച നല്കാമെന്ന വാക്കയാൾക്കേകിനാൻ.

കാന്തിയെഴുമുപഹാരങ്ങളേക്കാൾ,
കാന്തമായ് തന്നെയാകർഷിപ്പതേശുവിൻ-
കാമ്പെഴും സ്നേഹമെന്നാധീരനോതവേ,
കാരാഗൃഹത്തിലടച്ചവനെയവർ.

കരി, ശോണവർണങ്ങളിലുള്ള പുള്ളികൾ,
കഴൽതൊട്ടു ശിരസ്സോളം ദേഹത്തിലിട്ടൊരു-
കാട്ടെരുമപ്പുറത്തേറ്റി പ്രദക്ഷിണം,
കാട്ടിയവരാ നിർദ്ദോഷി ക്രിസ്ത്യാനിയെ.

കപികൾതൻ കൂട്ടിലിരുത്തി; ദിനമനു
കയർചാട്ടയാലടിച്ചുള്ളംകാലുകളിൽ;
കൂർത്ത കൽവഴിയേ വലിച്ചിഴച്ചോണ്ടുപോയ്;
കുരുമുളകു തേച്ചൂ മുറിവുകൾ തോറുമേ.

കട്ടുകഴപ്പനുറുമ്പുകൂട്ടങ്ങൾ തൻ-
കടിയേറ്റൂ; പൊരിയുന്ന വെയിലത്തിരുന്നവൻ;
കുടിവെള്ളമായ് ചെളിനീരു നുകർന്നവൻ;
കത്തുന്ന ചുണ്ണാമ്പുചൂളയിൽ നിന്നവൻ.

കഠിനമാമിവ്വിധ പീഡകളൊന്നുമേ,
കടുകിടയവനെ ചലിപ്പിച്ചിടായ്കയാൽ,
കൊലചെയ്തു കാറ്റാടിമലയിലൊടുക്കുവാൻ,
കല്പനയായി രാജാവൊരുനാളതിൽ.

കൈകാലുകൾ ചങ്ങലകളാൽ കെട്ടിയും
കാർവേണി ചുറ്റിപ്പിടിച്ചാഞ്ഞുതള്ളിയും
കാറ്റാടിഗിരിയുടെ നിറുകയിലേക്കവർ
കൊണ്ടുപോയാ നിർമ്മലൻ കർത്തൃദാസനെ.

കരവിലങ്ങുകളെ കൈവളകളാക്കി,
കുരിശുപോൽ ചങ്കോടു ചേർത്തു ഗ്രസിച്ചിരു-
കാൽമുട്ടുകളിലർത്ഥിച്ചൊരാ ദിവ്യനെ,
കാഞ്ചി വലിച്ചു കുരുതികഴിച്ചവർ.

കാലങ്ങളേറെക്കഴിഞ്ഞിന്നു ഭാരതം
കണ്ടു പ്രഥമയല്മായ വിശുദ്ധനായ്,
കിരണങ്ങളേന്തിയുദിച്ചുനില്ക്കുന്നവൻ,
കാഞ്ചനസൂര്യനായ്, ശോണിതസാക്ഷിയായ്!

കന്യാതനയനെയന്ത്യശ്വാസംവരെ,
കരളിൽ ഭജിച്ചയമാനുഷഭക്തനേ,
കറയേതുമിയലാതെ വിശ്വാസജീവിതം
കാത്തിടാൻ ഞങ്ങളെ പ്രാപ്തരാക്കേണമേ.

# പാലാ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിന് പുതിയ ആസ്ഥാനമന്ദിരം






**ഡോ. വി.വി. ജോർജുകുട്ടി**
**പ്രിൻസിപ്പൽ**

പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾക്ക് ആഗോളമികവു കൈവരിക്കത്തക്ക രീതിയിൽ ആധുനികസൗകര്യങ്ങളോടുകൂടി പണിതീർത്തിട്ടുള്ള പുതിയ ആസ്ഥാനമന്ദിരം പാലാ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിനെ കേരളത്തിലെ സിവിൽ സർവ്വീസ് പരിശീലനരംഗത്ത് തികച്ചും വ്യത്യസ്തമാക്കിയിരിക്കുന്നു. നാലു നിലകളിൽ അമ്പതിനായിരം ചതുരശ്രയടിയിൽ തീർത്തിട്ടുള്ള മന്ദിരം സെന്റ് തോമസ് കോളജ് കാമ്പസിനോടു ചേർന്നാണു പണികഴിപ്പിച്ചിട്ടുള്ളത്. ഒൻപത് അത്യാധുനിക ക്ലാസ്മുറികൾ, നൂറിലധികം സ്വയംപഠന കാബിനുകളോടുകൂടിയ വിപുലമായ ലൈബ്രറി, ക്ലാസ്സുകളും പരിശീലനപരിപാടികളും റെക്കോർഡ് ചെയ്യുന്നതിനുള്ള മീഡിയാ റും, ഉന്നതാധികാരികളും മറ്റു സിവിൽ സെർവന്റ്സുമായി സംവദിക്കുന്നതിനുള്ള കോൺഫറൻസ് ഹാളുകൾ, അഭിമുഖപരിശീലനത്തിനുള്ള അത്യാധുനിക സൗകര്യങ്ങൾ, ഗ്രൂപ്പ് ഡിസ്കഷനും കമ്പയിന്റ് സ്റ്റഡിക്കും ഉതകുന്ന തുറസ്സായ സ്ഥലങ്ങൾ എന്നിവയെല്ലാം ഒരുക്കിയിരിക്കുന്ന ഈ കെട്ടിടസമുച്ചയം രാജ്യത്തെതന്നെ ഏറ്റവും മികച്ച വിദ്യാർത്ഥിസൗഹൃദ പരിശീലനകേന്ദ്രമായി മാറുകയാണ്.

വിദ്യാർത്ഥിനീവിദ്യാർത്ഥികൾക്കു വേണ്ട എല്ലാ അടിസ്ഥാനസൗകര്യങ്ങളും ഏറ്റവും ഉന്നതമായ നിലവാരത്തിൽത്തന്നെ ഇവിടെ ഒരുക്കിയിരിക്കുന്നു. അക്കാദമിക് മെന്റേഴ്സിന് എല്ലാ നിലകളിലും ഓഫീസുകൾ സജ്ജമാക്കിയിരിക്കുന്നു. മികച്ച രീതിയിൽ കൗൺസലിങ് സേവനം ലഭ്യമാക്കുന്നതിനായി കൗൺസലേഴ്സ് റൂം ഒരുക്കിയിട്ടുണ്ട്. വിശാലമായ ഫാക്കൽറ്റി റൂമുകളും അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളും വിദ്യാർത്ഥികൾക്കു മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനെ ത്വരിതപ്പെടുത്തും. സെന്റ് തോമസ് കോളജിന്റെ പച്ചപുതച്ച വിശാലമായ കാമ്പസിനോടു ചേർന്നുനില്ക്കുന്ന ഈ മന്ദിരം ശുദ്ധവായുവും ശുദ്ധജലവും സമൃദ്ധമായി ലഭ്യമാക്കുന്ന പ്രകൃതിസൗഹാർദ പഠനകേന്ദ്രമാണ്. വിദ്യാർത്ഥികൾക്കു ലഭിക്കുന്ന നവോന്മേഷവും വർദ്ധിതോർജവും അവരുടെ ഓർമശക്തിയെയും ഗ്രഹണശേഷിയെയും മാനസിക-ശാരീരിക ആരോഗ്യത്തെയും പരിപോഷിപ്പിക്കുമെന്നത് ഈ കാമ്പസ് സന്ദർശിക്കുന്ന ഏവരും ഏകമനസ്സോടെ സമ്മതിക്കുന്ന കാര്യമാണ്. പാലാ-കോട്ടയം ഹൈവേയിൽനിന്നു 150 മീറ്റർ ഉള്ളിലായി സ്ഥിതിചെയ്യുന്ന പ്രകൃതിസൗന്ദര്യം നിറഞ്ഞ, ശാന്തിയും സമാധാനവും തളംകെട്ടിനില്ക്കുന്ന ഈ ലൊക്കേഷൻ കെട്ടിടനിർമാണത്തിനായി തിരഞ്ഞെടുത്തത് അഭിവന്ദ്യ കല്ലറങ്ങാട്ടു പിതാവാണ്. അദ്ദേഹത്തിന്റെ ദാർശനികവീക്ഷണവും വിദ്യാർത്ഥികളോടും നാടിനോടുമുള്ള കരുതലുമാണ് ഇതു വ്യക്തമാക്കുന്നത്. വിശാലമായ പാർക്കിങ് സൗകര്യം, ഓഡിറ്റോറിയം, ലഘുഭക്ഷണശാല, വിശ്രമസ്ഥലം മുതലായവ കാമ്പസിൽ ഒരുക്കിയിരിക്കുന്നു. പാലാ രൂപത ഇക്കഴിഞ്ഞ കുറെ വർഷങ്ങളായി വിദ്യാഭ്യാസ-ആതുരശുശ്രൂഷാ രംഗങ്ങളിൽ കൈവരിച്ചിട്ടുള്ള മുന്നേറ്റത്തിന്റെ ഏറ്റവും നവീനമായ മുഖമാണ് ഈ ഹൈടെക് ആസ്ഥാനമന്ദിരം. മന്ദിരത്തിന്റെ നിർമാണപ്രവർത്തനങ്ങൾക്ക് ഏറ്റവും കാര്യക്ഷമമായ നേതൃത്വം നല്കിയതും അഹോരാത്രം അദ്ധ്വാനിച്ചതും പ്രോ-മാനേജർ മോൺ. സെബാസ്റ്റ്യൻ വേത്താനമാണ്.

1998 ൽ അഭിവന്ദ്യരായ മാർ ജോസഫ് പവ്വത്തിൽ, മാർ ജോസഫ് പള്ളിക്കാപറമ്പിൽ, ദിവംഗതനായ മാർ മാത്യു വട്ടക്കുഴി എന്നിവരുടെ നേതൃത്വത്തിൽ. ഇന്റർ ഡയോസിഷൻ സെന്റർ ഫോർ ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റ് എന്ന ട്രസ്റ്റിന്റെ കീഴിലാണ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനമാരംഭിക്കുന്നത്. ചങ്ങനാശ്ശേരി ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം, പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ എന്നീ പിതാക്കന്മാരാണ് ഇപ്പോഴത്തെ രക്ഷാധികാരികൾ. മാനേജരായി മുൻ വികാരി ജനറാൾ ഫാ. ഫിലിപ്പ് ഞരളക്കാട്ട് പ്രവർത്തിക്കുന്നു. മഹാത്മാഗാന്ധി മുൻ വൈസ് ചാൻസലറും കേന്ദ്ര ന്യൂനപക്ഷക്കമ്മീഷൻ മുൻ അംഗവും രൂപത പാസ്റ്ററൽ കൗൺസിൽ പ്രസിഡന്റുമായ ഡോ. സിറിയക് തോമസ് ഡയറക്ടർ & ഡീൻ ആണ്. സെന്റ് തോമസ് കോളജ് ഇംഗ്ലീഷ് വിഭാഗം പ്രൊഫസർ ഫാ. മാത്യു ആലപ്പാട്ടുമേടയിൽ ജോയിന്റ് ഡയറക്ടർ & ഡീൻ ആയും സേവനം ചെയ്യുന്നു. ശൈശവംമുതൽ നാളിതുവരെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്ക് ഫലവത്തായ നേതൃത്വം നൽകുകയും വൈവിധ്യമാർന്ന പാഠ്യപദ്ധതികളിലൂടെ കേരളത്തിലെ ആദ്യത്തെ സിവിൽ സർവീസ് കേന്ദ്രമായി ഉയർത്തുകയും ചെയ്തതിൽ ഫാ. ഫിലിപ്പ് ഞരളക്കാട്ടിന്റെ പങ്ക് വലുതാണ്. പ്രൊഫ. ഐസക് തോമസ് ആയിരുന്നു ആദ്യ പ്രിൻസിപ്പൽ. തുടർന്ന് 12 വർഷക്കാലം പ്രൊഫ. ജോസഫ് വെട്ടിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രിൻസിപ്പലായിരുന്നു. അദ്ദേഹത്തിന്റെ ഊർജസ്വലമായ നേതൃത്വം ധാരാളം വിദ്യാർത്ഥികൾ ഉയർന്ന റാങ്കുപട്ടികയിൽ ഇടം നേടുന്നതിനിടയാക്കി. സെന്റ് തോമസ് കോളജ് വൈസ് പ്രിൻസിപ്പലും ഇഗ്ലീഷ് വിഭാഗം മേധാവിയുമായിരുന്നു ഡോ.മാത്യു ജോസഫ് ആരംഭം മുതൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അസോസിയറ്റ് പ്രിൻസിപ്പലും ഭാഷാപണ്ഡിതനും മലയാളവിഭാഗം തലവനുമായിരുന്ന ഡോ. ബേബി തോമസ് വൈസ് പ്രിൻസിപ്പലുമാണ്.

ഡിഗ്രിയും പി.ജിയും കഴിഞ്ഞവർക്കുള്ള ഫുൾ ടൈം കോഴ്സ്, കോളജ് പഠനത്തോടൊപ്പം പരിശീലനം നല്കുന്ന ത്രിവത്സര ആഡ് ഓൺ കോഴ്സ്, ഹയർ സെക്കൻണ്ടറി വിദ്യാർത്ഥികൾക്കുള്ള ഫൗണ്ടേഷൻ കോഴ്സ്, വർക്കിങ് പ്രൊഫഷണൽസിനുള്ള വാരാന്ത്യ ഓൺലൈൻ കോഴ്സ്, വിദേശമലയാളികൾക്കുള്ള ഓറിയന്റേഷൻ കോഴ്സ്, സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഓറിയന്റേഷൻ ക്യാമ്പുകൾ, കെ.എ.എസ്. പരിശീലന കോഴ്സ് എന്നിവയ്ക്കു പുറമേ സൗജന്യ ഇന്റർവ്യൂ കോച്ചിങ്ങും നടത്തിവരുന്നു. ഫുൾടൈം കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ഒരു വർഷത്തെ തുടർപഠനവും സൗജന്യമാണ്. ത്രിവത്സര ആഡ് ഓൺ കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ഒരു വർഷത്തെ ഫുൾടൈം കോഴ്സും സൗജന്യമാണ്. മത്സരപ്പരീക്ഷയിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്കുള്ള ഫീസാനുകൂല്യത്തിനുപുറമേ ബി.പി.എൽ, പട്ടികജാതി പട്ടികവർഗം, ഒ.ബി.സി, ദളിത് ക്രൈസ്തവർ എന്നീ വിഭാഗത്തിൽപ്പെട്ടവർക്ക് നിബന്ധനകൾക്കു വിധേയമായി പ്രത്യേക സ്കോളർഷിപ്പുകളും ലഭ്യമാണ്.

ഭാരതത്തിന്റെ സുപ്രധാന ഭരണനിർവഹണസ്ഥാ നങ്ങളിലെല്ലാം കേരളത്തിന്റെ സാന്നിധ്യമുണ്ടായിരുന്നു എന്നതു സത്യംതന്നെ. എന്നാൽ, 1997ൽ കേരളത്തിൽനിന്ന് ആരും ഐ.എ.എസ്. പരീക്ഷ പാസ്സാകാതിരുന്ന ഒരു സാഹചര്യമുണ്ടായി. സിവിൽ പരീക്ഷാകേന്ദ്രങ്ങൾ കേരളത്തിലില്ലാതിരുന്നതും ഡൽഹിപോലുള്ള വൻകിടനഗരങ്ങളിൽ മാത്രമുണ്ടായിരുന്ന പരിശീലനസൗകര്യങ്ങൾ പ്രയോജനപ്പെടുത്താനുള്ള സാഹചര്യമോ സാമ്പത്തികമോ പലർക്കും, വിശിഷ്യാ, കർഷകസമൂഹത്തിനില്ല എന്ന തിരിച്ചറിവുമാണ് ഈ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ സ്ഥാപകപിതാക്കന്മാരെ പ്രേരിപ്പിച്ചത്. സംസ്ഥാനത്തിന്റെ വിദ്യാഭ്യാസരംഗത്ത് എന്നപോലെതന്നെ സിവിൽസർവീസ് പരിശീലനരംഗത്തും സഭതന്നെ മുന്നോടിയായി.

1998 മുതലുള്ള പരിശ്രമത്തിന് 2002 ൽ ആദ്യഫലമുണ്ടായി. 2002 ൽ അശ്വതി എസ്. നെ 3-ാം റാങ്കോടെ ഐ.എ.എസിൽ എത്തിച്ചുകൊണ്ട് ആരംഭിച്ച ജൈത്രയാത്ര 2004 ൽ 4 -ാം റാങ്കുൾപ്പെടെ 4 പേരെയും 2005 ൽ 1-ാം റാങ്കുൾപ്പെടെ 3 പേരെയും 2006 ൽ 4 പേർ, 2007 ൽ 7 പേർ, 2008 ൽ 4 പേർ, 2009 ൽ 4-ാം റാങ്കുൾപ്പെടെ 11 പേർ എന്നിങ്ങനെ ഉയരങ്ങളിലേക്കു കുതിച്ചുകൊണ്ട് ഇൻസ്റ്റിറ്റ്യൂട്ട് സിവിൽ സർവീസ് പരിശീലനരംഗത്ത് രാജ്യത്താകമാനം നിറസാന്നിധ്യമായി മാറി. തുടർന്നുവന്ന 2010, 2011 വർഷങ്ങളിൽ 13 ഉം 23 ഉം പേരെ വിജയത്തിലെത്തിച്ച ഇൻസ്റ്റിറ്റ്യൂട്ട് 2012 ൽ 1, 2, 4 റാങ്കുൾപ്പെടെ 25 പേരെ വിജയപീഠത്തിലേക്കാനയിച്ച് സിവിൽ സർവ്വീസ് പരിശീലനരംഗത്ത് സമാനതകളില്ലാത്ത സാന്നിധ്യമായി. 2013 ൽ 26 ഉം, 2014 ൽ 30 ഉം, 2015 ൽ 23 ഉം, 2016 ൽ 48 ഉം, 2017 ൽ 23 ഉം, 2018 ൽ 24 ഉം 2019 ൽ 14 ഉം 2020 ന്റെ മഹാമാരിക്കു നടുവിലും 10 പേരെ ഇന്ത്യൻ സിവിൽ സർവ്വീസിലേക്ക് കൈപിടിച്ചുയർത്തി. 2020 ൽ നടന്ന ആദ്യ കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് (KAS) പരീക്ഷയിൽ 50 ഉദ്യോഗാർത്ഥികളെ റാങ്കുപട്ടികയിലെത്തിച്ചത് ഈ രംഗത്ത് താരതമ്യമില്ലാത്ത ഒരു തുടക്കമായി.

ഉന്നതമായ ദർശനങ്ങളുള്ള നേതൃത്വവും അനുഭവജ്ഞാനമുള്ള കാര്യനിർവഹണവും മികവാർന്ന അധ്യാപനവും ഒരു ശരാശരി വിദ്യാർത്ഥിയെപ്പോലും സിവിൽ സർവീസ് പട്ടികയിൽ ഇടംനേടാൻ പ്രാപ്തനാക്കുമെന്നു മാത്രമല്ല മൂല്യാധിഷ്ഠിതമായ ഒരു ഭരണക്രമം രാജ്യത്ത് നിലവിൽവരുന്നതിനെ ത്വരിതപ്പെടുത്തുകയും ചെയ്യും. അറിവിലും ജ്ഞാനത്തിലും ഉന്നതനിലവാരം പുലർത്തുന്ന വിദ്യാർത്ഥികളെ സിവിൽ സർവ്വീസിന് സംഭാവന ചെയ്ത് രാജ്യത്തിനും പ്രദേശത്തിനും ഒരു താങ്ങായി മാറാൻ ആത്മാർപ്പണം ചെയ്തിരിക്കുന്ന ഈ സ്ഥാപനത്തിന് രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ നല്ല മനസ്സുകളുടെയും സഹകരണവും പ്രോത്സാഹനവും ആവശ്യമാണ്. കഴിഞ്ഞകാലചരിത്രവും വരുംനാളുകളെക്കുറിച്ചുള്ള പ്രതീക്ഷയും ഒരുപോലെ തിളക്കമാർന്നതാണ്. ഭാരതത്തിന്റെ സുപ്രധാന ഭരണനിർവ്വഹണസ്ഥാപനങ്ങളിലേക്കുള്ള മലയാളിയുടെ യാത്രാരംഭം പാലായിൽനിന്നാകട്ടെ. ■




പാലാ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ ആസ്ഥാനമന്ദിരം ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്യുന്നു.

Deepanalam Weekly

RNI No : 16998/68
Vol. 54 No. 35 Date of Publication 25 November 2021
Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment
















Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org